# ദുഃഖവെള്ളിയാഴ്ച സന്ധ്യ

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

ഹാശാ-യാലടിയാരുടെ പിഴ തീ-ർത്തൊരു മശിഹാ

ഈ ശു-ശ്രൂഷയതേറ്റാശി-ഷമരുളണമേ.

ഗദ്യം :- ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽനിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ തമ്പുരാനേ-ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

പ്രാരംഭപ്രാർത്ഥന

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനൊ

(പാതകിപോൽ ഞങ്ങളെ ... എന്ന പോലെ)

1. മനുജത്വം-മനസ്സാ കൈക്കൊണ്ട്
ഞങ്ങൾ-ക്കായ് പീഡകളേറ്റൊരു
ദേവാ! ദയ ചെയ്തീടണമേ.
2. ഉപമകളും-സൂചനകളുമൻപാൽ
എഴുന്ന-ള്ളി സാർത്ഥകമാക്കിയ ദേവാ! ...
3. ഞങ്ങളെ ര-ക്ഷിപ്പാൻ പിഴയാളി-
ക്കൊപ്പം-വിധി നിലയേ നിന്നോൻ ദേവാ! ...
4. നൃപതികളും-വിധിനാഥന്മാരും
നിഹനി-പ്പാനാലോചിച്ചൊരു ദേവാ! ...



@FIOK*.MOC.KTYM

5. സകലത്തിൽ-വിധിപതിയായ് വാഴ്കേ
അന്യാ-യം വിധിയേറ്റോനേ! ദേവാ! ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. ചതിവിരുതൻ-ശിഷ്യൻ ക്രൂശകരാം
ആചാ-ര്യർക്കേൽപ്പിച്ചോനാം ദേവാ! ...
കുറിയേലായിസോൻ.

കർത്താവേ! ഞാൻ നിന്നെ വിളിച്ചു ... (പേജ് 4)

## എനിയോനൊ

(സ്ലീ മൊറിയൊബ് റഹമ്മേ ... എന്ന രീതി)

1. ദർശകരുടെ ദൃഷ്ടാന്തങ്ങൾ
ഈ സന്ധ്യയതിൽ നിറവേറി
ദർശന ഗൂഢരഹസ്യങ്ങൾ-
ക്കെല്ലാം സ്പഷ്ടതയുണ്ടായി.

2. സോദരരിൽ നിന്നെന്നെപ്പോൽ
ഒരു നിബിയെ ഞാൻ നിയമിക്കും
നിർണ്ണയമവനെ നിഷേധിപ്പോൻ
സംപ്രാപിച്ചീടും നാശം.

3. ദൈവമിവൻ താൻ നിബിയുമിവൻ
വൈദികനും താൻ ബലിയുമിവൻ
അർപ്പകനും സ്വീകർത്താവും
എല്ലാം നിറവേറ്റുന്നോനും.

4. ഇന്നാളന്തിയിൽ മാളികയിൽ
നാഥൻ പെസഹാ ഭക്ഷിച്ചു
ഭരമേൽപ്പിച്ച രഹസ്യത്തിൽ
ശിഷ്യന്മാർ സന്തോഷിച്ചു.

5. അപ്പം വാഴ്ത്തി നുറുക്കിക്കൊ-
ണ്ടിതു മമ തനുവെന്നുര ചെയ്താൻ



@FIOK*.MOC.KTYM

വീഞ്ഞിനു ശുദ്ധി വരുത്തിക്കൊ-
ണ്ടിതു മമ നിണമാണെന്നോതി.
ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. നാഥനുമടിയാരും ഭക്ഷി-
ച്ചാമർമ്മത്തിന്നംശികളായ്
സ്തുതി പാടീട്ടൊലിവിൻ മലമേൽ
ചെന്നുപദേശം കൈക്കൊണ്ടാർ.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

(കൂക്കോയോ എന്ന രീതി)

1. കർത്താവിന്നരുളപ്പാടാലുളവാ-യൊരു പെസഹാ
പന്തിരു ഗോത്രം ഭക്ഷിച്ചു മൂശാ-തൻ നാളിൽ
കർത്താവിന്നാ-ളന്തിയതാം നേരം
പന്തിയിരുന്നു-ഉയിരിൻ മേശയ്ക്കായ്
യാക്കോബിൻ ഗോത്രേ ജാതന്മാരാം-പന്തിരുവർ
അഴിവില്ലാതെന്നും നിലനിന്നീടും-രഹസ്യത്തെ
ഹാലേലുയ്യാ-ഘോഷിച്ചീടുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ

2. ഈ സന്ധ്യാനേരത്തുടയോൻ തൻ ശി-ഷ്യന്മാർക്കായ്
പുതിയവ കാണിച്ചേൽപ്പിച്ചാൻ നൽ സാ-ദൃശ്യങ്ങൾ
നിങ്ങൾ കാൺകേ-ഞാൻ ചെയ്തിട്ടുള്ള
ദൃഷ്ടാന്തങ്ങൾ-വിനയത്തൊടു ചെയ്‌വിൻ
പാർത്താലീവിധ കർമ്മങ്ങൾ ചെയ്യു-മ്പോൾ നിങ്ങൾ
മാമക ശിഷ്യന്മാരാണെ-ന്നെല്ലാരും തേറും.
ഹാലേലുയ്യാ ഉ ഹാലേലുയ്യാ. മൊറിയോ ...



@FIOK*.MOC.KTYM

## എത്രൊ

## വീണ്ടും കോലോ

1. ഈ സന്ധ്യയിൽ നമ്മുടെ കർത്താവ്/ തൃക്കൈകളിൽ തന്റെ ശരീരം എടുത്തു മുറിച്ച് ശ്ലീഹന്മാർക്കു നൽകി. തന്റെ രക്തത്തിന്റെ പാനപാത്രം കലർത്തി അവരെ കുടിപ്പിച്ചു. "നിങ്ങൾ ഒരുമിച്ചു കൂടുമ്പോഴെല്ലാം/ ഞാൻ നിങ്ങളെ കാണിച്ചപ്രകാരം ചെയ്യുവിൻ. എന്നിൽ വിശ്വസിക്കുന്ന എല്ലാ വർക്കും/ ഇത് കടങ്ങളുടെ പരിഹാരത്തിനും/ പാപങ്ങളുടെ മോചനത്തി നുമായിത്തീരും" എന്ന് അരുളിച്ചെയ്തു. ബാറെക്മോർ - ശുബഹോ - മെനഓലം

2. ഇന്നേദിവസം യൂദന്മാരും മഹാപുരോഹിതന്മാരും പ്രീശേന്മാരും/ തന്നെ ഏതു കാരണത്താൽ മരണത്തിനു വിധിക്കണമെന്ന്/ നമ്മുടെ രക്ഷകനെതിരായി ആലോചന നടത്തി. അപ്പോൾ യൂദാസ്കറിയോത്ത അവരോട്/ 'അവന്റെ വിലയായ ദ്രവ്യം എനിക്കു തരിക/ ഞാൻ അവനെ നിങ്ങൾക്ക് ഏൽപ്പിച്ചു തരാം' എന്ന് പറഞ്ഞു. സ്വന്തം ഗുരുവിനെ വിറ്റ്/ ആത്മഹത്യയ്ക്കുള്ള കയർ വാങ്ങിയവന് ഹാ! കഷ്ടം!

## ബോത്തെദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. കുഞ്ഞാ-ടായോ-നത്താഴ-ത്തിൽ
ശിഷ്യർ-ക്കായ് മെയ് ഭാഗിച്ചേ-കി
ഹാശാ കർമ്മം-വെളിവായ് കാട്ടി
പരമാ-ർത്ഥമെഴും കുഞ്ഞാടു-കളാ
വേർപാ-ടിങ്കൽ-ദുഃഖിതരാ-യി

2. ഇന്നാൾ സന്ധ്യ-യ്ക്കുടയോൻ ചൊന്നാൻ
തൻ ക്രൂശേറ്റ-ത്തെയോർത്തേവം
ന്യായം കൂടാ-തെന്നെക്കൊല്ലാൻ
ഏകൻ-തോഴൻ ജനവൃന്ദ-ത്തിൽ
സപ്രേന്മാർക്കാ-യേൽപ്പിച്ചീ-ടും.



@FIOK*.MOC.KTYM

3. വാന-ത്തോടങ്ങാഴത്തി-ന്നും
ഏകാ-ധിപനെ നാം വാഴ്ത്തേ-ണം
അവനാണെന്നും-സർവ്വാധീശൻ
എല്ലാ-ടത്തും-താൻ വാഴു-ന്നു
സ്തോത്രം-സർവ്വം കൈക്കൊള്ളു-ന്നു.
നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ!
മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മശി-ഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ
പ്രാ-ർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേ-ണം. ദേവാ! ...

1. ഈ-മർമ്മത്താൽ മർമ്മമശേഷം നിറവിൽ-വന്നു
പെസഹാ-ക്കയ്പിൻ പൊരുളെന്തെന്നും തെളിവായ്-തീർന്നു
ശി-ഷ്യന്മാരിൽ കയ്പുളവാക്കി വധവൃ-ത്താന്തം
പെസഹാ-ക്കുഞ്ഞാടിൻ സന്ധ്യയതോ കയ്പായ്-തീർന്നു. ദേവാ! ...

2. മൂ-ശാ നിബിതൻ പെസഹാക്കുഞ്ഞാടിൻ ബലി-മൂലം
സുത ഹാ-ശായെ സൂചിപ്പിച്ചൊരു ജനകൻ-സ്തുത്യൻ
വന്നി-ട്ടെല്ലാം നിറവേറ്റിയൊരപ്പുത്രൻ-വന്ദ്യൻ
നിഖിലം-ശുദ്ധീകൃതമാക്കീടും റൂഹാ-സ്തുത്യൻ. ദേവാ!...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

## ഏവൻഗേലിയോൻ

## (പെസ്ഗോമോ)

ഹാ-ഹാ-എന്നെ കാളകളനവധി വലയം ചെയ്തു
എന്നെ വളഞ്ഞു ബാശാൻ കൂറ്റന്മാർ. ഹാ-

വി. ലൂക്കോസ് 22 : 1 – 30

ഞങ്ങളുടെ കർത്താവേശുമിശിഹാ ... (പേജ് 11)


@FIOK*.MOC.KTYM

## കൗമാ

**ഹാശാ-യാലടിയാരുടെ പിഴ തീ-ർത്തൊരു മശിഹാ!**

**ഈ ശു-ശ്രൂഷയതേറ്റാശിഷ-മരുളണമേ.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# വെള്ളിയാഴ്ച സൂത്താറ

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ
ഹാശാ-യാലടിയാരുടെ പിഴ തീ-ർത്തൊരു മശിഹാ!
ഈ ശു-ശ്രൂഷയതേറ്റാശിഷ-മരുളണമേ.
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...
സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

## കോലോ

(കൂക്കോയോ എന്ന രീതി)

1. ഗോത്രാധിപനാമാദാമിൻ വിധി നീ-ക്കീടാനായ്
നമ്മുടെ കർത്താവീരാവിൽ വിധിഗേ-ഹേ നിന്നു
ഹാനാൻ കയ്യാ-പ്പാമാർ വിധി നൽകി
മരണാർഹൻ താ-നിവനെന്നാർത്തു ജനം
ദുഷ്ടന്മാരെ രക്ഷിപ്പാൻ ദൈവ-സുതൻ വന്നൂ
ആ ദുഷ്ടന്മാരുടെ കൈയാലിവയെ-ല്ലാമേറ്റാൻ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ.
ബാറെക്മോർ - ശുബഹോ - മെനഓലം

2. മരണത്തിനു ദൈവാത്മജനെ-ഏൽപ്പി-ച്ചീടാനായ്
വഴിയാരാഞ്ഞാൻ കയ്യാപ്പാ-വിസ്താ-രം തന്നിൽ
നിയമത്തെ ഇവൻ-ലംഘിപ്പതു കണ്ടു
ശാബതിൽ സൗഖ്യം-കുഷ്ഠാർത്തർക്കേകി
കള്ളന്മാരാം സാക്ഷികൾ നിന്നേവം-ചൊന്നതിനാൽ
മരണാർഹൻ താനിവനെന്നാജനമ-പ്പോഴാർത്തു
ഹാലേലുയ്യാ ഉ ഹാലേലുയ്യാ. മൊറിയോ റാഹേം ...



@FIOK*.MOC.KTYM

## വീണ്ടും കോലോ

1. ഇന്നേ ദിവസം തന്റെ ശിഷ്യന്മാരുടെ മുമ്പാകെ/ അവരെ താഴ്മ പഠിപ്പിക്കുവാൻ/ കുനിഞ്ഞ് അവരുടെ പാദങ്ങൾ കഴുകിയ ദൈവപുത്രനെ കണ്ട്/ മാലാഖമാർ അത്ഭുതപ്പെടുകയും/ അഗ്ന്യാത്മമയന്മാരായ ക്രോബേന്മാരുടെയും/ സ്രോപ്പേന്മാരുടെയും കൂട്ടങ്ങൾ ഭ്രമിച്ചിളകി വിറയ്ക്കുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ഇന്നേ ദിവസം ക്രൂശകരിൽ നിന്ന്/ സ്വന്തഗുരുവിന്റെ വില യൂദാ വാങ്ങി. ഇളകി ബഹളം കൂട്ടിക്കൊണ്ടിരുന്ന കൊലപാതകരെ ശാന്തരാക്കി/ എന്റെ ഗുരുവിനെ നിങ്ങളുടെ ആഗ്രഹപ്രകാരം/ ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചു തരാം എന്നുള്ള അവന്റെ വചനങ്ങളാൽ/ വഞ്ചകൻ ആ വഞ്ചകന്മാരെ ധൈര്യപ്പെടുത്തി.

## ബോത്തേദ് ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ചകളേറ്റം-ധന്യം നാ-ഥാ!

1. പാടേ-റും തൻ മൃതിയെപ്പ-റ്റി
ഇന്നാ-ളന്തി-ക്കുടയോൻ ചൊ-ന്നാൻ
കാരുണ്യം കൂ-ടാതങ്ങെന്നെ
ശിഷ്യ-രിലേക-ൻ സപ്രേന്മാർ-ക്കായ്
നിഹനി-ച്ചീടാ-നേൽപ്പിച്ചീടും.

2. ഇന്നാ-ളന്തി-ക്കുടയോൻ ചൊ-ന്നാൻ
ഇപ്പെസഹായേ-വം ഭക്ഷി-പ്പാൻ
നെടുനാളായി-കാംക്ഷിച്ചേൻ ഞാൻ
പിതൃഗേ-ഹജരാം-നിബിയന്മാർ-തൻ
വചനം-സർവ്വം-ഞാൻ നിറവേ-റ്റും.

3. കറതീ-ണ്ടാത്തോ-നാം കുഞ്ഞാ-ട്
തനുരക്തത്താൽ-നമ്മെ-വീണ്ടു
ആ നല്ലോനാ-മിടയൻ തന്നെ



@FIOK*.MOC.KTYM

സഭതൻ-കുഞ്ഞാടു-കൾ കീർത്തി-ച്ചു
വന്ദ്യൻ-താൻ താ-താത്മജറൂ-ഹാ.
നിൻവി-ധി ചെയ്തോർ-വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ.
മൊറിയോറാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ . ദേവാ! ...

1. ആ ജനതതി തയ്യാറാക്കി
സർവ്വവ്യാപിക്കായ് വസനം
വാനോർ പേടിക്കുന്നോനെ
ആചാര്യന്മാർ നിന്ദിപ്പൂ
തന്റെ ഹിതത്താൽ വന്നോനെ
കൊല്ലാനവർ വട്ടം-കൂട്ടി. ദേവാ! ...

2. താഴ്ചയിലേക്കാഗതനായ
മശിഹാ രാജാവേ സ്തോത്രം
പാവത്തെപ്പോൽ നീ പെസഹാ
ഭക്ഷിച്ചു പരഗേഹത്തിൽ
സ്തുതി നിൻ പേർക്കും പ്രേഷകനാം
താതന്നും റൂഹ്ക്കുദിശാ-യ്ക്കും. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാ-ജ്യേ. ദേവാ! ...


@FIOK*.MOC.KTYM

**കുറിയേലായിസോൻ കുറിയേ ... കുറിയേ ...**

**ഉയരപ്പെട്ടവന്റെ മറവിൽ ഇരിക്കുന്നവനും ... (പേജ് 14)**

**ഉയരപ്പെട്ടവന്റെ മറവിലിരിക്കുന്നവനായ ... (പേജ് 16)**

**കൗമാ**

**ഹാശാ-യാലടിയാരുടെ പിഴ തീ-ർത്തൊരു മശിഹാ**

**ഈ ശു-ശ്രൂഷയതേറ്റാശിഷ-മരുളണമേ.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**വിശ്വാസപ്രമാണം**



@FIOK*.MOC.KTYM

# ദുഃഖവെള്ളിയാഴ്ച രാത്രി

## ഒന്നാം കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

*ഹാശാ-യൊടു വ്യഥയാർന്നർത്ഥിച്ച-ർത്ഥനയാൽ*

*പ്രാർത്ഥന കൈക്കൊണ്ടാശിഷമി-ങ്ങേകണമേ*

**കർത്താവേ, കഷ്ടതയോടും ദുഃഖത്തോടും കൂടി നീ പ്രാർത്ഥിച്ച പ്രാർത്ഥനയാൽ ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.**

*(മൂന്നു പ്രാവശ്യം)*

*നാഥാ! തേ സ്തുതിയും ...*

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...*

*ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ... (പേജ് 20)*

**109 -ാം സങ്കീർത്തനം**

**എന്റെ മഹത്വത്തിന്റെ ദൈവമേ! നീ മൗനമായിരിക്കരുതേ. എന്റെ വൈരികൾ വ്യാജ നാവാലും വിദ്വേഷശബ്ദത്തിലും എന്നോടു സംസാരിച്ചു.**

**(ആദാം മക്കൾക്കു ... പോലെ)**

**1. മാനുഷപുത്രൻ ദുഷ്ടരുടെ**
**കൈകളിലേൽപ്പി-ക്കപ്പെടുവാൻ**
**സമയം വന്നു സോദരരേ!**
**ഉണർവ്വൊടെണീപ്പിൻ പ്രാർത്ഥിപ്പിൻ.**

**കുറിയേലായിസോൻ.**

**അവൻ നന്മയ്ക്കു പകരം ദോഷവും സ്നേഹത്തിനു പകരം വിദ്വേഷവും എനിക്കു നൽകി.**

**2. മൃതികരമാം മാ-ലേറുകയാൽ**
**ഞാൻ പ്രാർത്ഥിപ്പാൻ-പോകുന്നു.**
**ഉണർവ്വൊടിരിക്കുവിനെന്നഴലോ-**
**ടുടയോൻ ശിഷ്യരോടാ-യ് ചൊന്നാൻ.**

**കുറിയേലായിസോൻ**



@FIOK*.MOC.KTYM

**അവർ വിസ്തരിക്കപ്പെടുമ്പോൾ കുറ്റക്കാരായി പുറത്തുവരും. അവരുടെ പ്രാർത്ഥന പാപമായിത്തീരുകയും ചെയ്യും.**

**3. നിദ്രയെഴാത്തോ-രുണർവ്വുള്ളോൻ**
**പ്രാർത്ഥനയിൽ നി-ന്നീരാവിൽ**
**മരണക്കാസാ നീങ്ങിടുവാൻ**
**മാനവനെപ്പോല-ർത്ഥിച്ചു. കുറിയേലായിസോൻ**

**അവരുടെ മക്കൾ അനാഥരും/ അവരുടെ ഭാര്യമാർ വിധവകളും ആയിത്തീരട്ടെ.**

**4. സൗഖ്യം രോഗാ-ർത്തർക്കെല്ലാം**
**നൽകീടുകയാൽ-യൂദന്മാർ**
**ഈ രാവിൽ വാൾ വടികളുമായ്**
**യേശുവിനെതിരായ് ചെ-ന്നെത്തി. കുറിയേലായിസോൻ**

**അവരുടെ നാളുകൾ ചുരുക്കമായിത്തീരട്ടെ. അവരുടേതായി ശേഷിക്കുന്നത് അന്യന്മാർ എടുക്കട്ടെ.**

**5. മത്തുപിടിച്ചോളീ-രാവിൽ**
**കർത്ത്യസമക്ഷം-തല താഴ്ത്തി**
**യൂദന്മാരുടെ രാജാവേ**
**വന്ദനമെന്നാക്ഷേ-പിച്ചു. കുറിയേലായിസോൻ**

**അവരുടെ പിതാക്കന്മാരുടെ അന്യായം ഓർക്കപ്പെടട്ടെ. അവരുടെ മാതാക്കളുടെ പാപങ്ങൾ മങ്ങിപ്പോകാതിരിക്കുകയും ചെയ്യട്ടെ.**

**6. മശിഹായെ താ-നറിയില്ലെ-**
**ന്നാണയൊടുര ചെ-യ്തോൻ ശീമോൻ**
**നിലവിളി കൂട്ടിയൊരീരാവിൽ**
**കരയാത്തോനാ-രുണ്ടാകും. കുറിയേലായിസോൻ**

**എന്തുകൊണ്ടെന്നാൽ നന്മ ചെയ്യുവാൻ അവർ ഓർത്തില്ല. ദരിദ്രനെയും അഗതിയെയും ഹൃദയവേദനയിൽ ഇരിക്കുന്നവരെയും മരിക്കത്തക്കവണ്ണം അവർ പീഡിപ്പിച്ചു.**



@FIOK*.MOC.KTYM

7. കുരിശിനെ സാക്ഷി-ച്ചോർ കാവ്യർ
വെള്ളിദിനത്തിൽ-രക്ഷിതരായ്
ദൈവത്തെ കുരിശിച്ചോരീ
വെള്ളിയിലപരാധം-പേറി. കുറിയേലായിസോൻ

അവർ ശാപങ്ങളെ സ്നേഹിച്ചു. അനുഗ്രഹങ്ങൾ ഇഷ്ടപ്പെട്ടതുമില്ല. അസ്ത്രംപോലെ ശാപങ്ങൾ അവർ ധരിച്ചു. അവരിൽ വെള്ളം പോലെയും അവരുടെ അസ്ഥികളിൽ തൈലം പോലെയും അവ പ്രവേശിച്ചു. ബാറെക്മോർ. ശുബഹോ ... മെനഗാലം ...

8. പിഴയാളി കണ-ക്കീരാവിൽ
വിധി നിലയേ ദൈ-വം നിന്നു
ദാസന്റടിയേറ്റിഹ പാപ
ദാസർക്കേകി സ്വാതന്ത്ര്യം.

കുറിയേലായിസോൻ കുറിയേ ... കുറിയേ ...

**എക്ബൊ**

(എത്തയീർ ശാഹോറോ ... എന്ന രീതി)

ഉലകിൻ ര-ക്ഷാർത്ഥം വിധി നിലയേ പെട്ടു
ക്രൂശാരോ-ഹിതനാം ഉയിരായോൻ-സ്തുത്യൻ.
കുറിയേലായിസോൻ കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ ...
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

**പ്രുമിയോൻ**

**കോലോ**

(കൂക്കോയോ രീതി)

1. താതൻ തൻ വചനമതായോൻ വിധിനാ-ഥൻ മുമ്പിൽ
മിണ്ടീടാതൊരു കുഞ്ഞാടെന്നോണം-നില കൊണ്ടോൻ
താനടിയേറ്റു-സൃഷ്ടികൾ വിറ പൂണ്ടു
അഗ്നിമയന്മാർ-സംഭ്രമമതിലാണ്ടു



@FIOK*.MOC.KTYM

ക്രോബേന്മാർ തേരിൻ മറവിൽ ശരണം-പ്രാപിച്ചു
നാഥൻ ചൊന്നാനിവയെല്ലാം മനസ്സാ-ഞാനേറ്റു
ഹാലേലുയ്യാ നിർഭയരായ് മേവിൻ.
ബാറെക്മോർ. ശുബഹോ ... ഹാലേലുയ്യാ.

2. അരചൻ മശിഹാ വിധിഗേഹേ നിന്നീ-ടുന്നേരം
പ്രമുഖാചാര്യൻ കയ്യാപ്പാ ദൈവി-കനാമത്തിൽ
സത്യം ചെയ്തി-ട്ടേവം ചോദിച്ചു
നീ ദൈവത്തിൻ-വൃതനാം മശിഹായോ?
ഞാനാണെന്നുത്തരമുടയോനാചാ-ര്യന്നേകി
നിർത്തുക ദൈവിക ദൂഷണമെന്നുരചെയ്-താചാര്യൻ
ഹാലേലുയ്യാ തൻ വസ്ത്രം കീറി.
മൊറിയോ റാഹേം ...

## വീണ്ടും കോലോ

1. കല്ലടാവിൽ ഉറങ്ങുന്ന തന്റെ ശിഷ്യന്മാരെ വിട്ട്/ നമ്മുടെ കർത്താവ് പോയി പ്രാർത്ഥിച്ചു പറഞ്ഞു. പിതാവേ കഴിയുമെങ്കിൽ/ ഈ കാസാ എന്നിൽനിന്ന് നീങ്ങിപ്പോകണമേ. (എങ്കിലും) എന്റെ ഇഷ്ടം പോലെയല്ല/ നിന്റെ ഇഷ്ടം പോലെയാകട്ടെ. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ആ നാഴികയിൽ കർത്താവ് ക്രൂശകരോട്/ കള്ളന്റെ നേരെയെന്നപോലെ നിങ്ങൾ എന്റെ നേരെ പുറപ്പെട്ടിരിക്കുന്നുവോ? അന്ധകാര പുത്രന്മാരും സത്യദ്വേഷികളുമേ, അനുദിനവും ദേവാലയത്തിൽ നിങ്ങളോടു കൂടെ ഞാൻ ഉണ്ടായിരുന്നിട്ടും/ നിങ്ങൾ എന്നെ പിടിച്ചില്ലല്ലോ എന്ന് പറഞ്ഞു

## ബോത്തേദ് ഹാശോ

ഞങ്ങൾ-ക്കായ്-നീ ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. ഈ രാ-വിൽ ശി-ഷ്യർ, ക്രൂശി-പ്പോർ
രക്ഷി-പ്പോനും-നിദ്രവെടി-ഞ്ഞു
കൊന്നീടാനായ്-ക്രൂശിപ്പോരും
ഓടി-യൊളിപ്പാൻ-ശ്ലീഹന്മാ-രും
സൈത്തിൻ ഗിരിമേൽ-ദൈവാത്മ-ജനും.

2. ഈ രാ-വിൽ ത-ന്നെ ഒരു ശി-ഷ്യൻ
യൂദർ-ക്കായ് കാ-ട്ടിടുമെന്നേ-വം
തെളിവായ് നാഥൻ-ചൊന്നൊരു നേരം
വലഭാ-ഗത്തിൽ-നിർമ്മലരാ-കും
കുഞ്ഞാ-ടുകളേ-റ്റം ഖേദി-ച്ചു.

3. ഈ രാ-വിൽ തോ-പ്പിൽ പ്രാർത്ഥി-ച്ചാൻ
കനിതി-ന്നോളാം-ഹവ്വായ്ക്കായി
പാപം ചെയ്യാ-ത്തോനാം നാഥൻ
അറിവിൻ-തരുവിൻ-കനിതൽസ്ഥാ-നേ
കർത്താ-വുയിരിൻ-തരുവായ് നി-ൽപ്പൂ.

4. ഈ രാ-വിൽ വ-ഞ്ചകനാം യൂ-ദാ
ഗുരുനാ-ഥൻ തൻ-വില വാങ്ങി-ച്ചു
തൻ വരവിൽ വാ-ഗ്ദാനം പോലെ
അഭിലാ-ഷം സാധിച്ചതിനാ-ലെ
ദുഷ്ടാ-ത്മാക്കൾ-സന്തോഷി-ച്ചു.

നിൻ വി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ!
പ്രാർത്ഥന-കേട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേ-ണം. ദേവാ!..

1. ആ പ്രാ-ർത്ഥന തൻ പൊരുളിന്നുള്ളൊരു മാഹാ-ത്മ്യ-ത്താൽ
എന്തർ-ത്ഥിക്കണമെന്നറിയാതെയവർ നിദ്ര-യിലാ-ണ്ടു



@FIOK*.MOC.KTYM

സന്താ-പത്താലാ ശിഷ്യന്മാർ അലസ-ന്മാ-രായ്
പ്രാർത്ഥി-പ്പാനായവരെ വീണ്ടും നാഥ-നുണർ-ത്തി
ഭാര-പ്പെട്ടതിനാലവർ വീണ്ടും നിദ്ര-യിലാണ്ടു. ദേവാ! ...

2. അവതാ-രത്തിൽ മുട്ടിന്മേൽ നിന്നീ ഞ-ങ്ങൾ-ക്കായ്
പ്രാർത്ഥി-ച്ചോനേ പ്രാർത്ഥന കൈക്കൊൾ-വോനേ സ്തോത്രം
താത-നൊത്തോൻ ദൈവം നരനായ്ത്തീർന്നെ-ന്നേ-വം
കാണി-പ്പാനായ് പ്രാർത്ഥിച്ചോനേ നാഥാ-സ്തോ-ത്രം. ദേവാ! ...

3. താൻ സ-മ്പൂർണ്ണം നമ്മൾക്കൊത്തോനാണെ-ന്നേ-വം
പുത്രൻ-ദൈവം താതസമക്ഷം വെളിവാ-യ് കാട്ടി
താത-നൊപ്പം പ്രാർത്ഥനയെ കൈക്കൊണ്ടീ-ടു-ന്നോൻ
നമ്മൾ-ക്കൊപ്പം സങ്കടപൂർവം പ്രാർത്ഥി-ച്ച-ല്ലോ. ദേവാ!..
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

## എവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-എന്നെ ചുറ്റി നായ്ക്കളനേകം
എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാ-

വി. മത്തായി 26 : 31 - 46

## രണ്ടാം കൗമാ

വിധിഗേ-ഹേ നിന്നെ നയിച്ച സ്നേഹമതാൽ
വിധിയിൽ-ചേർക്കരുതേ പിഴകൾ-ഓർക്കരുതേ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

## എക്ബൊ

**(കുംപൗലോസ് രീതി)**

**പകയൊടു ദുഷ്ടന്മാർ-വിധി ചെയ്തോൻ ധന്യൻ**

**ബലിയായോൻ ധന്യൻ-രക്ഷിപ്പാനായ്.**

കുറിയേലായിസോൻ കുറിയേ ... കുറിയേ ...

ഞങ്ങളുടെ കർത്താവേ ...

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**(കൂക്കോയോ രീതി)**

**1. ചെന്നാൻ യൂദഭടന്മാർ ചേർന്നീരാ-വിൽ യൂദാ**
**യേശുവിനെ ബന്ധിച്ചയ്യോ മരണ-ത്തീർപ്പേകാൻ**
**സവിധേ ചെന്നി-ട്ടുടയോൻ ചോദിച്ചു**
**വാൾ വടികളുമായ്-ആരെ ആരായ്‌വൂ**
**നേതാക്കളെയങ്ങുപമകളാൽ-തോൽപ്പി-ച്ചോനാകും**
**തച്ചന്റെ മകൻ നസറായൻ യേശു-വിനെയെന്നാർ**
**ഹാലേലൂയ്യാ അവനെ ക്രൂശിപ്പാൻ.**
**ബാറെക്മോർ. ശുബഹോ ... ഹാലേലൂയ്യാ.**

**2. നീതിമഹാർക്കൻ തൂണിന്മേൽ കെട്ട-പ്പെട്ടോ-നായ്**
**ഈ രാവിൽ ഹന്നാൻ തന്റെ-സന്നി-ധിയിൽ നി-ന്നാൻ**
**ആഴിയെ മണലാൽ-ബന്ധിച്ചോരു നാഥൻ**
**ദുഷ്കർമ്മി സമം-നിന്ദിതനായ് കാൺകേ**
**ഗബ്രിയേൽ മീഖായേലും ഹാ! സം-ഭ്രമമാ-ർന്നു**
**തെറ്റിയൊരാദാമിൻ പേർക്കാണിവയെ-ല്ലാം ത-ന്നെ**
**ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.**

**മൊറിയോ റാഹേം ...**



@FIOK*.MOC.KTYM

## വീണ്ടും കോലോ

1. കർത്താവ് തന്റെ ശിഷ്യന്മാരോട് അത്താഴസമയത്ത്/ നിങ്ങളെല്ലാവരും എന്നോട് വിരുദ്ധപ്പെട്ട്/ എന്നിൽനിന്ന് ഓടിപ്പോകും എന്നരുളിച്ചെയ്തു. ശെമഓൻ കീപ്പാ തന്നോട്/ കർത്താവേ, നിനക്ക് അങ്ങനെ ഭവിക്കരുതേ,/ നിന്നോടൊന്നിച്ച് മരിക്കേണ്ടി വന്നാലും/ ഞാൻ നിന്നെ ഉപേക്ഷിക്കയില്ല എന്ന് പറഞ്ഞു. താൻ അവനോട് ശെമഓനേ നീ ആണയിടേണ്ടാ. എന്തെന്നാൽ ഈ രാത്രിയിൽ നീ എന്നെ തള്ളിപ്പറയും എന്നരുളിച്ചെയ്തു. അവന്റെ അനുതാപത്തെ കൈക്കൊള്ളുകയും/ അവനോട് കരുണ ചെയ്കയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. വഞ്ചകനും മോഷ്ടാവുമായ യൂദാ/ യേശുതമ്പുരാനെതിരായി സപ്രേന്മാരുടെയും മഹാപുരോഹിതന്മാരുടെയും അടുക്കൽനിന്ന്/ പടജനത്തെ കൂട്ടിക്കൊണ്ട് പുറപ്പെട്ടു. സർവ്വ സൃഷ്ടികളുടെയും മഹാപ്രകാശമായവനെ ഏൽപ്പിച്ചു കൊടുക്കുവാൻ/ അന്ധകാരത്തിന്റെ പാളയത്തോടൊന്നിച്ച് അവൻ വന്നു. അവൻ തന്നെ സമീപിച്ചു ചുംബിച്ചു കൊണ്ട്/ 'ഗുരുവേ! സമാധാനം' എന്ന് പറഞ്ഞു. ക്രൂശകർ തന്നെ പിടിച്ചു/ ദൈവം തന്റെ വരവിന്റെ ദിവസത്തിൽ അവരെ ന്യായം വിധിക്കും.

## ബോത്തേദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. ഈ രാ-വിൽ നേ-രറ്റോൻ ശി-ഷ്യൻ
വാങ്ങി-ഗുരുവിൻ മൂല്യം തൂ-ക്കി
'ഞാൻ ചുംബിക്കു-ന്നോനാണേശു
അവനെ-നിങ്ങൾ പിടികൂടേ-ണം'
അടയാ-ളമവർ-ക്കേവം ചൊ-ന്നാൻ.

2. ഗുരുവിൻ-വില-വാ-ങ്ങിയ യൂദാ-തൻ
വൃത്താ-ന്തം വി-ശ്രുതമായ-പ്പോൾ
ആ സംഘത്തെ-വേർപെട്ടാശു
ഇരുളിൻ-സുതർതൻ-നിരയിൽ ചേ-ർന്ന്
നരക-ത്തിനു-യോഗ്യതയാർജ്ജി-ച്ചാൻ.



@FIOK*.MOC.KTYM

3. ഈ രാ-വിൽ വാ-രിധി വിധിയേ-ൽപ്പാൻ
മണ്ണാ-യോൻ തൻ-മുമ്പിൽ-നിന്നു
തിരമാലകളെ-പാട്ടിൽ നിർത്തി
അത്യു-ന്നതമാം-തിരയാലാ-ഴി
പൂഴി-പ്പൊടിയെ-ദ്രോഹിച്ചി-ല്ല
നിൻ വി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ. ദേവാ! ...

1. അപ്പം മുക്കി ശീമോൻ തൻ
സുതനാം യൂദയ്ക്കായ് നൽകി
അവനിൽ സാത്താൻ കുടിയേറി
ക്രൂശകരെക്കൊണ്ടഥ വന്നൂ
നിന്ദ്യമതാമിരുൾ രാവിന്റെ
സഖിയാം നിഴലിനു വഴി കാട്ടി
യൂദാ ദുഷ്ടവിചാരത്താൽ
തേജോനിധിയെ ചും-ബി-ച്ചു ദേവാ! ...

2. അധരത്തിന്മേൽ ശാന്തിയതും
ഉള്ളിൽ കൂരിരുളും മേവും
ഇരുളായോൻ കതിരോൻ വായിൽ
തൊട്ടധരം നിഷ്പ്രഭമായി
ഗുരുവേ! ശ്ലോമെന്നുര ചെയ്കേ
ദുഷ്ടന്മാർ വലയം ചെയ്തു
എൻ ശിഷ്യാ എന്നോടു പറയൂ
എന്തൊരു കുറവു നിന-ക്കു-ണ്ടായ്? ദേവാ! ...


@FIOK*.MOC.KTYM

3. എന്നെ നിരസിച്ചീടായ്വാൻ
എന്തു നിനക്കേകീടേണം
എന്നെ കുരിശിൽ കൊന്നിടുവാൻ
കയ്യാപ്പ നിനക്കെന്തേകി
സ്വർണ്ണം വൈദികരെന്തേകി
ഹന്നാനെത്ര പണം നൽകി
ഈ വകയല്ലയ്യോ പാർത്താൽ
ശിഷ്യന്മാരുടെ കർ-ത്ത-വ്യം. ദേവാ! ...

4. ആ സോദരരെ വേർപിരിയാൻ
നിന്നെയിന്നാർ വഞ്ചിച്ചു
ഘാതകരെത്താലോലിച്ചാൻ
വലഭാഗത്തിന്നവകാശി
വൈരികളൂതുകയാൽ തീയാം
സുന്ദരദീപം കെട്ടല്ലോ
നൗക നശിച്ചു വ്യാപാരം
നഷ്ടമതായി ഹാ!-കഷ്ടം. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ. ദേവാ! ...

## മദറോശോ

(കുംപൗലോസ് രീതി)

1. അടിയിടയൻ കൊണ്ടു-ആടുകളോടിപ്പോയ്
ശ്ലീഹന്മാർ വെമ്പി-ചിതറിപ്പോയി
കാണിച്ചാൻ യൂദാ-കുരിശിക്കുന്നോർക്കായ്
ആണകളാൽ ശീമോൻ-തള്ളിച്ചൊല്ലി



@FIOK*.MOC.KTYM

അഗ്നിമയന്മാരും-ഭ്രമമധികം പൂണ്ടു
ശിഷ്യരൊളിച്ചോടി-മൗനം പൂണ്ടാ-ത്മീ-യ-ന്മാർ
ഈ വിധമാം ക്ലേശം-ക്രൂശകരിന്നേൽപ്പാൻ
തിരുഹിതമുണ്ടായോൻ-നിത്യം സ്തുത്യൻ.

2. പകലായോനെ ഈ-രാവിൽ ബന്ധിച്ചു
അവനുടനെ നീക്കി-കതിരുകളെല്ലാം
ഇടയനെ വെട്ടീടാൻ-ഖഡ്ഗമെഴുന്നേറ്റു
നിർന്നിദ്രം പ്രാർത്ഥി-ച്ചാനുണർവ്വുള്ളോൻ
മൃതിയെ ലാക്കാക്കി-യാനം ചെയ്തപ്പോൾ
മാർഗ്ഗത്തിൽ ക്ഷീണി-ച്ചാ-വീരൻ സ്വേദം-തൂ-കി
പരമുണർവ്വുള്ളോനേ-വിധിഗേഹം തന്നിൽ
കാണുന്നോരാരീ-രാവിലുറങ്ങും?

3. സൃഷ്ടികളെയെല്ലാം-ബന്ധിച്ചോൻ നിന്നാൻ
ഹന്നാൻ തൻ ഗേഹേ-ബദ്ധനതായി
സീമകളെ ആംഗ്യ-ത്താൽ പേറീടുന്നോൻ
വാക്കാൽ വാനോരിൽ-ഭ്രമമേറ്റുന്നോൻ
മുടിയരചന്മാർക്കും-വിധിനാഥന്മാർക്കും
മുടയുന്നോൻ താഴ്ത്തി-വിധിപതി മുമ്പിൽ-തൻശീർഷം
കുറ്റം ചെയ്തോരെ-വിജയിപ്പിക്കുന്നോൻ
വിധിചെയ്യപ്പെട്ടോൻ-ഈശൻ സ്തുത്യൻ.

4. വധമേൽപ്പാൻ പോകും-ജീവസുതൻ നാഥൻ
പ്രാർത്ഥിപ്പാൻ ചെന്നു-താതസമക്ഷം
താൻ ബലിയായ്ത്തീരാൻ-അക്കുഞ്ഞാടാശു
കത്തിയെ ലാക്കാക്കി-മെല്ലെ നടന്നു
അവനുടെ വീര്യത്താൽ-വിറ കൊൾവൂ ലോകം
സ്വയമർപ്പിച്ചപ്പോൾ-ക്രൂശകരവനെ-ബ-ന്ധി-ച്ചു



@FIOK*.MOC.KTYM

ആദാമിൻ പേർക്കായ്-മൃതിയേൽപ്പാനേവം
താഴ്മ വരിച്ചോൻ സം-സ്തുത്യൻ നൂനം.

5. വിധിനിലയേ നാഥൻ-നിശ്ശബ്ദം നിൽക്കേ
വിവശതയാൽ നോക്കി-നിർമ്മല നിന്നു
സ്നേഹിതനങ്ങില്ല-ശിഷ്യനുമങ്ങില്ല
മാറിലടിച്ചേവം-ചൊന്നാളപ്പോൾ
പാർത്താൻ താതന്നും-മാതാവായോൾക്കും
ഏകസുതാ നിൻപേർ-ക്കെങ്ങനെ ഞാൻ രോ-ദി-ക്കേ-ണ്ടു
കഠിനം! നിൻ ഖേദം-സംഘമതായ് കേഴാൻ
എൻ സ്വാധീനത്തിൽ-നിപുണകളില്ല.

6. പ്രവചിക്കുന്നോരെ-നീതിപരന്മാരെ
കൊല ചെയ്യുന്നോളേ! യേരുശലേമേ!
അയ്യോ! നീ ഏവം-പ്രതികാരം ചെയ്യാൻ
എൻ സുതനാം ദൈവം-എന്തിഹ ചെയ്തു?
അത്ഭുതമായ് നീക്കി-നിൻ മിസറേം ദാസ്യം
ആഴി പകുത്തൻപാൽ-നിന്നെ മറച്ചു മേ-ഘ-ത്താ-ൽ
നിൻ ദാസ്യം തീർത്തോ-നീ വിധിഗേഹത്തിൽ
ബന്ധനമേകീടാൻ-കാരണമെന്ത്?

7. അവൾ കയ്യാപ്പാ തൻ-മുറ്റത്തായ് നിന്നു
മൗലി കുനിച്ചേവം-കേണു പറഞ്ഞു
എന്നേകാത്മജനെ-വിധി ചെയ്യുന്നോനേ
ഈ വിധി ലോകത്തിൽ-നിലനിൽക്കില്ല
അവനെ ക്രൂശിപ്പാൻ-പിഴയാരോപിച്ച
വൈദികർ തേജസ്സും-പുണ്യമതും-ദർ-ശി-ക്കി-ല്ല
അവനെ ശിക്ഷിച്ച-ബലിപീഠം തന്നിൽ
ഇനിയുണ്ടാകില്ല-പാപവിമുക്തി.



@FIOK*.MOC.KTYM

8. യൂദന്മാരേ ഇ-ന്നേകനതാം സൂനു
ഏതപരാധത്താൽ-ശിക്ഷിതനായി?
കൽപ്പനയാൽ സൗഖ്യം-കുഷ്ഠാർത്തർക്കേകി
രോഗികളായോർക്കും-സ്വസ്ഥത നൽകി
വഴിയിൽ വച്ചേകി-ഉയിർ വിധവാപുത്ര-
ന്നഴുകിപ്പോയോനാം-ലാസറിനെ-എഴുന്നേ-ല്പി-ച്ചു
വിധിനിലയേ-നിന്നി-ട്ടവനെന്തിന്നിപ്പോൾ
നിർദ്ദയമീവണ്ണം-മർദ്ദിതനായി?

9. തൻമെയ്ക്കുപ്പായം-കീറിയെറിഞ്ഞോനാം
കയ്യാപ്പായേതും-ശുദ്ധിയെഴാത്തോൻ!
നീതിയുണർന്നേവം-ലേവികുലത്തിന്റെ
പൗരോഹിത്യത്തെ-പാടേ നീക്കി
അതു ഗിരി ഹോറേബിൽ-മോശയ്ക്കായ് നൽകി
കയ്യാപ്പാ കീറി-പൗരോഹി-ത്യത്തി-ൻ വ-സ്ത്രം
കുറ്റം ചാർത്തീടാൻ-മറ്റൊന്നും വേണ്ടെ-
ന്നന്നേരം നേരേ-ദൂഷിയും ചൊന്നു.

10. കൈശോഷിച്ചോന്-നൽസൗഖ്യം നൽകി
ശാബതു ലംഘിച്ചോൻ-ഈ മനുജൻ താൻ
വിധി കർത്താവേ നീ-അവനെ ക്രൂശിക്ക
അവനേകാനില്ല-മറ്റൊരു കൂലി
ബറബാസിന്നാശു-വിടുതൽ നൽകേണം
നിയമങ്ങൾ സർവ്വം-ലംഘിച്ചോ-നെ-ക്രൂ-ശി-ക്ക
അവനെ വിധീശാ നീ-ക്രൂശു ചുമപ്പിക്ക
കൊല്ലാൻ യൗസേപ്പിൻ-സുതനെ തരിക.

11 നിലകൊണ്ടാൻ കുഞ്ഞാ-ടവരുടെ മദ്ധ്യത്തിൽ
അവരവനെ ക്രൂരം-ക്ഷതമേൽപ്പിച്ചു!



@FIOK*.MOC.KTYM

കൊലചെയ്‌വോൻ മുമ്പിൽ-കുഞ്ഞാടെന്നോണം
സൗമ്യതയിൽ നിന്നാൻ-മിണ്ടീടാതെ
ഉരിയാടാതാടെ-ന്നോണം നിന്നാനെ-
ന്നേശായ ചൊന്ന-വചനം മുറ്റും-നേ-രാ-യി!
ദൈവത്തിൽ കുഞ്ഞാ-ടെന്നാ യോഹന്നാൻ
ചൊന്നതുമന്നേരം-നിറവിൽ വന്നു!

**ഏവൻഗേലിയോൻ**

(പെസ്ഗോമോ)

ഹാ-ഹാ-എന്നെ ചുറ്റി നായ്ക്കളനേകം
എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാ-

വി. മർക്കോസ് 14 : 27 - 52

**മൂന്നാം കൗമാ**

വിധിയാൽ-വിധിതീർപ്പിനെ മായി-ച്ചോൻ മിശിഹാ
വിധിയിൽ-ചേർക്കരുതേ, പിഴകൾ ഓർ-ക്കരുതേ.

(അല്ലെങ്കിൽ)

തന്റെ വിസ്താരത്തിൽ ന്യായത്തീർപ്പിനെ അസ്ഥിരപ്പെടുത്തിയവനായ മിശിഹാതമ്പുരാനേ, ന്യായവിധിയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കുകയും, ഞങ്ങളുടെ കടങ്ങൾ ഓർക്കുകയും ചെയ്യരുതേ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**എക്ബൊ**

(ഹോനൗയർഹോ ... എന്ന രീതി)

ഞങ്ങൾക്കായ് പാ-ടേറ്റോനാം ദൈ-വസുതാ തേ-
സ്തോ-ത്രം ചെയ്യുന്നു.

.കുറിയേലായിസോൻ കുറിയേ ... കുറിയേ ...
ഞങ്ങളുടെ കർത്താവേ ...
സ്തൗമെൻകാലോസ് കുറിയേലായിസോൻ.


@FIOK*.MOC.KTYM

## പ്രുമിയോൻ

## കോലോ

**(കൂക്കോയോ രീതി)**

**1. കോഴിക്കൂവൽ കേട്ടപ്പോൾ ശീമോ-നാം കീപ്പാ**
**വെളിയിൽച്ചെന്നെല്ലാമോർത്തോർത്തുച്ച-ത്തിൽ കേണു**
**ഇന്നലെയീ ഞാൻ-വാനോർതൻ തോഴൻ!**
**ഇന്നയ്യയ്യോ!-ക്രൂശകരുടെ തോഴൻ!**
**ദാവീദുസുതാ! പിഴപെട്ടേൻ മാപ്പേ-കീടേണം**
**നിന്നെ വിളിച്ചു ഞാൻ കടലിൽ, നീ ഉ-ത്തരമേകി**
**ഹാലേലുയ്യാ-കനിവുണ്ടാകിപ്പോൾ.**
**ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.**

**2. ശിഷ്യവരൻ കയ്യാപ്പാ തൻ മുറ്റ-ത്തായ് നിന്നി-**
**ട്ടതികഠിനം രോദിച്ചേവം ചൊന്നാ-നന്നേരം**
**ശ്ലീഹന്മാരേ! മൂന്നുരു മശിഹായെ**
**തള്ളിച്ചൊന്നേൻ-എൻപേർക്കർത്ഥിപ്പിൻ**
**ഈയപരാധത്താൽ പാരും വാനും-വിലപിക്കും**
**നാഥൻ വാതിലടച്ചാൽ ഞാനെങ്ങ-ഭയം തേടും**
**ഹാലേലുയ്യാ കനിയണമേ നാഥാ. മൊറിയോ റാഹേം ...**

## വീണ്ടും കോലോ

**1. കർത്താവേ/ ഈ രാത്രിയിൽ ദുഷ്ടന്മാർ അടുത്തുവന്ന് നിന്നെ പിടിക്കുകയും/ ശിഷ്യന്മാർ നിന്നെ വിട്ട് ഓടിപ്പോകുകയും ചെയ്തു. ദോഷികൾ നിന്നെ വളഞ്ഞു./ കൊലപാതകരെ എന്നപോലെ/ അവർ നിന്നെ കൊണ്ടുപോയി വിധിച്ചു./ തുപ്പലാൽ അവർ തിരുമുഖത്തെ അശുദ്ധപ്പെടുത്തി. എല്ലാവിധ പരിഹാസങ്ങളാലും/ നിന്റെ ചെവികൾ അവർ നിറച്ചു. ഞങ്ങളെ രക്ഷിപ്പാൻ ഞങ്ങളുടെ വർഗ്ഗത്തിനുവേണ്ടി/ ഇവയെല്ലാം സഹിച്ചവനായുള്ളോവേ നിനക്കു സ്തുതി. ബാറെക്മോർ. ശുബഹോ ... മെനഓലം ...**



@FIOK*.MOC.KTYM

**2. ആദാം തോട്ടത്തിൽവച്ച് ഉരിഞ്ഞുകളഞ്ഞ വസ്ത്രങ്ങൾക്കു പകരം/ ഈ രാത്രിയിൽ ദുഃഖവസ്ത്രങ്ങൾ അവർ നിന്നെ ധരിപ്പിച്ചു. ആദാം തോട്ടത്തിൽവച്ച് ദുഃഖം നിറഞ്ഞവനായി,/ നീയും തോട്ടത്തിൽവച്ച് ദുഃഖം ധരിച്ചു. നിന്റെ സ്നേഹം ഇവയ്ക്കു നിന്നെ നിർബന്ധിച്ചു./ തന്റെ ദാസർക്കുവേണ്ടി കഷ്ടപ്പാടുകൾ കരുണയോടെ സഹിച്ച നാഥൻ വാഴ്ത്തപ്പെട്ടവനാകുന്നു.**

## ബോത്തേദ് ഹാശോ

**ഞങ്ങ-ൾക്കായ്-നീ ഏറ്റൊരു പീ-ഡാ**
**താഴ്ച-കളേറ്റം-ധന്യം നാ-ഥാ!**

**1. യൂദാ-ഒറ്റി-ശീമോൻ ത-ള്ളി**
**ആചാ-ര്യന്മാ-രാക്ഷേപി-ച്ചു**
**തല്ലി തലയിൽ-തുപ്പി വ-ദനേ**
**കോപി-ക്കാതെ-ല്ലാ മേറ്റോ-നാം**
**പുത്രൻ-തൻ കാ-രുണ്യം സ്തു-ത്യം.**

**2. ഈ രാ-ത്രിയിലാ-ശിഷ്യന്മാർ-തൻ**
**നേതാ-വോടാ-സ്ത്രീയുര ചെ-യ്തു**
**തൻശിഷ്യൻ താൻ-നീയെന്നേവം**
**യേശു-വിനെ ഞാ-നറികി-ല്ലെന്ന്**
**സത്യം-ചൊല്ലി-തള്ളിച്ചൊ-ന്നാൻ.**

**3. ദ്യുതിയിൽ-വാഴും ദ്യുതിപതി-തന്നെ**
**വിധി ചെ-യ്താർ ദീ-പത്തിൻ മു-മ്പിൽ**
**ആ തേജസ്സിൻ-സാന്നിദ്ധ്യത്തിൽ**
**സ്ഥാനം-വഹിക്കി-ല്ലെന്നാ-ലും**
**ക്ഷമയോ-ടെല്ലാ-മേറ്റോൻ സ്തു-ത്യൻ.**

**4. താത-ന്നൊപ്പം റൂഹാ സ-ഹിതം**
**വന്ദ്യൻ-പാരം-യാതനയേ-റ്റു**
**ശിഷ്യരിലൊരുവൻ-നിന്നെയൊറ്റി**
**അപരൻ-തള്ളി-നിന്ദിച്ചു-ജനം**
**നിന്തിരുനാമം-സ്തുത്യം നിത്യം.**



@FIOK*.MOC.KTYM

നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ.മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേ-ണം. ദേവാ!...

1. ശീ-മോൻ കൂറാൽ വിസ്താരം കാണാനായ്-പോയി
അന്യൻ-പോലെ ക്രൂശകരിടയിൽ കൂടി-ക്കൊ-ണ്ടാൻ
ഏവം-പ്രാക്കിളി പക്ഷി ഗണത്തിൽ പറ്റി-ച്ചേ-ർന്നു
ഗ്ലീലാ-യൻതൻ ശിഷ്യൻ നീയെന്നവരും-ചൊന്നു. ദേവാ!...

2. സത്യം-ചെയ്താനവനെ അറിയില്ലെന്ന-ന്നേ-രം
സ്വൽപ്പം-പോലും സന്ദേഹമവർക്കുണ്ടാ-യി-ല്ല
ദൈ-വസുതൻ തന്നരികിൽ നിലകൊണ്ടാന-ന്യൻ-പോൽ
ദൂ-രെപ്പോവാൻ സ്നേഹംമൂലം സാധി-ച്ചി-ല്ല. ദേവാ!...

3. ധീ-രാത്മാവാ രക്തപ്പകയിൽ ഭീതി-പ്പെട്ടു
തള്ളി-ച്ചൊല്ലുകയില്ലെന്നേവം ശീമോൻ-കീ-പ്പാ
അ-ൻപുള്ളോനെ വെടിയാൻ വയ്യാതയ്യോ-കേ-ണു
മൂ-ന്നുരു തള്ളിച്ചൊന്നൊരു നേരം കൂവി-കോ-ഴി
ദൈ-വസുതൻ തൻ മൊഴിയോർത്തപ്പോൾ ശി-ഷ്യൻ വെ-മ്പി ദേവാ! ...

4. മു-ന്നംസത്യം ചെയ്താൻ മരണം നേരി-ട്ടാ-ലും
തള്ളി-ച്ചൊല്ലുകയില്ലെന്നേവം ശീമോൻ-കീ-പ്പാ
ദൈ-വസുതൻ തൻ സ്നേഹമെഴും മൊഴിയങ്ങോ-ർത്ത-പ്പോൾ
ത-ള്ളിച്ചൊല്ലീന്നും പിന്മാറി കഠിനം-കേ-ണാൻ
വീ-ഴ്ചക്കാർക്കൊരു ദർപ്പണമാണിക്കണ്ണീർ-നൂ-നം
തോ-ന്നുന്നാകിൽ താപത്താലെഴുന്നേൽക്കാൻ-സാ-ദ്ധ്യം ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-എന്നെ ചുറ്റി നായ്ക്കളനേകം

എന്നെ വളഞ്ഞൂ ദുഷ്ടന്മാരുടെ കൂട്ടം. ഹാ-

യോഹന്നാൻ 18 : 12 – 15, മത്തായി 27 : 1 – 14

## നാലാം കൗമാ

വിധിയിൽ-ദാസനിൽ നിന്നടിയേ-റ്റാൻ മശിഹാ!

വിധി നാ-ളൻപാലടിയാരിൽ-ദയ ചെയ്ക.

(മൂന്നു പ്രാവശ്യം)

(അല്ലെങ്കിൽ)

ന്യായവിസ്താരത്തിൽ ദാസനാൽ അടിക്കപ്പെട്ടവനായ മശിഹാ തമ്പുരാനേ! നിന്റെ ന്യായവിധി ദിവസത്തിൽ ഞങ്ങളോടു കരുണചെയ്ത് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ. (മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## എക്ബൊ

(ഹൊക്ത്തിലുബ് മെസ്രോൻ രീതി)

സൂചനകൾ-സർവ്വം-സ്വയമാം-ബലിയാൽ

നിറവേറ്റി-യ കുഞ്ഞാ-ടേറ്റം-സ്തുത്യൻ.

കുറിയേലായിസോൻ കുറി ... കുറി ...

ഞങ്ങളുടെ കർത്താവേ! ...

സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ



@FIOK*.MOC.KTYM

## കോലോ

### (കൂക്കോയോ രീതി)

1. വംശത്തലയാളാദത്തിൻ വിധി നീ-ക്കീടാനായ്
നമ്മുടെ കർത്താവീരാവിൽ വിധി ഗേ-ഹേ നിന്നു
ഹാനാൻ കയ്യാ-പ്പാമാർ വിധി നൽകി
മരണാർഹൻതാ-നിവനെന്നാർത്തു ജനം
ദുഷ്ടജനത്തെ രക്ഷിപ്പാൻ ദൈവ-സുതൻ വന്നു
ആ ദുഷ്ടന്മാരുടെ കൈയാലിവയെ-ല്ലാമേറ്റാൻ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ.
ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.

2. വഞ്ചനയേ! നീയതികഠിനൻ കുടിലം-നിൻ സ്നേഹം
നിൻ കൂട്ടർക്കെല്ലാം ദുരിതം ഇരുലോ-കങ്ങളിലും
ഇതു ശരിയെന്നാ-യൂദാ സാക്ഷിപ്പൂ
കാട്ടിയതെന്താം-നിന്നെ വെടിഞ്ഞപ്പോൾ
ശ്ലീഹാസ്ഥാനത്തിനുപകരം ഹാ! തൂ-ങ്ങിച്ചാവൽ!
നിത്യമതാം ജീവനു പകരം നിത്യ-മതാമഗ്നി
ഹാലേലുയ്യാ-കാക്കണമവനീന്നും. മൊറിയോ റാഹേം ...

## വീണ്ടും കോലോ

1. അന്ധകാരപുത്രന്മാർ/ നീതിസൂര്യനെ വീശിപ്പിടിക്കേണ്ടതിന്/ രാത്രിയിൽ പുറപ്പെട്ടു. അവന്റെ പ്രഭനിമിത്തം അവർ ഭ്രമിച്ചുവീണു. നിർമ്മലനായ താൻ അവരോടു സംസാരിച്ചു. അവർ ശക്തി പ്രാപിച്ചു. നിലത്തുനിന്ന് എഴുന്നേറ്റു. വഞ്ചകനായ യൂദാ അടുത്തുചെന്ന്/ ഗുരുവേ, സമാധാനം എന്ന് പറയുകയും/ അക്രമികൾ ഭയം കൂടാതെ തന്നെ പിടിക്കുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. മഹാസമുദ്രത്തിനു മണൽകൊണ്ട് അതിർ നിശ്ചയിച്ചു. പ്രബലതിരമാലകൾ ഉയർന്നാലും/ അതിനെ ലംഘിക്കാതിരിക്കുന്നു. അധർമ്മികളായ വഞ്ചകന്മാർ/ ബലമായി തന്നെ പിടിപ്പാൻ ചെന്നു. തന്റെ മഹാശക്തി പുറപ്പെട്ട് അവരെ നിലത്തു വീഴിച്ചു. എന്നാൽ പ്രവചന നിവൃത്തിക്കായി/ അവരുടെ കൈകളിൽ തന്നെത്തന്നെ ഏൽപ്പിച്ചുകൊടുത്തു.



@FIOK*.MOC.KTYM

## ബോത്തേദ്ഹാശോ

ഞങ്ങ-ൾക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. വിധി ചെയ്-വോർ തൻ-പതിയീരാ-വിൽ
വിധിഗേ-ഹത്തെ-സംപ്രാപി-ച്ചു
ലോകാധീശൻ-തന്നോടായി
ചോദി-ച്ചൂരെ-ങ്ങെന്നാചാര്യർ
അവനെ-ക്രോബേ-ന്മാർ വാഴ്ത്തു-ന്നു.

2. മണ്ണാ-യോനീ-രാവിലിരു-ന്നു
ദൈവ-മവൻ തൻ-മുമ്പിൽ നി-ന്നു
ചോദ്യം ചെയ്യ-പ്പെട്ടാൻ ക്രൂരം
സൃഷ്ടി-ക്കെല്ലാം രക്ഷാദാ-താ-
വായോൻ-നിന്നാൻ-ശീർഷം താഴ്ത്തി.

3. നേരേ-നോക്കാൻ കെൽപ്പില്ലാ-തെ
സ്രാപ്പി-കൾ വക്രതം മൂടുന്നോ-നെ
നേതാക്കന്മാർ-ഹാ! ശിക്ഷിച്ചു
ദുഷ്ട-ന്മാരാം-യൂദസമൂ-ഹം
വിസ്താ-രത്തിൽ-വദനേ തു-പ്പി.

4. കരുണാ-നിധിയാ-മൻപുള്ളോ-നും
തൽതാ-തനും-റൂഹ്ക്കുദിശാ-യ്ക്കും
നമ്മൾക്കിപ്പോൾ-വൻ സ്തുതി പാടാം
ഏക-ത്വത്തിൽ-വാഴുന്നോ-നെ
സൃഷ്ടി-കളെല്ലാം-വന്ദിക്കു-ന്നു..
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...



@FIOK*.MOC.KTYM

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ. ദേവാ! ...

1. രക്ഷകനെ ബന്ധിച്ചേറ്റി
ദുഷ്ടന്മാർ വിധി നിലയത്തിൽ
ശീമോൻ ഗുരുവരനെ തള്ളി-
പ്പറയേണ്ടും സമയം വന്നു
കർത്താവോതിയ തിരുവചനം
പാഴാവാനെളുത-ല്ല-ല്ലോ . ദേവാ! ...

2. മൂന്നുരു രാവിതിലെന്നെ നീ
തള്ളും, ചൊന്നേവം നാഥൻ
അവനെ നേരെ കണ്ടപ്പോ-
ളാ വാതിൽക്കാവൽക്കാരി
മാനവനേ നീ ഈശോ തൻ
ശിഷ്യൻ താനെന്നുര ചെയ്-താൾ ദേവാ! ...

3. കണ്ടിട്ടേയില്ലവനെ ഞാ-
നെന്നാണയൊടോതി ശീമോൻ
ദൈവാധീശാ നിൻ കൃപയെ
വാഴ്ത്താൻ ഞങ്ങളശക്തന്മാർ
ഞങ്ങൾക്കായ് നീയുടയോനേ
ദാസൻ തൻ താഡ-നമേ-റ്റു. ദേവാ! ...

4. ദുഷ്ടൻ ഹന്നാനേ ദാസാ
സ്രഷ്ടാവിനെ നിന്ദിച്ചോനേ!
രണ്ടുരു മരണം പ്രാപിക്കും!
ദോഷീ നീ മാനവനല്ലേ
നിൻ ദാസത്വം ശാപാർഹം
നിന്നുടെ ധാർഷ്ട്യം കോ-പാ-ർഹം. ദേവാ! ...



@FIOK*.MOC.KTYM

5. സ്വാഭാവിക ദാസ്യത്തിന്നും
സാത്താനും നീ കീഴ്പ്പെട്ടു
രണ്ടെജമാനന്മാർക്കൊരുപോൽ
ദാസൻ നീ പാരം നിന്ദ്യൻ
നരവർഗത്തിൽ നീ ശപ്തൻ
എന്നെന്നേയ്ക്കും ഹാ-ക-ഷ്ടം. ദേവാ! ...
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ. ദേവാ! ...

## സൂഗീസൊ

(മാനവ വ-ത്സലനേ ... എന്ന പോലെ)

1. സൂചനകൾ-സർവ്വം-സ്വയമാം-ബലിയാൽ
നിറവേറ്റി-യ കുഞ്ഞാ-ടേറ്റം-സ്തുത്യൻ.
2. ഏകതനൂ-ജൻ തൻ- കദനം-കാണ്മാൻ
നമ്മെയിതാ-സഭയാ-ഹ്വാനം-ചെയ്വൂ.
3. രാജാവിൻ-തനയൻ- നമ്മൾ-ക്കായി
നിന്ദനമേ-റ്റീടാൻ- സ്വയമർ-പ്പിതനായ്.
4. നേരറ്റോൻ; ശിഷ്യൻ-നേര-റ്റോരെ
കണ്ടിഹതൻ-ഗുരുവിൻ- വില തീ-ർപ്പാക്കി.
5. ഒറ്റിയവൻ ചതിയാൽ-ചുംബി-ച്ചപ്പോൾ
അത്ഭുതമീ-റേന്മാർ-ക്കധികം-തോന്നി.
6. ശീഘ്രം വാ-ളൂരി- ശീമോൻ-വെട്ടി
ദാസൻ തൻ-കർണ്ണം- വിച്ഛേ-ദിച്ചു.
7. കർണ്ണമെടു-ത്തുടയോൻ- മുറി കൂ-ട്ടീട്ടും
ധിക്കാരി-ക്കനുതാ-പം വ-ന്നില്ല.


@FIOK*.MOC.KTYM

8. താതനൊടർ-ത്ഥിച്ചാൽ- സംഖ്യാതീതം
സ്വർഗ്ഗീയന്മാരെ-പ്രേഷി-പ്പിക്കും.

9. ക്രോബേന്മാർ-നിരയോ-ടീറേ-ഗണവും
ഉടനടിവ-ന്നെത്തും- ജനകാം-ഗൃത്താൽ.

10. അത്ഭുതശക്തിക്കായ്- ഗുരുവാം-നാഥൻ
പന്തിരുവർ-മേലാ-ത്മത്തെ-ഊതി.

11. ഇസറായേൽ-നഗര-ത്തിലെ നിൻ-ഹാശാ-
ഘോഷിപ്പാൻ-നാഥാ- കൃപ ചെ-യ്യണമേ.

12. താഡിതനായ്-ദൈവം മനുജ-ന്മാരാൽ
ഇതു കണ്ടീ-റേന്മാ-രാധിപ്പെട്ടു.

13. കുരിശു-ചുമ-ന്നീടും- നാഥൻ-തന്നെ
കണ്ടപ്പോൾ-സ്വർഗ്ഗം- വിറയൽ-പൂണ്ടു.

14. ക്രൂബേന്മാ-രുടെയാ- മറ്റൊരു-നിവഹം
ഉളവാക്കി-യതാവാം ഭൂവിൽ-ചലനം.

15. കാണാൻ പോ-ലും യോ-ഗ്യതയി-ല്ലാത്തോൻ
നാഥൻ തൻ-കാതിൽ- ദുഷി വ-ർഷിച്ചു.

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-എന്നെ ചുറ്റി നായ്ക്കളനേകം
എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം. ഹാ-

വി. ലൂക്കോസ് 22 : 31 – 62

ഹാലേലുയ്യാ ഹാലേലുയ്യാ ഹാലേലുയ്യാ. ദൈവമേ നിനക്കു സ്തുതി
(മൂന്നു പ്രാവശ്യം)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണ
ചെയ്യണമേ. മൊറിയോ ...

ഉറങ്ങിയവരേ നിങ്ങൾ ഉണർന്നെഴുന്നേറ്റ് ... (പേജ് 40)

ത്രിത്വത്തിനു സ്തുതി ... (പേജ് 43)



@FIOK*.MOC.KTYM

## കോലോ

(കൂക്കോയോ......രീതി)

1. കത്തെഴുതി പീലാത്തോസിന്നേവം-നിജ കാന്ത
വിധി കർത്താക്കൾക്കധിനാഥൻ നീ വി-ധി ചെയ്യുന്നോൻ
വിധിചെയ്യരുതേ-നിന്നെ വിധിപ്പോനെ!
അക്കൈകളിലാം-നിന്നാത്മാവോർത്താൽ
രക്തപ്പകയുണ്ടാകായ്‌വാൻ കഴുകീ-ടുക നീ-കൈ
കയ്യാപ്പാ യൂദായിവർ മേൽ നിൽക്ക-ട്ടാ രക്തം
ഹാലേലുയ്യാ നാശമവർക്കെന്നും .

ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.

2. സങ്കടപൂർവ്വം വഞ്ചകനാം യൂദാ-ചൊന്നേവം
സ്വർഗ്ഗത്തീന്നും ഹാ! കഷ്ടം വീണേൻ-നരകത്തിൽ
മുപ്പതു വെള്ളി-തനയൻതൻ വിലയായ്
ആചാര്യരിൽ നി-ന്നയ്യോ ഞാൻ വാങ്ങി
ലോകവിധിക്കായ് പീഠത്തിൽ സ്നേഹി-തരമരുമ്പോൾ
കഷ്ടം! ഞാൻ വെറുതെ നോക്കി നിൽക്കാ-നിടയാകും
ഹാലേലുയ്യാ എന്തിഹ ചെയ്യേണ്ടു.

മൊറിയോ റാഹേം ...

## വീണ്ടും കോലോ

1. പീലാത്തോസിനോട് അവന്റെ ഭാര്യ ആളയച്ചു പറയിച്ചു./ ആ നീതിമാന്റെ കാര്യത്തിൽ നീ ഇടപെടരുത്./ ഞാൻ രാത്രിയിൽ എന്റെ കിടക്കയിൽ ഉറങ്ങിക്കിടക്കുമ്പോൾ/ സൈന്യങ്ങളും പെരുമ്പാമ്പുകളും എന്നെ വളഞ്ഞിരിക്കുന്നതായി ദർശനം കണ്ടു./ എന്നെ നശിപ്പിക്കുവാൻ അവ വായ് തുറക്കുകയും/ നിന്റെ മുമ്പാകെ വിധിക്കപ്പെടുന്നവൻ കൈ നീട്ടി അവയെ തടയുകയും ചെയ്തു. അവന്റെ രക്തത്തിനായി നിന്റെ കൈ നീട്ടരുത്. ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

**2. ന്യായാധിപൻ വെള്ളം വരുത്തി കൈകൾ കഴുകി./ ഈ നീതിമാന്റെ രക്തത്തിൽനിന്ന് ഞാൻ ഒഴിഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞു./ എല്ലാവരും അട്ടഹസിച്ച്/ അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും ഇരിക്കട്ടെ എന്ന് പറഞ്ഞു./ അവരെ ചിതറിച്ച് ഉന്മൂലനാശം ചെയ്യുകയും/ തെറ്റിപ്പോയിരുന്ന ജാതികളെ വിളിച്ച്/ വന്നു പ്രവേശിച്ച് രാജ്യം അവകാശിപ്പിൻ/ എന്ന് പറയുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.**

## ബോത്തേദ് ഹാശോ

**ഞ-ങ്ങൾക്കായ് നീ-ഏറ്റൊരു പീ-ഡാ**
**താഴ്ചക-ളേറ്റം-ധന്യം നാ-ഥാ!**

**1. ആദാ-മിനു-വസ്ത്രം നെയ്തോ-നെ**
**നിന്ദാ-വസ്ത്രം-ചാർത്തിയശു-ദ്ധർ**
**ആദത്തെ സം-രക്ഷിച്ചോന്**
**ചൂടാൻ-മുള്ളിൻ-മകുടം തീ-ർത്തു**
**ശപ്തൻ-ദാസൻ-ചെകിടിൽ ത-ല്ലി.**

**2. നമ്മൾ-ക്കൗന്ന-ത്യം തന്നോ-നാം**
**സൽപു-ത്രൻ തൻ-തലയിലടി-ച്ചു**
**മൃതരെ ജീവി-പ്പിച്ചോൻ മീതേ**
**ശാന്ത-തയാഴി-ക്കേകിയവ-ന്മേൽ**
**ദുഷിയോ-ടാക്ഷേ-പം വർഷി-ച്ചാർ.**

**3. ധന്യൻ-സുതനേ!-സത്തമ നാ-ഥാ!**
**നിൻ കാ-രുണ്യം സ്തുത്യം ത-ന്നെ**
**ഞങ്ങൾക്കായ് നീ-യാതനയേറ്റു**
**സ്തുതി നിൻ-പേർക്കും-നിൻ പ്രേഷ-കനാം**
**താത-ന്നും വി-മലാത്മാവി-ന്നും.**
**നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ**
**വിധി ചെയ്യരുതേ-ഞങ്ങളെയീശാ! മൊറിയോറാഹേം ...**



@FIOK*.MOC.KTYM

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശീഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോ-നേ
പ്രാർ-ത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേ-ണം ദേവാ!...

1. ഈ-രാവിൽ തന്നാടുകളെ പ്രതി അടിയേ-റ്റി-ടയൻ
പിൻ-പറ്റിയ കുഞ്ഞാടുകളെല്ലാം ചിതറി-പ്പോ-യി
മ-ത്തായ് പോയി, യാക്കോബൊളിവിൽ, തോമ്മാ-ഓ-ടി
ശീ-മോൻ തള്ളിച്ചൊന്നാനീശൻ മൗനം-പൂ-ണ്ടു ദേവാ!...

2. കർത്താവേ! നീ വൻ സ്നേഹത്താൽ ക്ലേശം-പാ-രം
ദു-ഷ്ടന്മാരിന്നേറ്റതു പാർത്താൽ സ്തുത്യം-ത-ന്നെ
നിൻ-ഹാശായിൻ വധുവാകും സഭ ദുഃഖി-ക്കു-ന്നു
മോ-ദമുയിർപ്പിൽ സഭയുടെ മക്കൾക്കേകി-ടേ-ണം. ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.
ദേവാ! ...

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ ... (പേജ് 45)
ഞങ്ങളുടെ കർത്താവായ യേശുമശിഹാ .... (പേജ് 11)

### കൗമാ

നിന്നെ-തള്ളിയ ശീമോനേ-കി മുക്തി
നിന്നിൽ-ശരണപ്പെടുമെന്മേൽ-കൃപ ചെയ്ക.

(അല്ലെങ്കിൽ)

നിന്നെ തള്ളിപ്പറഞ്ഞ ശെമഓന്റെ കടങ്ങൾ ക്ഷമിച്ചവനായ മശിഹാ തമ്പുരാനേ, നിന്നിൽ ഞാൻ സങ്കേതപ്പെട്ടതിനാൽ എന്നോടു കരുണയുണ്ടാകണമേ. (മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...



@FIOK*.MOC.KTYM

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**വിശ്വാസപ്രമാണം**

# ദുഃഖവെള്ളിയാഴ്ച പ്രഭാതം

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**
**പീഡാ താഴ്ചകളാൽ നമ്മെ-വീണ്ടോനാം**
**മശിഹാ-യെ വാഴ്ത്തി നമിക്കാം പുലർകാലേ.**
**(മൂന്നു പ്രാവശ്യം)**

**(ലൊക്മോർ തെശുബുഹത്തോ)**

**നാഥാ! തേ സ്തുതിയും മാനം താതന്നും**
**മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും**
**ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും**
**മേലുള്ളൂറിശിലേം വാതിൽക്കുള്ളിൽ നിൻ**
**സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ!**
**സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!**
**നിത്യം ശരണവുമേ! സ്തോത്രം - ബാറെക്മോർ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**ദൈവമേ നിന്റെ കൃപ പോലെ ... (പേജ് 2)**

**എനിയോനൊ**

**(ഹൌദഹവോബുകറോ)**

1. **പാതകിപോൽ-ഞങ്ങളെ രക്ഷിപ്പാൻ**
   **ന്യായ-സ്ഥാനം പ്രാപിതനേ!**
   **ദേവാ! ദയ ചെയ്തീടണമേ.**
2. **ദാസൻ ത-ന്നടി കന്നത്തേറ്റ്**
   **കന്മ-ഷദാസരെ വീണ്ടോനേ! ദേവാ! ...**



@FIOK*.MOC.KTYM

3. തലമേൽ കോൽ-കൊണ്ടടിയേറ്റിവർ തൻ
പാപ-ച്ചീട്ടു പൊളിച്ചോനേ! ദേവാ! ...
4. മന്നവരും-വിധിനാഥന്മാരും
കൊല്ലാൻ-ചതിവാലാർന്നോനേ! ദേവാ! ...
5. നിർദ്ദോഷം-സകലവിധീശ്വരനേ!
ദോഷി-കളാൽ വിധിയേറ്റോനേ ദേവാ! ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...
6. നീതിജ്ഞാ!-പുണ്യനിധേ! സ്വഹിതാൽ
ദ്രോഹി-കളാൽ വിധിയേറ്റോനേ! ദേവാ! ...
കുറിയേലായിസോൻ.

## സങ്കീർത്തനം 63

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു ... (പേജ് 49)

(ഹൌദ് ഉഹദോനോ)

1. ദേവേശാ! മശിഹാ!-സ്വസ്നേഹത്താൽ
വിധിനിലയേ കന്നത്തടിയേ-
റ്റടിമയിൽനിന്നും വീണ്ടോനേ!
നിന്നെ-യാർ-ന്നേൻ, കൃപ ചെയ്കെന്മേൽ
2. ദേവേശാ! മശിഹാ!-സ്ലീബായിന്മേൽ
ഞങ്ങടെ രക്ഷയ്ക്കായ് തൂങ്ങി-
ജീവൻ മൃതിയാൽ തന്നോനേ!
നിന്നെ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ
3. ദേവേശാ! മശിഹാ!-നിജവിനയത്താൽ
താണവർ ഞങ്ങളെയേറ്റിത്തൻ-
പാടാൽ പീഡകൾ തീർത്തോനേ!
നിന്നെ-യാർ-ന്നേൻ, കൃപ ചെയ്കെന്മേൽ
4. ദേവേശാ! മശിഹാ!-തിരുവിഷ്ടത്താൽ
സ്ലീബായും പീഡയുമേറ്റി-
ട്ടാദാമ്യരെ രക്ഷിച്ചോനേ!
നിന്നെ-യാർ-ന്നേൻ, കൃപ ചെയ്കെന്മേൽ


@FIOK*.MOC.KTYM

5. ദേവേശാ! മശിഹാ!-പാപത്താൽ ദോഷം
തീണ്ടാത്തോരേകാ! സ്വഹിതാൽ-
ദോഷികൾ ഞങ്ങളെ വീണ്ടിടുവാൻ
കുറ്റ-ത്തിൻ-വിധിയേറ്റോനേ!
ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. ദേവേശാ! മശിഹാ-ഞങ്ങളെ രക്ഷിപ്പാൻ
കഷ്ടതയും കുരിശും പേറി-
ക്നൂമായാലുയിർതന്നോനേ!
നിന്നെ-യാർ-ന്നേൻ, കൃപ ചെയ്കെന്മേൽ
കുറിയേലായിസോൻ.

## സങ്കീർത്തനം 35

(കോലോദുശുബ്ഹൊ ബ്പുംമാലാഖെ)

1. കർത്താവേ! എന്നോടു നീ ന്യായം നടത്തണമേ. എന്നോടു പോരാടുന്നവരോടു നീ പോരാടണമേ. ആയുധവും പരിചയും പിടിച്ച് എന്റെ സഹായത്തിനായി എഴുന്നേൽക്കണമേ.

ഇന്നാൾ നിന്നാൻ-മൌലി നമിച്ചാ-വിധിഗേഹത്തിൽ
സർവ്വവിധീശ വിധീ-ശൻ-താൻ
പിഴയിൽനിന്നും നമ്മെ വിടർത്താൻ മത്സരികളിൽ നി-
ന്നേറ്റാൻ ദുഷി പരിഹാ-സ-ങ്ങൾ. കുറിയേ ...

2. എന്റെ ആത്മാവിനെ അന്വേഷിക്കുന്നവർ ലജ്ജിച്ചുപോകട്ടെ. എനിക്കു വിരോധമായി തിന്മ വിചാരിക്കുന്നവർ പിൻതിരിഞ്ഞു നാണിച്ചുപോകട്ടെ.

ഇന്നാൾ വിധിപതി-പീലാത്തോസേ! ഇവനെ ക്രൂശി-
ക്കെന്നായൂദന്മാ-രാ-ർത്തു
ദ്രോഹികൾ ബാറാബായെ ചോദിച്ചുത്തമസുതനെ
നിഹനിപ്പാൻ ക്രൂശിൽ-തൂ-ക്കി. കുറിയേ ...


@FIOK*.MOC.KTYM

3. അവരുടെ വഴി ഇരുണ്ടുപോകട്ടെ. അതിൽ മാർഗ്ഗഭ്രംശം ഉണ്ടാകട്ടെ. ദൈവത്തിന്റെ ദൂതൻ അവരെ പിന്തുടരട്ടെ. എന്തെന്നാൽ അവർ എനിക്കായി കെണികൾ മറച്ചുവയ്ക്കുകയും, എന്റെ ആത്മാവിനുവേണ്ടി വല വിരിക്കുകയും ചെയ്തിരിക്കുന്നു.

ഇന്നാൾ തുപ്പലണിഞ്ഞാനേദൻ നാഥൻ പറുദീ-
സാദാമിനു വീണ്ടും-നൽ-കാൻ
നമ്മെ ദുഷ്കൃതദാസ്യം നീക്കി കാപ്പാൻ ദാസ-
പ്രഹരത്തെ ക-ന്നത്തേ-റ്റാൻ. കുറിയേ ...

4. കള്ളസാക്ഷികളെഴുന്നേറ്റ് ഞാനറിയാതിരുന്നതിനെ എന്നോടു ചോദിച്ചു. നന്മയ്ക്കു തിന്മ അവർ പ്രതിപകരം ചെയ്യുകയും, മനുഷ്യരുടെ ഇടയിൽനിന്ന് എന്റെ ജീവനെ അവർ നശിപ്പിക്കുകയും ചെയ്തു.

ഇന്നാൾ ശിഷ്യന്മാരുടെ കൂറു തണുത്തു പരക്കം-
പാച്ചിലിനെ ശരണം-തേ-ടി
ക്രൂശകമദ്ധ്യേ സത്യത്തിൻ ഗുരുനാഥൻ തനിയേ
വ്യഥയും പീഡയുമേ-ൽക്കു-ന്നു. കുറിയേ ...

5. എന്റെ സങ്കടത്തിൽ അവർ കൂട്ടം കൂടുകയും, എനിക്കെതിരായി സന്തോഷിക്കുകയും ചെയ്തു. ദീർഘകാലത്തേക്ക് എനിക്കെതിരായി അവർ കൂട്ടംകൂടി; ഞാനോ അവരുടെ അഹങ്കാരം അറിഞ്ഞില്ലായിരുന്നു. അവർ ആക്ഷേപിച്ചുകൊണ്ട് എന്റെ നേരെ പല്ലുകടിക്കുകയും ചെയ്തു.

ഇന്നാൾ യൂദജനംവിളികൂട്ടി, "പീലാത്തോസേ!
മൂശാതൻ നിയമ-ത്തെ-യും,
ശാബതിനെയും ജനതതിയെയും തെറ്റിക്കുന്നോ-
രീ മാനുഷനെ ക്രൂ-ശി-ക്ക". കുറിയേ ...

## സങ്കീർത്തനം 59

1. എന്റെ ഹൃദയത്തിന്റെ തകർച്ചയെ നീ സൗഖ്യപ്പെടുത്തി ശക്തീകരിക്കണമേ.

വിദ്വേഷികൾ ചെയ്തതെന്തെന്ന്-കേൾക്കുവിനെല്ലാ ജാതികളും
സൃഷ്ടികൾ തന്നധിനായകനെ
നിന്ദ്യസ്ലീബാമേൽ തൂക്കി
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസോൻ



@FIOK*.MOC.KTYM

2. അവരുടെ മേശ കെണിക്കായും അവരുടെ പ്രതികാരം വിരുദ്ധത്തിനായും തീരട്ടെ.

ഭൂവാസികളേ! ശ്രദ്ധിപ്പിൻ-കൊലയാളിയെ ദോഷികളേറ്റു
സൃഷ്ടിഗണത്തിന്നുടയോനെ
വൈരത്താൽ ക്രൂശിൽ തൂക്കി
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസോൻ

3. കോപവും ക്രോധവും അവരുടെമേൽ ചൊരിയണമേ.

ചന്ദ്രാർക്കന്മാർ വാനത്തിൽ-മങ്ങി, കേണു സൃഷ്ടികളും
സൃഷ്ടികൾ സ്രഷ്ടാവോടൊപ്പം
ഖേദിച്ചീടുന്നതു യുക്തം.
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസോൻ

4. എന്തെന്നാൽ നീ ദണ്ഡിപ്പിച്ചവന്റെ പിന്നാലെ അവർ പോയിരിക്കുന്നു.

കൈപ്പേറിയതാം കാടിയവ-നവരേകി ദാഹിച്ചപ്പോൾ
ലിഖിതം നിഖിലം നിറവായെ-
ന്നോതീട്ടതു പാനം ചെയ്താൻ
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസോൻ

5. ജീവന്റെ പുസ്തകത്തിൽനിന്ന് അവർ മായിക്കപ്പെടട്ടെ. നിന്റെ നീതിമാന്മാരോടുകൂടി അവർ എഴുതപ്പെടാതിരിക്കട്ടെ.

തന്നെ എതിരേൽപ്പാനെത്തി-പരിശുദ്ധന്മാർ മൃതിഗതരും
സത്യം കർത്താവിവനാണെ-
ന്നുരചെയ്താർ ജനതാമദ്ധ്യേ
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസോൻ

6. സ്തോത്രത്തോടെ ദൈവത്തിന്റെ നാമത്തെ ഞാൻ സ്തുതിക്കും. സ്തോത്രത്തോടെ അവനെ മഹത്ത്വപ്പെടുത്തുകയും ചെയ്യും.

മ്ലേച്ഛന്മാരാൽ ദൂഷിതമാം-ആലയമതിൽനിന്നും റൂഹാ
നീങ്ങിയതായ് താൻ ചീന്തിയതാം-



@FIOK*.MOC.KTYM

തിരശ്ശീലയഹോ സാക്ഷിച്ചു
വന്നിടുവിൻ-തന്നെ നമിച്ചീടാം.
ബാറെക്മോർ. ശുബഹോ ... മെനഓലം ...
യൂദന്മാരേ ഓർത്തിടുവിൻ- തരുവിന്മീതേ തൂക്കിയവൻ
ദൈവം, ദൈവതനൂജൻ താൻ
നിങ്ങളെ നിർമ്മൂലം നീക്കും
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസോൻ

## സങ്കീർത്തനം 54

(യൗമ്മോനോ)

1. കർത്താവേ! നിന്റെ നാമത്താൽ എന്നെ നീ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ അന്യജാതിക്കാർ എനിക്കു വിരോധമായി എഴുന്നേറ്റിരിക്കുന്നു.

കഷ്ടതയാൽ-മരണനുകത്തെ-അഴിവാക്കി
തനുവിൻ ത്യാഗത്താൽ;
ദുഷ്ടാത്മാക്കളെ ലജ്ജിപ്പിച്ചോരീശോ ധന്യൻ,
നിൻ ഹാശായിൽ-കഷ്ടതയാൽ പ്രഭ-നേടണമെങ്ങൾ.
കുറിയേലായിസോൻ

2. കർത്താവേ! നിന്റെ നാമത്തെ ഞാൻ സ്തോത്രം ചെയ്യും; എന്തെന്നാൽ അതു നല്ലതാകുന്നു. സകല സങ്കടങ്ങളിൽനിന്ന് നീ എന്നെ വിടുവിച്ചിരിക്കുന്നുവല്ലോ.

തിരുസഭയെ-പ്രതി കഷ്ടതയേ-റ്റടിയാരെ
തെറ്റിൽ വീണ്ടോനേ!
ദുർഭിന്നതയും കലഹവുമതിൽ നിന്നകലത്താക്കീ-
ട്ടന്ത്യം വരെ നിൻ-ശാന്തിയതിൻ സുതരിൽ-മേവണമേ.
കുറിയേലായിസോൻ

3. അധർമ്മവും, കുരളയും, വഞ്ചനയും അതിന്റെ ഉള്ളിലുണ്ട്. അതിന്റെ തെരുവുകളിൽനിന്ന് പകയും വഞ്ചനയും, ഹനിക്കപ്പെടുന്നില്ല.


@FIOK*.MOC.KTYM

വിധിനിലയേ-രക്ഷകനിന്നാൾ-പാതകിയെ-

പ്പോൽ നി-ന്നെങ്ങൾക്കായ്-

മൃതി കൈക്കൊണ്ടിഹ ശാശ്വതജീവൻ നൽകിയ നേരം

സൃഷ്ടികളഖിലം-വ്യസനം പൂണ്ടധികം-വിലപിച്ചു.

കുറിയേലായിസോൻ

4. എന്തുകൊണ്ടെന്നാൽ അവർ എന്നോടു ശണ്ഠ കൂടിയിരിക്കുന്നു. ദൈവം കേട്ടിട്ട് അവരെ താഴ്ത്തിക്കളയുമാറാകട്ടെ.

യൂദന്മാർ-ഗോഗുൽത്താമേൽ-രക്ഷകനെ

കുരിശി-ച്ചൊരു നാളിൽ

അടിനിലയിടറി, കൂരിരുളേറി, മൃതിഗതരിളകി

സൃഷ്ടികളഖിലം-സങ്കടവും വ്യഥയും-പ്രാപിച്ചു.

കുറിയേലായിസോൻ

## സങ്കീർത്തനം 22

(ബ്ഹോനോയൗമോ ക്അവ്ഗുദേ)

1. എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ കൈവിട്ടതെന്തിന്! ഭോഷത്വമായ എന്റെ വചനങ്ങൾ നിമിത്തമായി എന്റെ രക്ഷ എന്നിൽനിന്ന് അകറ്റിക്കളഞ്ഞതുമെന്ത്?

ഇന്നാൾ സ്രാപ്പികൾ-കാദീശ്, കാദീശ്

എന്നേവം വാഴ്ത്തുന്നോനെ

തൂക്കുക, തൂക്കുക-യെന്നാർത്തു-കായാപ്പഗണം.

കുറിയേലായിസോൻ

2. എന്റെ ദൈവമേ! പകൽസമയത്ത് ഞാൻ നിന്നെ വിളിക്കും; നീ എന്നോട് ഉത്തരമരുളുകയില്ല. രാത്രിയിലും ഞാൻ നിന്നെ വിളിക്കും; നീ എന്നെ കാത്തുകൊള്ളുകയുമില്ല.

ഇന്നാൾ ക്രോബകൾ-മഹിതം ബഹുമതി

താവകമെന്നാർക്കുന്നോനെ

നീക്കുക, നീക്കുക-യെന്നുഴറി-ശപ്തജനങ്ങൾ.

കുറിയേലായിസോൻ



@FIOK*.MOC.KTYM

3. അവരുടെ അധരങ്ങൾകൊണ്ട് ഗോഷ്ടി കാണിക്കുകയും, അവരുടെ തലകൾ കുലുക്കുകയും ചെയ്തു.

ഇന്നാളംബര-മാരാൽ നിറയു-
ന്നതു ചെറുതാർ-ക്കായവനോടായ്
ചോദിച്ചാൻ നാടേതെന്നാ-നിന്ദ്യൻ ഹാനാൻ.

കുറിയേലായിസോൻ

4. തനിക്ക് അവനോട് തിരുമനസ്സു തോന്നുന്നെങ്കിൽ അവനെ രക്ഷിക്കട്ടെ.

ഇന്നാൾ-പീലാത്തോസൊടു ജനമാ-
ർത്തീശോയെ-നിഹനിച്ചീടാൻ
"ബാറാബായെ-വിട്ടവനെ-തൂക്കുക തരുവിൽ."

കുറിയേലായിസോൻ

5. ബാശാൻ കൂറ്റന്മാർ എന്നെ വളഞ്ഞിരിക്കുന്നു.

ഇന്നാളാരുടെ-ബലമഹിമാവീ-
സൃഷ്ടികളെ താങ്ങീടുന്നു
അവനെ തരുവിൽ-കുരിശിച്ചാർ-ഗോഗുൽത്തായിൽ.

കുറിയേലായിസോൻ

6. വെള്ളംപോലെ ഞാൻ തൂകപ്പെട്ടിരിക്കുന്നു.

ഇന്നാൾ മണ്ണാ-ലാദാമിനെ നിർ-
മ്മിച്ചോര-ത്തൃക്കൈത്തണ്ടിൽ
ആണി തറച്ചാർ-സ്കീപ്പാമേൽ-തരുവിന്മീതേ.

കുറിയേലായിസോൻ

7. എന്റെ കൈകളും കാലുകളും അവർ തുളച്ചിരിക്കുന്നു. എന്റെ അസ്ഥികളൊക്കെയും വിലപിച്ചു.

ഇന്നാളുടയോൻ-തരുവിന്മീതേ
ദാഹത്താൽ-ജലമാരായ്കേ,
പാരാവാരം-കൂറ്റൻപോ-ലാരവമേറ്റി.

കുറിയേലായിസോൻ



@FIOK*.MOC.KTYM

**8. സിംഹത്തിന്റെ വായിൽനിന്ന് എന്നെയും അഹങ്കാരപ്രമത്തതയിൽ നിന്ന് എന്റെ താഴ്മയെയും രക്ഷിക്കണമേ.**

ഇന്നാൾ ശാസ്ത്രി-പരീശന്മാരും
നിന്ദ്യന്മാർ പട്ടക്കാരും
ധാർമ്മികനെപ്രതി-സത്യം ചൊ-ന്നില്ലുൾപ്പകയാൽ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...
ഇന്നാൾ ദുരിതം- സീയോനേ! ദേ-
വാത്മജനെ-ക്രൂശിപ്പോളേ!
സഭയേ! ഭാഗ്യം-നീയവനെ-കൊണ്ടാടുകയാൽ.
സ്തൗമെൻകാലോസ് കുറിയേലായിസോൻ

**പ്രുമിയോൻ**

**കോലോ**

(കൂക്കോയോ)

വെള്ളിദിനത്തിന്നുദയത്തിൽ-ജഗതീ-രക്ഷകനാം
ദേവാധിപനെ കുരിശിപ്പാ-നവരു-ത്സുകരായി
പ്രകൃതി വിറച്ചൂ-ഭൂമിതലം ഞെട്ടി
പാറ തകർന്നു-കൊടുമുടികൾ പതറി
കബറുകൾ വിണ്ടു മൃതന്മാരും-നിർഗ്ഗ-തരായെത്തി;
നാഥാത്മജനെ ക്രൂശിച്ച-ശപ്തരെ നിന്ദിച്ചു.
ഹാലേലുയ്യാ-ദുരിതമവർക്കെന്നും.
ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ
ദൈവത്തിൻ ജീവാത്മജനാം-ജഗതീ-പാലകനെ
ഗോഗുൽത്താമേൽ സ്കീപ്പായിൽ-ജനസം-ഘം തൂക്കി;
കണ്ടകമകുടം-തിരുമൗലിയിൽ വച്ചു;
കൈകൾ തറച്ചി-ട്ടവർ പുളിവീഞ്ഞേകി
ലിഖിതംപോലെ പിളർത്തി വിലാ-വയ്യോ കുന്തത്താൽ
ഗതിലോകർക്കരുളും നീരും-നിണവും പ്രവഹിച്ചു.
ഹാലേലുയ്യാ-തൻ കൃപ സംസ്തുത്യം. മൊറിയോ ...



@FIOK*.MOC.KTYM

## എത്രൊ

## വീണ്ടും കോലോ

### ബ്തറഓക്മോറാൻ

1. രാവിലെ നിന്നാൻ-സൃഷ്ടികളെ
വരിധി ചെയ്യുന്നോൻ-വിധിയിൻ നിലയത്തിൽ;
ചോദ്യം ചെയ്താനീറയർ തൻ-പതിയൊടു ദാസൻ
സ്തുതി ആദാമിന്നവകാശം-നൽകനേവം-
കഷ്ടപ്പെട്ടോനേ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. മയ്യലിലൂടയോ-നേറ്റാൻ വിധി
പീലാത്തോസ്സാൽ-മരണാർഹനു തുല്യം
തൂക്കുക, തൂക്കുക നസറായൻ-യേശുവിനെ നീ
നീക്കീടുക, ബാറാബായെ-മോചിപ്പിക്കുക
എ-ന്നാർത്തൂ യൂദർ.

(അല്ലെങ്കിൽ)

1. സൃഷ്ടികളെ വിധിക്കുന്ന ന്യായാധിപൻ/ പ്രഭാതത്തിൽ ന്യായസ്ഥലത്തുനിന്നു. ഈറേന്മാരുടെ നാഥൻ/ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടു. ആദാമിനെ അവന്റെ അവകാശത്തിലേക്കു തിരിക്കുവാൻ/ ഇവയെല്ലാം സഹിച്ച തനിക്കു സ്തുതി. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. പ്രഭാതത്തിൽ മരണയോഗ്യനെപ്പോലെ/ കർത്താവ് പീലാത്തോസിനാൽ വിധിക്കപ്പെട്ടു. നസ്രായക്കാരനായ യേശുവിനെ ക്രൂശിക്ക ക്രൂശിക്ക,/ ബാറാബായെ വിട്ടുതരിക എന്ന് യൂദജനം അട്ടഹസിച്ചു.

## ബോത്തേദ്ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

1. മുഴുരാ-വവനെ-വൈദികസംഘം
ശോധിച്ചുദയേ-പീലാത്തോസ്സിൻ

**മുമ്പിൽ ചേർത്താൻ-തൻ വിധി കേൾപ്പാൻ**
**ഹാ!-യേശുവിനെ നിഹനിച്ചീ-ടാൻ**
**ജനമൊന്നാകെ-ഘോഷിച്ചാർത്തു.**

2. **പാവനരക്തം-ചിന്താതവനെ**
**ക്രൂശകരിന്നും-മോചിച്ചീടാൻ**
**ആശ്വിട്ടോതി-ഗൂഢം ഭാര്യ**
**ആകാഞ്ഞതിനാൽ-ക്രൂശകരൊപ്പം**
**വിധിയേൽക്കായ്‌വാൻ-കഴുകിയവൻ കൈ**

3. **മരണാർഹൻ താ-നിവനെന്നൊപ്പം**
**പീലാത്തോസ്സോ-ടാർത്താൻ, ഹസ്തം**
**ശോഷിച്ചോനും-രോഗാർത്തർക്കും**
**ശാബതുനാളിൽ-ശാന്തി കൊടുത്താൻ**
**മരണത്തിനിവൻ-യോഗ്യൻ നൂനം!**

4. **ദൈവാത്മജനെ-ന്നെണ്ണുന്നോനെ**
**തൂക്കുക, തൂക്കെ-ന്നാർത്താരേറ്റം**
**സ്തുത്യഫലത്തെ-ആരാഞ്ഞാർന്നോ-**
**രവകാശമെഴും-താതാത്മജനെ**
**അവരന്ധതയാൽ- ദർശിച്ചില്ല.**
**നിൻ വി-ധിചെയ്തോർ വിധിയേ-ൽക്കുമ്പോൾ**
**വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...**

**മാർ അപ്രേം**

**ഞങ്ങൾക്കായുളവായൊരു നിൻ**
**ബഹുകഷ്ടതയാൽ കൃപ ചെയ്ക**
**നിൻ ഹാശായിൻ കഷ്ടതയാൽ**
**നേടണമവകാശം രാജ്യേ.**
**ദേവാ ദയയുണ്ടാ-കേണം നാഥാ കൃപ തോന്നണമൻപാൽ.**



@FIOK*.MOC.KTYM

1. തിരുനിണവില നിപതിച്ചതിനാൽ
പരിശുദ്ധാഗാരം ഞെട്ടി
തൽ ശുശ്രൂഷ സമാപിപ്പാൻ
അവസരമായെന്നതു കണ്ടു
വൈദികപദവീഭ്രംശത്താൽ
പൂജകരെ പ്രതി വിലപിച്ചു
ശാശ്വതശൂന്യത വന്നതിനാൽ
ബലി കേഴാനാരംഭിച്ചു
യേശുവിനെ പ്രതി ജനമാർത്തു
പീലാത്തോസ് കൈകൾ കഴുകി
തൻ രക്തം സന്തതിനിരയിൽ
പിൻതലമുറകളിലേക്കേറ്റാൻ. ദേവാ! ...

2. ഉദയേ ശോഭന വസനത്താൽ
വാനത്തെ നീ ചമയിച്ചു
ഉദയേ വൈരിജനം നിന്നെ
നിന്ദാവസ്ത്രമുടുപ്പിച്ചു.
മഹിതം ബഹുമതി താവകമെ-
ന്നുദയേ ക്രോബകളാർക്കുമ്പോൾ
അഗ്ന്യാത്മമയന്മാരീറേർ
കാദീശാഘോഷിക്കുമ്പോൾ,
നീക്കുക, നീക്കുക, ഭൂമിയിൽ നി-
ന്നുയിരുള്ളോരിൽ നിന്നിവനെ
എന്നുദയേ വിധിപതി സവിധം
തേവടിയാൾ ബഹളം കൂട്ടി. ദേവാ! ..

3. അഗ്രിമമാം പെരുന്നാളാകും
കഷ്ടത നിറയും വെള്ളിയിതിൽ



@FIOK*.MOC.KTYM

ക്ഷണികമതാമിപ്പുലർകാലേ
നിൻ ശ്രേഷ്ഠത നിർമ്മിച്ചോരീ
സർവ്വത്തീന്നും പ്രഭയേറും
മശിഹായേ! സ്തുതിയങ്ങേയ്ക്കായ്
സർവ്വാനന്ദദമുദയം നീ
ഉദയങ്ങളിലെല്ലാം സ്തുതി തേ
നിർമ്മാതാവിനെ വിധി ചെയ്വാൻ
മണ്ണാങ്കട്ടയിരുന്നുദയേ
പ്രഭയേറും പുലർകാലം നീ
പുലർവേളയിലെല്ലാം സ്തുതി തേ. ദേവാ! ...

4. പൂക്കൾക്കും പുൽക്കൊടികൾക്കും
കമനീയത നീയരുളുന്നു
ബലഹീനർക്കഖിലം വടിയും
തുണയതുമായോനേ! സ്തുതി തേ!
കരുണാനായകനേ! സ്തുതി തേ!
പതിനായിരമായി സ്തുതി തേ!
നിഖിലവിധീശ വിധീശൻ നീ
വിധിനിലയത്തിൽ നിന്നതിനാൽ
ആയിരമുരുവോടായിരമായ്
സർവാധീശ്വരനേ! സ്തുതി തേ!
സ്തുതി തേ! പ്രേഷകജനകന്നും
പ്രോന്നതി പാവന റൂ-ഹായ്ക്കും. ദേവാ! ...
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

## മശിഹോ ദമിലാക് നൂഹോമ്മോ

1. വെള്ളിയതാംനാൾ ബന്ധിതനായ്
കടലിനെ മണലാൽ ബന്ധിച്ചോൻ
മരണനുകത്തെ തച്ചവനെ
തരുവതിലേറ്റി ക്രൂ-ശിച്ചാർ.

2. വെള്ളിയതാംനാൾ പീലാത്തോസ്
മൂഢജനത്തിൻ വിധിയെഴുതി
വെള്ളിയതാം നാൾ വിധിയേറ്റു
ദൈവത്തെ ക്രൂശിച്ചോരും.

3. വെള്ളിയതാംനാൾ കുന്തത്താൽ
ജീവിതഹൃദയം ഭേദിച്ചു;
സകലജഗത് പുണ്യപ്രദമാം
ശോണിതവും ജലവും തൂ-കി.

4. വെള്ളിയതാംനാൾ മൃതി കേണു
സ്നേഹിതനാം നീ-ചൻ പാഞ്ഞു
ഉയിരാർന്നോൻ മൃതവാസത്തിൽ
തൽദ്രവ്യം മോഷ്ടിച്ച-തിനാൽ.

5. വെള്ളിയതാംനാൾ നിയമിച്ചാ-
നുടയോനവനെ-പൂങ്കാവിൽ,
അന്നാളിൽ താൻ മത്സരിയായ്
നഗ്നത പാപത്താ-ൽ പൂണ്ടു.

6. വെള്ളിയതാംനാൾ പറുദീസിൽ
ചേർത്താനുടയോ-നാദമിനെ
വെള്ളിയതാംനാൾ ലജ്ജിതനാ-
യംബരമായിലയെ-ചാർത്തി.


@FIOK*.MOC.KTYM

7. വെള്ളിയതാംനാൾ കേട്ടു നരൻ
തിന്നുംനാൾ മൃ-തനാമെന്ന്;
തിന്നാജ്ഞയെ ലംഘിച്ചിട്ടും
മൃതിപൂണ്ടില്ലുൾ-കൃപ മൂലം.

8. വെള്ളിയതാംനാൾ കനിതിന്നോ-
രാദ്യൻ സ്വപദം-കൈവിട്ടു;
വെള്ളിയതാംനാൾ തരുവിൽ നി-
ന്നീശനിറങ്ങി മൃ-തനായി.

9. വെള്ളിയതാംനാളാദിനരൻ
തൻപ്രഭയസ്തം-ഗതമായി;
വെള്ളിതാംനാൾ തരു വിട്ടാൻ
അണിയിച്ചോൻ ദ്യുതിയാദത്തെ.

10. വെള്ളിയതാം നാളവനേദൻ
വിട്ടൂഴിയിൽ വൈദേശികനായ്
വെള്ളിയതാംനാളാദിമരും
അന്തിമരും ഭേദം പൂണ്ടു.

11. വെള്ളിയതാം നാളീശകര-
നിർമ്മിതനാദം പൂണ്ടു ഭയം
വെള്ളിയതാംനാൾ ദേവേശൻ
മൃതനായി കബറിൽ പാർ-ത്തു.

12. വെള്ളിയതാംനാൾ മൃഗജാലം
വരുമാദത്തെക്കണ്ടരുകിൽ;
വെള്ളിയതാംനാൾ പാതാളേ
രക്ഷകഭാസ്സാൽ മൃതരേറ്റു.

13. വെള്ളിയതാംനാൾ വിധിനാഥൻ
മൃതിവിധി ആദാ-മിന്നേകി;
വെള്ളിയതാംനാളൻപുടയോൻ
താണു മൃതന്മാർക്കു-യിരേകി.



@FIOK*.MOC.KTYM

14. **വെള്ളിയതാംനാൾ പാനം ചെ-**
**യ്താദാം ദ്രുതമാ-ർന്നൊരു കാസാ;**
**വെള്ളിയതാംനാൾ പാനം ചെ-**
**യ്തുടയോൻ തിരുവിഷ്ടക്കാ-സാ.**

15. **വെള്ളിയതാംനാൾ പണിചെയ്വാൻ**
**ഭാഗ്യാരാമേ-ചെന്നാദാം;**
**വെള്ളിയതാംനാൾ മൃതഗേഹം**
**ദോഷിസമം ജീവദനാർ-ന്നു.**

16. **വെള്ളിയതാംനാൾ പരദേശ**
**പ്പാർപ്പാൽ ദുഷ്ടൻ-വിഹസിച്ചു;**
**വെള്ളിയതാംനാൾ മൃതമദ്ധ്യേ**
**അന്യനുതുല്യം വാ-ണീശൻ.**

17. **വെള്ളിയതാംനാളാദത്തേ**
**ദുഷ്ടൻ താഴ്ത്തീ-ടാനാഞ്ഞു;**
**വെള്ളിയതാംനാൾ നീതിസുതൻ**
**വഞ്ചകശീർഷം ധൂ-ളിച്ചു.**

18. **വെള്ളിയതാംനാൾ മൃതതുല്യം**
**നാഥൻ പാതാ-ളം പൂകി**
**മുടി മാറ്റിയ മന്നവനൊപ്പം**
**ചതിയൻ തന്നൊളിവാ-രായ്വാൻ.**

19. **വെള്ളിയതാംനാൾ കൈവിട്ടാൻ**
**ശോഭനവസന-ത്തെ ആദാം;**
**വെള്ളിയതാം നാളവർ നീക്കി**
**സുതനുടെ മോഹനമാം-വസ്ത്രം.**

20. **വെള്ളിയതാംനാൾ ശിഷ്യന്മാർ**
**പകലോൻ മറവായെന്നാർത്തു;**
**ഞായർദിനത്തിൽ ശാശ്വതമാം**
**സൂര്യൻ ജീവൻ പ്രാപിച്ചു.**



@FIOK*.MOC.KTYM

## സൂമ്മോറോ

**നീതിമാന്മാരുടെ കൂടാരത്തിൽ, മഹത്ത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദു മുഖാന്തരം പരിശുദ്ധറൂഹാ പാടി.**

## പ്രഭാതവായനകൾ

**ലേവ്യ 4 : 1 – 7** | **സംഖ്യാ 19 : 1 – 11**

**2 രാജാക്കന്മാർ 19 : 20 – 29** | **സഖറിയ 13 : 7 – 14: 5**

**ഹബക്കൂക്ക് 1 : 1 – 12** | **ഹസ്കീയേൽ 13 : 17 – 22**

**അപ്പോ. പ്ര. 22 : 30 – 23 : 16** | **1 കൊരിന്തി 1 : 18 – 31**

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാ–ഹാ– ഞാനെറിയും മൽപാദുകമേദോമിൽ**

**ഞാനട്ടഹസിക്കും പാലസ്തീനിൽ ഹാ–**

**വി. മത്തായി 27 : 1 – 10,** | **വി. മർക്കോസ് 15 : 1 – 10,**

**വി, ലൂക്കോസ് 22 : 66 – 71,** | **വി. യോഹന്നാൻ 18 : 28 – 40**

**കർത്താവിനെ സ്തോത്രം ചെയ്യുന്നതും ... (പേജ് 60)**

## കൗമാ

**പീഡാ–താഴ്ചകളാൽ നമ്മെ വീണ്ടോനാം**

**മശിഹായെ വാഴ്ത്തി നമിക്കാം പുലർകാലേ.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

M.O.C. PUBLICATIONS

# വെള്ളിയാഴ്ച മൂന്നാംമണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ
ചോദ്യം നിജദാസനിൽ നിന്നേ-റ്റോൻ മശിഹാ!
വിധിനാ-ളൻപാലടിയാരിൽ-ദയ ചെയ്ക.
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...
ദൈവമേ നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനൊ

(അൽമൊറിയോ റൗബോ ആക്കീം)

1. പ്രതിവാദത്താൽ യൂദന്മാർ
ബഹളം കൂട്ടിട്ടുടയോനെ
തരുവിന്മീതേ ക്രൂ-ശി-ച്ചു.
2. ദൈവം വിധി നിലയേ നിന്നു
ദോഷികളാൽ നിന്ദിതനായി
സൃഷ്ടികളെ മൃതിയാ-ൽ കാ-ത്തു.
3. മിസ്രേമീന്നും രക്ഷിച്ചോ-
നെതിരായ്, വിധിപാ! മശിഹാ-യെ
തൂക്കുകയെന്നലറി-വേ-ശ്യ.
4. മത്സരബുദ്ധികൾ മശിഹായെ
കൊണ്ടിഹപോയ് വാദം ചെയ്തു
വിധിയേകി കൊല ചെയ്-തീ-ടാൻ.
5. ആദാമിനെ നിർമ്മിച്ചോൻതൻ-
തൃക്കൈ കാലുകളിന്മീതേ
ആണിയടിച്ചു ദുഷ്ടന്മാർ.

ബാറെക്മോർ. ശുബഹോ ... മെനഒലം ...



@FIOK*.MOC.KTYM

6. ഞങ്ങൾക്കായൂഴിയിലെത്തി-
സ്വേഷ്ടത്താൽ നരനായവനാം
ദേവാ! നിൻ ദയ സം-സ്തു-ത്യം
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

(കൂക്കോയോ)

ജഗതീശിൽപ്പിപരാദ്യസുതൻ വെള്ളി-ദിനേ മൂന്നാം
മണി നേരത്തു പുറപ്പെട്ടാൻ സീയോ-നിൽ നിന്നും
സൃഷ്ടിഗണത്തിൻ-രക്ഷാദായകനെ
ഗോഗുൽത്തായിൽ സ്കീപ്പാ-യിന്മീതേ
നിഹനിപ്പാൻ തൻ തോളിന്മേൽ സ്കീപ്പാ-യെ വച്ചാർ
സ്തുതി ദൈവാത്മജ, ലോകത്തെ മൃതിയാൽ-കാത്തോനേ
ഹാലേലുയ്യാ- ഉ ഹാലേലുയ്യാ.

ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.

സ്ലീബായിൻ തരുവിന്മീതേ ലോക-ത്തിൻപ്രഭയാം
നീതിയതാകും പകലോനെ തിരുസ-ഭ ദർശിച്ചാൾ
മുറിവുകൾ കൈമേൽ-ആണി, വിലാവിന്മേൽ
ചവളമതും ക-ണ്ടധികം വ്യസനിച്ചാൾ
തിരുസവിധത്തിലടുത്തേവം ചൊന്നാ-ളുത്തരമായ്
ഞങ്ങളെയോർത്തു മരിച്ചതിനാൽ ഞാനും-മമസുതരും
ഹാലേലുയ്യാ നിന്നെ വണങ്ങുന്നു.

## വീണ്ടും കോലോ

(സൊഹദേ പ്താഹ്ഗാസൈക്കൂൻ)

സകലജനങ്ങളുമേ കേൾപ്പിൻ
ക്രൂശിച്ചോൾ ചെയ്തെന്തെന്ന്
ഭൂവാസികളേ ശ്രദ്ധിപ്പിൻ.



@FIOK*.MOC.KTYM

നാഥനെയവൾ തൂക്കി തരുവിൽ

കുന്തം കുത്തി വിലാവു തുറ-

ന്നൊഴുകി സകല ജഗത്പുണ്യം.

ഹാ ... ഹാ ... നൽകും ശോണിതവും നീരും.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

ധാർമ്മിക രക്തത്തിന്മേൽ ഞാൻ

കുറ്റമൊഴിഞ്ഞോനെന്നോതി

സുതനെ വിസ്താരം ചെയ്തോൻ

വെള്ളം വാങ്ങി കൈകഴുകി

ഇവനുടെ രക്തം ഞങ്ങളിലും

സുതരിലുമെന്നൊന്നായാർത്താർ

ഹാ ... ഹാ ... അവരെ വഹിച്ചോൻ സംസ്തുത്യൻ.

(അല്ലെങ്കിൽ)

1. സകല ജാതികളുമേ ഇതു കേൾപ്പിൻ, സകല ഭൂതലവാസികളുമേ ശ്രദ്ധിപ്പിൻ. ക്രൂശിച്ചവർ മരത്തിന്മേൽ അവരുടെ നാഥനെ തൂക്കുകയും/ കുന്തത്താൽ തന്റെ വിലാവിനെ തുറക്കുകയും/ ലോകം ഒക്കെയുടെ വിമോചനത്തിനായി/ രക്തവും വെള്ളവും അതിൽനിന്നൊഴുക്കുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. പുത്രനെ വിധിച്ച ന്യായാധിപൻ/ വെള്ളം വാങ്ങി കൈകൾ കഴുകി. ഞാൻ ഈ നീതിമാന്റെ രക്തത്തിൽനിന്ന്/ കുറ്റമൊഴിഞ്ഞവനായിരിക്കും എന്ന് പറഞ്ഞു. അവരെല്ലാവരും അട്ടഹസിച്ച്/ അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികൾമേലും ഇരിക്കട്ടെ എന്ന് പറഞ്ഞു.

## ബോവുത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ

താഴ്ചകളേറ്റം-ധന്യം നാഥാ.

1. താതയുതം ദ്യോ-വു വിരിച്ചോനെ

ചമ്മട്ടി വിരി-ച്ചവർ താഡിച്ചു.



@FIOK*.MOC.KTYM

**നിന്ദ്യസ്കീപ്പാ-ഏൽപ്പാനേകി**
**ലോകാധർമ്മം-മോചിച്ചീടാൻ**
**അവനെ ഗോഗുൽ-ത്താമേൽ തൂക്കി.**

2. **ആദം ഹവ്വാ-യെന്നോർക്കേകി**
**പറുദീസിൽ താൻ-തേജോവസ്ത്രം**
**തൻ തുകിൽ ചീന്തി-ആദാംമക്കൾ**
**പറുദീസായിൻ-നന്മയ്ക്കെതിരായ്**
**ചീട്ടിട്ടാർ തൻ-വസ്ത്രത്തിന്നായ്.**

3. **സൽസേവകരാം-സഭയുടെ മക്കൾ**
**ഉചിതസ്തുതി രാ-ജാവിന്നേകും**
**കൂലിക്കവരെ-കൂട്ടിച്ചേർത്താൻ**
**മൂന്നാംമണിയിൽ തരുവിന്മീതേ**
**തൻഹാശായെ-സ്തോത്രം ചെയ്വാൻ.**
**നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ**
**വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...**

**മാർ അപ്രേം**

**ഞങ്ങൾക്കായുളവായൊരു നിൻ**
**ബഹുകഷ്ടതയാൽ കൃപ ചെയ്ക**
**നിൻഹാശായിൻ കഷ്ടതയാൽ**
**നേടണമവകാശം രാജ്യേ.**
**ദേവാ ദയയുണ്ടാ-കേണം**
**നാഥാ! കൃപ തോന്നണമൻപാൽ**

1. **വെള്ളിദിനേ ദോഷികളൊപ്പം**
**പിഴയാളികൾ നിന്നെ തൂക്കി**
**ഉടയവനെ ക്രൂശിൽ കണ്ട്**
**സൃഷ്ടിഗണം കൂരിരുളാണ്ടു**
**അട്ടഹസിച്ചാൻ തരുവിന്മേൽ**


@FIOK*.MOC.KTYM

ശ്രദ്ധിച്ചു സൃഷ്ടികളെല്ലാം
ചെറിയൊരു വീടതിലെന്നോണം
ധരണിയിലെങ്ങും കേട്ടവരും
ഗോഗുൽത്തായിന്നുപരിതലേ
നാദത്തെ ശ്രദ്ധിച്ചപ്പോൾ
മിണ്ടാ പ്രകൃതികൾ ചൊന്നേവം
ശപ്തജനത്തിനു ഹാ! കഷ്ടം. ദേവാ! ...

2. വെള്ളിദിനേ ദോഷികളൊപ്പം
പിഴയാളികൾ നിന്നെ തൂക്കി
മാധുര്യത്തിൻ നീരുറവയ്-
ക്കേകി കയ്പും പുളിവീഞ്ഞും
മന്നോർമുടി മുടയുന്നോനെ
മുള്ളുകളാൽ മുടിയണിയിച്ചാർ
ഏദൻ ചവളമൊഴിച്ചോന്റെ
ഹൃത്തു പിളർന്നു ചവളത്താൽ
ക്രൂശകരതി നിന്ദാപൂർവം
ഘോഷിച്ചാർ നീ ദൈവത്തിൻ
നന്ദനനെങ്കിൽ-സ്ലീബായിൻ
തരുവിൽ നിന്നുമിറങ്ങിവരൂ
കൽപ്പനയാൽ മൃതർ വന്നെത്തി
ദുഷ്ടജനത്തെ-ശാസിച്ചു . ദേവാ! ...

3. ഈശോ നൃപതേ! ജേതാവേ!
സ്തോത്രം തേ ത്രിത്വത്തിന്നായ്
കഷ്ടത തീണ്ടീടാത്തൊരു നിൻ
നിത്യസ്ഥിതിയതിനായ് സ്തോത്രം,
നിൻ ശ്രേഷ്ഠത വെളിവാക്കിയൊരാ
ജഡധാരണമതിനായ് സ്തോത്രം
നിന്മഹിമാവിന്നുന്നതിയെ



@FIOK*.MOC.KTYM

താഴ്ത്തിയ കരുണയ്ക്കായ് സ്തോത്രം. ദേവാ! ...

4. പിഴയാമിരുളിൽ നിന്നും നീ
ഹാശായാൽ സഭയെ കാത്തു
പീഡാതീത പ്രകൃതത്തിൽ
പീഡകൾ ജഡമതിലേറ്ററിവാൻ
താതാത്മയുതം നീ വാഴു-
ന്നത്യുന്നതിയിലനാദ്യന്തം
നീയുണ്ടാക്കിയ പറുദീസിൽ
ചേർന്നാദാം മൂന്നാം മണിയിൽ;
മൂന്നാം മണിയിൽ തരുവിന്മേൽ
ശപ്തന്മാർ നിന്നെ-തൂക്കി. ദേവാ! ...

5. സ്കീപ്പൂസായിൻ മുറിവുകളാൽ
നീ കാത്തോരിടവക നിന്നെ
ഹാലേലുയ്യാ ഗീതികളാൽ
വാഴ്ത്തുന്നൂ മൂന്നാംമണിയിൽ
പ്രേഷകതാതന്നുന്നതിയും
നതി പരിശുദ്ധാത്മാ-വിന്നും. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

## കുംപൗലൂസ്

സകലം മോചിച്ച-കുഞ്ഞാടതിധന്യൻ
സ്തുതിയഖിലം രുധിരാൽ-വിടുവിച്ചോനേ!

1. നിർമ്മലമായീടും-ജീവനയാഗത്തിൻ
സ്കീപ്പായെ കാണ്മാൻ-ജനത തിരിച്ചു.
പ്രവചിക്കുക മശിഹാ-നിന്നെയടിച്ചോനാ-
രെന്നവരുദ്ഘോഷി-ച്ചാക്ഷേപിച്ചു.



@FIOK*.MOC.KTYM

കുത്തും താഡനവും-ക്ഷമയൊടു കൈക്കൊണ്ടാൻ
ശാന്തനെ നിന്ദിച്ചാർ-കോപമവ-ന്നുണ്ടാ-യില്ല.
അദ്ഭുതകുഞ്ഞാടിൻ-കാഴ്ചയ്ക്കായ് ചെന്നു
ഉത്സവമെന്നോണം-തരുസവിധത്തിൽ.

2. സ്കീപ്പാ തോളിന്മേ-ലേന്തീടുന്നോനെ
യേരുശലേംകാരാം-നാരികൾ കണ്ടു;
ഉയിരോടാനന്ദം-ചേർത്തീടുന്നോനായ്
വിലപിച്ചീടാനവ-രാരംഭിച്ചു;
നൃപനേ! കൊണ്ടങ്ങേ-യെങ്ങിഹപോകുന്നു
രക്ഷകനേ എന്തി-ന്നിത്തരു നീ-പേറി-ടു-ന്നു.
ദാവീദിൻ ഗീതം-തംബുരുനാദത്തോ-
ടവരാലാപിച്ചി-ട്ടഴലൊടു കേണു.

3. സ്കീപ്പായേന്തീടു-ന്നവനെ കണ്ടപ്പോൾ
സ്ത്രീജനമത്യന്തം-മാലൊടു കേണു.
അവരുടെ നേരേ താ-നങ്ങു തിരിഞ്ഞോതി
നാരികളേ എന്തി-ന്നിതി കേഴുന്നു?
യേരുശലേമിന്നായ്-മുറവിളി, കാന്തന്മാർ-
ക്കാദിതനൂജർക്കായ്-നിലവിളി-ഞാൻ നിർമ്മാതാവാം
യേരുശലേമേ! നിൻ-നാശമിതാസന്നം
നിൻസുതർ ദാസ്യത്താൽ-ചിതറും നൂനം.

4. സൃഷ്ടിസമൂഹത്തെ-ഏന്തീടും വീരൻ
വന്നെത്തിച്ചേർന്നൂ-ഗോഗുൽത്തായിൽ
സീമകളെ ശക്ത്യാ-സംസ്ഥാപിച്ചോനെ
ഗോഗുൽത്തായിന്മേൽ-ശപ്തജനങ്ങൾ
തരുവാം സ്കീപ്പായെ-നാട്ടിയവർ തൂക്കി
പാണിയുഗത്തിന്മേൽ-ധർമ്മവിഹീ-നന്മാര-യ്യോ!
കാലുകളിന്മേലും-ആണിയടിച്ചേറ്റി



@FIOK*.MOC.KTYM

തരുവിന്മേൽ തന്നെ-നഗ്നം തൂക്കി.

5. സൃഷ്ടികളിൻ നാഥൻ-ക്രൂശിതനായ് തീർന്നു
സ്ലീബാത്തരുവിന്മേൽ-തൂക്കപ്പെട്ടു
എഴുതി തന്മീതേ-ഇവനിസ്രായേലിൻ
മന്നൻ രക്ഷകനാം-ഈശോയെന്നായ്
വീണിഹ വന്ദിച്ചാർ-ഹിതമല്ലെന്നാലും
ദൈവികമായീടും-മാനമവൻ-പേർക്കർപ്പിച്ചാർ
പിഴയാലന്ധതയെ-പൂണ്ട ജനത്തിന്റെ
തൽബഹുമാനത്തെ-നീതി ഗ്രഹിച്ചു.

## വൊയ്ലെക് സെഹിയൂൻ

സീ-യോനേ! മ്ശീ-ഹായെ ക്രൂശിച്ചോളേ!
ഹാ! കഷ്ടം, ഭാ-ഗ്യം സഭയേ-സ്തുതി മഹിതേ!

1. ഏ-റ്റാനടി മൗ-നം വിധിഗേ-ഹേ വിമലൻ
പൈശൂന്യത്താ-ലീശോയെ-പ്രതിയാർത്തു
വിധിനാഥാ-ഞങ്ങളെ നിന്ദിക്കും
യൗസേപ്പിൻ-സുതനെ തൂക്കിടുക
സൗഖ്യദനെ-തള്ളുകയാൽ-ഭൂവധികം ഭ്രമമാർന്നു.

2. താനടിയേറ്റ-പ്പോൾ ലെഗിയോൻ-വിറപൂണ്ടു
സ്രഷ്ടാവിനെ ധി-ക്കാരികൾ നി-ന്ദിച്ചതിനാൽ
ചിറകു വിടർ-ത്താരവരെ ചുടുവാൻ
ജനകാംഗ്യം-ശമനമവർക്കേകി
തിരുവുളമായ് ദുഷിയേറ്റാൻ-തീ പൂണ്ടോർ ശമമാർന്നു.

3. ന്യായേശാ! വാ-യിക്കുക നോ-ക്കുക നിയമം
കൊന്നീടുന്നി-ല്ലൊരുനാളും ധാർമ്മികനെ
പ്രതിദാനം-കണ്ണിനു കണ്ണല്ലോ
കുരുടർക്കായ്-കാഴ്ച കൊടുത്തീശോ
കാണിച്ചീടുക നിയമം-ചൊല്ലുന്നെന്തിഹ നീതി.



@FIOK*.MOC.KTYM

4. ഘാതകനെങ്കിൽ-നിയമത്താ-ലെന്തുളവാം
പ്രാണപ്രദനാ-ണെന്നാലെ-ന്തരുളുന്നു
ലാസറസേ!-വിധവാ നന്ദനനേ!
പ്രഭുസുതയാം-ബാലികയേ! വരുവിൻ
ഉയിർപൂണ്ടോ-രാം മൃതരേ-നിന്ദിപ്പിൻ-ക്രൂശകരെ.

5. കുറ്റം ചെയ്താ-നാദം സു-ന്ദരരൂപൻ
ദാസനെ വീണ്ടീ-ടാനുടയോൻ-നിന്നുള്ളിൽ
അടിയാനെ-പ്രതിയടിയേറ്റുടയോൻ;
സ്വകദാസൻ-സ്വാതന്ത്ര്യം നേടി
ദോഷിയെ സം-രക്ഷിപ്പാൻ-ധർമ്മപരൻ ഹിതമാർന്നു.

6. ക്രൂശകരേ ര-ക്തം വിമലം-ഞെട്ടിടുവിൻ
വീരന്മാർ തൻ-പുരിയതിനാ-ലഴിവാകും.
പ്രബലപുരി-യേരുശലേമിന്റെ
സ്ഥാപനകൾ-ക്കറുതിയടുത്തയ്യോ!
സ്കീപ്പായാൽ-നിന്നെ നശി-പ്പിക്കും നിൻ വിധിയേറ്റോൻ.

7. നീതിവിധി നാ-ഥനു നീ കാ-ണിച്ചിടുക
അന്യായത്തോ-ടുത്തമനെ-പിടികൂടി
കായേന്യർ-ദോഷികൾ പാവനമാം
ആടിൻ ര-ക്തത്തിനു ദാഹിച്ചു.
വിധിനാഥാ! ദോഷികളൊ-ത്തഴിയായ്‌വാൻ കരുതിടുക.

8. നാഥാ! നീ രക്ഷിച്ചോരാ-നാവുകളും
വായ്കളുമങ്ങേ-സ്നേഹത്തെ-വാഴ്ത്തുന്നു
സ്തോത്രം തേ-മാനവനായോനേ!
സ്തോത്രം തേ-സ്ലീബായേറ്റോനേ!
സ്തോത്രമുയിർത്താരോഹാൽ-വിമലതയെ ചേർത്തോനേ!



@FIOK*.MOC.KTYM

## സൂഗീസോ

### (ശുബഹോ ലൊക്മോർ ദ്ലൊക്സൊഗ്ദോൻ)

1. ഘാതക ധിക്കാരിയെ വെന്നോൻ
മശിഹാ ധന്യൻ ക്രൂശകിയാം
സെഹ്യോനെ വീഴ്ത്തി സ്നേഹാൽ
ചേർത്താൻ വിശ്വസ്തന്മാരെ.

2. കൊന്നിടുമണലിക്കുഞ്ഞുങ്ങൾ
പെസഹായിൽ കൂട്ടം കൂടി
തൻ പ്രിയ ശാന്തിപ്രദനെതിരായ്
ഗൂഢം തന്ത്രം ചിന്തിച്ചാർ.

3. പൈശൂന്യമതാം തീ കൂട്ടി
മതിചലനത്താലാളിച്ചു
ചിന്തകളാകും കരു തീർത്തു
ചതി നിർമ്മിച്ചു രക്ഷകനായ്.

4. സുതനെ നഗ്നം തരുവിന്മേൽ
ക്രൂശിച്ചതു ദർശിച്ചപ്പോൾ
ആടിക്കേണേരുശലേമിൻ
നാരികൾ രോദിപ്പതു കേട്ടേൻ.

5 നാഥസുതൻ തന്നാക്ഷേപം
കണ്ടു സഹിപ്പാൻ കഴിയാതെ
സൂര്യൻ മങ്ങി പ്രഭ മാഞ്ഞു
രക്തനിറം ചന്ദ്രൻ പൂണ്ടു.

6. കീറിയ പാണികൾ കണ്ടപ്പോൾ
മുറവിളി കൂട്ടി കേണേറ്റം
നാരികൾ കണ്ണീർക്കടലോടെ
രോദനഗേഹം പ്രാപിച്ചു.



@FIOK*.MOC.KTYM

7. പുളിവീഞ്ഞും കയ്പും ചേർത്തോ-
രക്കൈ ഹാ ശോഷിച്ചില്ല
ദാഹമെവർക്കും തീർപ്പോനായ്
കാടിയതും കയ്പും നൽകി.

8. അഴലൊടു ശിഷ്യന്മാർ പോയി
തായും യൗസേഫും കേണു
പട്ടക്കാർ നിന്ദാപൂർവം
വടിയാൽ തന്നെ താഡിച്ചു.

9. അക്ഷികൾ വാനത്തേക്കേറ്റി-
ട്ടട്ടഹസിച്ചാൻ താതനൊടായ്
ഹൈക്ലാ പൂകീടാനാത്മം
തൃക്കൈകളിലർപ്പിക്കുന്നേൻ.

10. മന്ദിരമറയെ താൻ കീറി
തൻ മെയ് കുന്തത്താൽ കീറി
കബറീന്നും നിർഗ്ഗതരെത്തി
ധിക്കാരികളെ ശാസിച്ചു.

11. വിധിനാഥാ കല്ലറ കാപ്പാൻ
നിൻ ഭടരോടാജ്ഞാപിക്ക
എന്നിഹ പീലാത്തോസോടായ്
നിണമോഹികളുദ്ഘോഷിച്ചു.

12. കഷ്ടത മെയ്യിൽ കൈയേറ്റ
വചനമതാം സ്വയമുദ്ഭൂതൻ
കുരിശിൽ തൂക്കപ്പെട്ടോൻ തൻ
രുധിരത്തിന്നായ് പകവീട്ടി.

13. തൻ ഗാത്രത്തിന്മേലേറ്റം
ധാർഷ്ട്യം ശപ്തന്മാർ കാട്ടി
തൻ നഗരത്തെ നിശ്ശേഷം
തൻ ക്രോധം വിദ്ധ്വംസിച്ചു.



@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാ-ഹാ-എന്നെ കയ്പവരയ്യോ തീറ്റി**
**തന്നു കുടിപ്പാൻ കൈപ്പേറും പാനീയം. ഹാ-**

**വി. മത്തായി 27 : 26 - 30, വി. യോഹന്നാൻ 19 : 5 - 11**
**വി. മർക്കോസ് 15 : 21 - 27, വി. ലൂക്കോസ് 23 : 26 - 31**

## കൗമാ

**ചോദ്യം-നിജദാസനിൽ നിന്നേ-റ്റോൻ മശിഹാ**
**വിധിനാ-ളൻപാലടിയാരിൽ-ദയ ചെയ്ക**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# വെള്ളിയാഴ്ച ആറാംമണി

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

**ദാസൻ-വിധിസമയത്താക്ഷേ-പിച്ചോനേ**

**മശിഹാ-വിധിദിവസേ കനിവാൽ-കൃപ ചെയ്ക.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**ദൈവമേ നിന്റെ കൃപ പോലെ ... (പേജ് 2)**

**എനിയോനൊ**

**(ഹൌദഹവോ ബുക്റോ)**

1. **സ്ലീബായും പീഡകളും പേറി-മുള്ളിൻ**
   **മുടി കൈയേറ്റോനേ-ദേവാ! ദയ ചെയ്തീടണമേ.**
2. **ആദത്തെ സുതസഹിതം കാപ്പാൻ**
   **സ്വഹിതാൽ-തരുവതിലാരൂഢാ ദേവാ! ...**
3. **പരിഹാസം ചെയ്‌വാൻ തൻതലയിൽ-**
   **മുള്ളിൻ-മുടിയവരണിയിച്ചു ദേവാ! ...**
4. **സ്കീപ്പാമേൽ തന്നെ കണ്ടപ്പോൾ**
   **പകലോ-നിരുളാൽ പ്രഭ നീക്കി ദേവാ! ...**
5. **സ്ലീബായാൽ മർത്യരെ രക്ഷിപ്പാൻ**
   **താണോ-രുന്നതനേ സ്തോത്രം ദേവാ! ...**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ**

**പ്രുമിയോൻ**



@FIOK*.MOC.KTYM

## കോലോ

(മശിഹോ നാഥർ ല്ഈൗത്തോക്)

ദൈവം സ്കീപ്പാമേൽ തൂങ്ങി–സൃഷ്ടികളതിസങ്കടമാർന്നു
ആകാശത്തിലെ സൈന്യങ്ങൾ–ഭയമൊടു വിഹ്വലരായ് മേവി
പീലാത്തോസിൻ സന്നിധിയിൽ
മൗലി വണങ്ങിയ സുതനെ കണ്ടപ്പോൾ
നിന്ദിതനാഥനെ സൂക്ഷിച്ചാ–സൂര്യൻ രശ്മികളെ നീക്കി
സൃഷ്ടികളെയെല്ലാ–മേന്തുന്നോനെ പിഴയെന്യേ
നിന്ദിത മണ്ണു വിധിച്ചപ്പോൾ–ആഴികളും ഭൂമീതലവും സംഭ്രമമാർന്നു.
ബാറെക്മോർ. ശുബഹോ ... മെനഓലം ...

പാർത്താലത്യന്തം ശ്രേഷ്ഠം–സത്യം മോഷകവിശ്വാസം
ആണികൾ പാണിതലങ്ങളിലും–പാദങ്ങളിലും പേറുമ്പോൾ
ക്രൂശിതനാമുടയോനോടായ്
പാപവിമോചനമർത്ഥിച്ചാൻ
സത്യം ചെയ്താൻ കീപ്പാ ഞാ–നവനെ അറിയുന്നില്ലെന്നായ്
പ്രതി, യോഹന്നാനും–ശിഷ്യന്മാരും വിട്ടോടി
നാഥാ! രാജ്യേ നിൻ വരവിൽ–സ്മൃതി ചെയ്യണമെന്നെയെന്നാ
ഘാതകനാർത്തു.

മൊറിയോ റാഹേം ...

അല്ലെങ്കിൽ

1. ദൈവം ക്രൂശിൽ തൂക്കപ്പെട്ടിരിക്കുന്നു. സൃഷ്ടികൾ വിലപിച്ചു. പീലാത്തോസിന്റെ മുമ്പാകെ തലകുനിച്ചു നിൽക്കുന്ന പുത്രനെ കണ്ടിട്ട് സ്വർഗ്ഗീയസൈന്യങ്ങൾ ഭയത്തോടും വിറയലോടുംകൂടെ നിന്നു. നാഥൻ പരിഹസിക്കപ്പെടുന്നതു കണ്ടിട്ട് സൂര്യൻ അതിന്റെ കിരണങ്ങൾ മറച്ചു കളഞ്ഞു. ഭൂമി വിറച്ചു. ആഴത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി. സൃഷ്ടികളെ വഹിച്ചിരിക്കുന്നവനെ നിന്ദ്യ മൺകട്ട ഇരുന്നുകൊണ്ട് വിധിക്കുന്നു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. കള്ളന്റെ വിശ്വാസം ഏറ്റം വലുതും യഥാർത്ഥവുമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോട് അവൻ പാപപരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറയ്ക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കണമേ എന്നവൻ പറഞ്ഞു. ശെമഓൻകീപ്പാ തന്നെ ഉപേക്ഷിച്ച് "ഞാനവനെ അറിയുന്നില്ല" എന്നാണയിട്ടു പറഞ്ഞു. യൂഹാനോനും മറ്റു ശിഷ്യന്മാരും തന്നെ ഉപേക്ഷിച്ച് ഓടിപ്പോയി. എന്നാൽ കൊലപാതകൻ, "കർത്താവേ നിന്റെ രാജ്യത്തിൽ നീ എഴുന്നള്ളുമ്പോൾ എന്നെ ഓർക്കണമേ" എന്ന് നിലവിളിച്ചു പറഞ്ഞു. മൊറിയോ...

## എത്രൊ

## വീണ്ടും കോലോ

(ഹൗ സഫ്റോ റാബോ)

1. അപ്പുലരിയിൽ നിന്നെ-സ്കീപ്പാമേൽ ദുഷ്ടർ
തൂക്കുന്നതു കണ്ടോർ-വാനിലെ ഈറേന്മാർ
ശപ്തജനം തൂക്കെ-ന്നട്ടഹസിച്ചപ്പോൾ
ചെന്നദ്ദോഷികളെ-സംഹാരം ചെയ്യാൻ - ഹാലേലുയ്യാ.
സംഘത്തോടൊന്നായ് ചേർന്നഭ്യർത്ഥിച്ചാർ.

2. സിംഹാസനപീഠേ-പൂഴി ഞെളിഞ്ഞേറി
വിധിനായകപതിയെ-വിസ്താരം ചെയ്തു
തൂക്കുക മരണത്തി-ന്നർഹൻ യേശുവിനെ
ബറാബാസിനെ വിടുകെ-ന്നാർത്തു സപ്രേന്മാർ-ഹാലേ....
തൻസ്മൃതി മായിച്ചോൻ വാഴ്ത്തപ്പെട്ടോനാം.

1. കർത്താവേ, നീ ദുഷ്ടന്മാരുടെ കൈകളാൽ/ സ്കീപ്പായിൽ തറയ്ക്കപ്പെട്ടിരിക്കുന്നതിനെ/ മേലുള്ള ഈറേന്മാർ കണ്ട സമയത്ത് അവർ കൂട്ടംകൂട്ടമായി പരസ്പരം ചേർന്ന്/ ആ ദുഷ്ടന്മാരുടെമേൽ ഇറങ്ങി/ അവനെ ക്രൂശിക്ക എന്നട്ടഹസിച്ച ശപിക്കപ്പെട്ടവരെ/ നശിപ്പിക്കാൻ തിരക്കു കൂട്ടി. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. മൺകട്ട സിംഹാസനത്തിൽ ഇരുന്ന് വമ്പു ഭാവിച്ച്/ ന്യായാധിപന്മാരുടെ ന്യായാധിപനെ വിസ്തരിച്ചു. ജനത്തിന്റെ സപ്രേന്മാർ/ 'ബാറാബായെ അഴിച്ചു വിടുക,/ മരണയോഗ്യനായ യേശുവിനെ ക്രൂശിക്ക' എന്നട്ടഹസിച്ചു. അവരുടെ ഓർമ്മ ഇനിയും ഉണ്ടാകാതവണ്ണം/ അവരെ മായിച്ചുകളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ റാഹേം ...

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ.

1. ഇരുളിൻ സുതരാം-മൂഢാത്മാക്കൾ
ദൈവികനാകും-കുഞ്ഞാടിനെയാ
സ്കീപ്പൂസായിൻ-തരുവിൽ തൂക്കി
ബഹുവാകും തൻ-നന്മയ്ക്കെതിരായ്
കയ്പ്പേറിയതാം-പുളിവീഞ്ഞേകി.

2. യീഹൂദിലെ ദാ-രുണവൃത്തം ക-
ണ്ടുരു ശൈലങ്ങൾ-പൊട്ടിക്കീറി
ഏദനിലാദാ-മിനെ നിർമ്മിച്ച
പാണികളിന്മേ-ലാണി തറയ്ക്കേ,
ഖേദം യൂദർ-ക്കുണ്ടായില്ല.

3. ശിശു കേസരിയ-ത്തരുവിൽ ചീറി
ഇരുളിൻ സുതരാം-ജംബുകരോടി
ദുഷ്ടാത്മാക്കൾ-വിസ്മയമാർന്നു
തന്നുടെ മകുടം-നിപതിച്ചതിനാൽ
പാപാധിപനാം-സാത്താൻ കേണു.
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ.

മൊറിയോ റാഹേം ...

## മാർ യാക്കോബ്

മശിഹാ-സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥന കേ-ട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേണം.
ദേവാ! ദയയുണ്ടാ-കേണം-നാഥാ!
കൃപ തോന്നണമൻപാൽ.



@FIOK*.MOC.KTYM

1. യാഗാർത്ഥം-ജീവനെഴും ദൈവിക കുഞ്ഞാ-ടെത്തി
അർപ്പകരാ-മാചാര്യന്മാരായ് ക്രൂശകർ-നിന്നു
ഗോഗുൽ-ത്തായിൽസ്ലീബായാം തരുവിന്മേൽ തൂക്കി
ദുർവേല-ക്കാരക്കല്ലേറ്റി കെട്ടി-ന്മീതേ
ആഴം വി-ണ്ണെന്നിവകൾക്കിടയിൽ തൂണായ്-നാട്ടി
നിന്നാൻ വീ-രൻ പോൽ ലോകത്തിൻ ഭാരം താങ്ങാൻ. ദേവാ!...

2. മദ്ധ്യാഹ്ന-ത്തിൽ കൂരിരുൾ കുന്നിച്ചിക്ഷിതി-മൂടി
ജ്യോതി-സിന്മേൽ കോയ്മയവന്നെന്നതിനാൽ തേറി
വെള്ളിയിൽ-വെട്ടം തേജസ്വിയെ വാഴ്ത്തീടാൻ മാഞ്ഞു
സ്ലീബായേ-റ്റോൻ ദൈവാത്മജനെന്നുലകം-കണ്ടു
മദ്ധ്യാഹ്ന-ത്തിൽ വൃക്ഷഫലത്തെ ആദാം-തിന്നു
ലജ്ജാപൂർവ്വം തൻ മൂഢതയിൽ കമ്പം പൂണ്ടാൻ- ദേവാ!...

3. വസ്ത്രം സർ-പ്പം റാഞ്ചീടുകയാൽ നൃപനെ-ചാർത്താൻ
പകലിന്നു-ള്ളിൽ രാവു കരേറി സ്ഥാനം-നേടി
നഗ്നതപൂ-ണ്ടോരുടയോനെ കണ്ടടിയാൻ-സൂര്യൻ
ഘോരാ-ക്ഷേപം കാണായ്‌വാൻ തൻ നയനം ചിമ്മി
നോഹിൻനാ-ഥൻ തൻ നഗ്നത കാ-ണായ്‌വാൻ-ശേമും
യാഫേത്തും-പോൽ രവിയും മതിയും വദനം-മൂടി ദേവാ!...

4. സ്കീപ്പാ-യിന്മേൽ നീതിമഹാർക്കൻ മേവീ-ടുമ്പോൾ
സൃഷ്ടികളിൽ ഞാനെങ്ങനുദിക്കും ചൊന്നാൻ-സൂര്യൻ
മോഷകമ-ദ്ധ്യേ നാഥനെ നഗ്നം ദർശിച്ച-പ്പോൾ
തൻ തേജ-സ്സിനെ എങ്ങനെ പകലോൻ വെളിവാക്കീടും
ജ്യോതിർവ്യൂ-ഹത്താൽ പൂർണ്ണമതാം തേജോ-ഗോളം
വൃക്ഷത്തി-ന്മേൽ നാഥനെ ദർശിച്ചന്ധത-പൂണ്ടു. ദേവാ!...

5. മദ്ധ്യാഹ്നേ-നഗ്നതയാർന്നാൻ പുത്രൻ സ്കീ-പ്പാമേൽ
ആദത്തെ-കൊന്ന മഹാസർപ്പം പേടിച്ചാർത്തു.
ദൃഷ്ടാന്തേ-ശി രഹസ്യം നിറയും ഹാശാ-വെള്ളി!



@FIOK*.MOC.KTYM

നിൻ വൃത്താ-ന്തം വർണ്ണിപ്പാനെൻ വദനം-പോരാ
ആറാം നാളിൽ പറുദീസിൽ നിന്നാദാം-നീങ്ങി
അന്നാളിൽ-താൻ ദേവതനൂജൻ സ്കീപ്പാ-യേറി. ദേവാ!....
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.
ദേവാ! ...

## (കുംപൗലൂസ്)

ബലികളെ നീക്കീടും-തിരുബലി ധന്യം താൻ
പുണ്യം നൽകീടും-ബലിയേ! സ്തോത്രം.

1. അഗ്നിത്തേരിന്മേൽ-സ്ഥിതി ചെയ്യുന്നോനെ
സ്കീപ്പാ മേലേറ്റി-വെള്ളിദിനത്തിൽ
വച്ചു തറച്ചാർ തൻ-പാണികളത്യുഗ്രം
കാലുകളും ലേശം-കരളലിവെന്യേ.
ആംഗ്യത്താൽ വാനോ-ടാഴവുമേന്തുന്നോൻ
തിരുവിഷ്ടം മൂലം-സ്കീപ്പായെ താനേ-ഏന്തി
ഈറേന്മാർ ചൂളും-കാന്തിയെ ഏന്തുന്നോൻ
തരുവിന്മേൽ നഗ്നം-തൂക്കപ്പെട്ടു.

2. വെള്ളിയതാം നാളിൽ-സൃഷ്ടിഗണം കേണു
ജനനികളേകന്റെ-കഷ്ടതകൾക്കായ്
രോദനഗേഹത്തെ-പുത്രനു നിർമ്മിച്ചു
സ്വർഗ്ഗാദ്യാത്മജനെ-ഓർത്തു കരഞ്ഞാർ
ജ്യോതിസാൽ വാനും-പാറകളാൽ പാരും
മൃതരാൽ ശീയോളും തിരുമാഹാ-ത്മ്യം ഘോ-ഷിച്ചു
തൻ മാഹാത്മ്യത്തിൻ-ഭാവമറിഞ്ഞീടാ-
തന്ധതപൂണ്ടേറ്റം-ക്രൂശകസംഘം.

3. നിബി മുമ്പേറായി-ചൊന്നതുപോൽ ഭൂവിൽ
വെള്ളിയതാം നാളിൽ-കൂരിരുളേറി



@FIOK*.MOC.KTYM

ദ്വേഷത്താൽ തൂക്കി-ക്കൊല്ലപ്പെട്ടോനാ-
മേക സുതൻപേർക്കായ്-രോദനമുണ്ടായ്
അന്ധജനത്തിന്നായ്-ബഹുകഷ്ടം നേർന്നാൻ
അവരുടെയാനന്ദം-വ്യാധിയുമാ-ധിയുമായ്-മാറി
തൽപെരുന്നാളെല്ലാം-വിട്ട ജനത്തിന്റെ
മോദത്തെ നീക്കും-വ്യഥയുണ്ടായി.

4. വെള്ളിയിൽ വംശത്തിൻ-പതിയെ പറുദീസിൽ
ആദാമേ! നീ എ-ങ്ങെന്നു വിളിച്ചാൻ
ഏലോഹീം ലാമാ-ശബക്താനിത്യേവം
തരുവിൽ ഘോഷിച്ചാൻ-വെള്ളിയതാം നാൾ
വെള്ളിയിലാദത്തെ-സർപ്പം വഞ്ചിച്ചു
തൽ പിഴയെ താനും-വെള്ളിയതാം നാൾ മാ-യിച്ചു
അന്ധത ബോധത്തി-ന്നേറ്റ ജനത്തിന്മേൽ
വെള്ളിയതാം നാളിൽ-സൂര്യനിരുണ്ടു.

5. തന്നെ വഹിച്ചോര-ത്തരുവിന്നാൾ കേണു
മുറവിളിയോടേവം-ചൊന്നു തുടങ്ങി
കഷ്ടമെനിക്കേറ്റം-ഞാനയ്യോ ദോഷി
ദുഷ്പ്രതിദാനം ഞാൻ-രക്ഷകനേകി
മഴ മഞ്ഞെന്നിവയാൽ-അവനെന്നെ പോറ്റി
അപകാരത്താൽ ഞാൻ-അവനെ സ്കീപ്പാ മേ-ലേന്തി
സൃഷ്ടിസമൂഹത്തിൻ-പതിയെ ക്രൂശിച്ച
ദുർയൂദന്മാരേ-ദോഷം! ദോഷം!

6. പാർത്താൾ പാവനയാം-ദാവീദിൻ തനയ
തരുവിൽ ക്രൂശിതനാ-മേകാത്മജനെ
വീർപ്പിടുമുൾക്കാമ്പോ-ടേറ്റം രോദിച്ചാൾ
ബാഷ്പം വർഷിച്ചാൾ-മിഴികളിൽ നിന്നും



@FIOK*.MOC.KTYM

തരുവിന്മേൽ തൂക്കി-മാർവ്വു പിളർന്നോൻ തൻ
ചാരേ ചെന്നെത്തി-സങ്കടപൂർവ്വം-ഭാഷി-ച്ചാൾ
പാണിതലത്താൽ തൻ-മാർവ്വിൽ താഡിച്ച്
വിഹ്വലമാനസയാം-നിർമ്മല കേണു.

7. നിർമ്മലയാം മാട-പ്രാവിഹ രോദിച്ചു
സ്നേഹിതനാകും തൻ-കഴുകനു വേണ്ടി
തിരുവിഷ്ടത്തോടെൻ-മകനായോരീശാ
ഹതി മൃതികൾക്കായ് നീ-പോയതുമെന്ത്?
ഉജ്ജ്വലതേജസ്സേ-മഹിമാവേറും നിൻ
രശ്മികളെ ഏവൻ-വീശിടുവാൻ-ധൈര്യം-കാട്ടി
വിഷ്ടപവീരാ നീ-കെട്ടപ്പെട്ടാരാൽ?
തരുവിന്മേൽ നീ ഹാ!-നഗ്നത പൂണ്ടു.

8. ആ രോദനനാദം-ദൈന്യതയും പാരം
സങ്കടവും വീർപ്പും-സംപ്രാപിച്ചു.
മൗലി നമിപ്പിച്ചി-ട്ടാച്ചെറുകുഞ്ഞുങ്ങൾ
പോയ പിറാവെ പോൽ-തേങ്ങിക്കേണാൾ.
ക്രൂശിതനായ് കുന്തം-കൊണ്ടു പിളർന്നോനെ
കണ്ടുൾത്താപത്തോ-ടരികേ ചെന്നാ-ശ്ലേഷി-ച്ചാൾ
ലഹരി പിടിച്ചുൾക്കാ-മ്പതിസന്താപത്താൽ
ഗദ്ഗദസമ്പൂർണ്ണം-സംസാരിച്ചാൾ.

9. ദ്യുതിയെ മറച്ചീടാൻ-രവിയൊടു കൽപ്പിക്ക
ഏകസുതാ! ചാരേ!-ഞാനണയട്ടെ
നിന്റെ നിയോഗത്താ-ലിരുളാർന്നീടട്ടെ
സ്ലീബാവൃക്ഷത്തെ-ഞാൻ പുണരട്ടെ
എന്മകനേ ഞാൻ നി-ന്നടികളെ മുത്തട്ടെ
പ്രാണപ്രദനേ നിൻ-സൗരഭ്യം ഞാ-നേൽ-ക്കട്ടെ
ദുർവൃത്തന്മാർ നിൻ-നഗ്നത കാണായ്വാൻ
അന്ധത പൂകട്ടെ-തൽ നയനങ്ങൾ.



@FIOK*.MOC.KTYM

10. ദൂതന്മാർ മുമ്പൻ-ഗബ്രീയേലേ നിൻ
എരിതീവൈരാഗ്യം-കെട്ടതുമെന്ത്?
ദുഷിയേൽക്കുന്നു നി-ന്നുടയോൻ സ്കീപ്പായിൽ
അഗ്നിമയാ മൗനം-പൂണ്ടതുമെന്ത്?
ഓ! മീഖായേലേ-തീക്ഷ്ണമതേ കാൺക
തന്റെ വിലാവിന്മേൽ-ദ്വേഷികൾ കുന്തത്താൽ കുത്തി
പത്തു സഹസ്രത്തെ-വീഴ്ത്തിയ നിൻ വാളാൽ
ക്രൂശകരെ നാശം-ചെയ്തു മുടിക്ക.

(വൊയ്ലെക്സെഹിയൂൻ)

സീ-യോനേ! മ്ശീ-ഹായെ ക്രൂശിച്ചോളേ!
ഹാ! കഷ്ടം ഭാ-ഗ്യം സഭയേ സ്തുതി മഹിതേ!

1. തേജോനാഥൻ-സ്ലീബായിന്മേലേറി
പാവനനെ കൊ-ന്നീടാൻ ക്രൂശകരാർത്തു
നാശകരാം-ചെന്നായ്ക്കൾ ചുറ്റി
നിർമ്മല കു-ഞ്ഞാടതിനെ ചീന്തി
ഹിതമൊടു വേ-ദനയേറ്റേ-വരെയും വീ-ണ്ടാൻ കുരിശാൽ

2. തേജസ്സുതരാം-ശിഷ്യന്മാർ പാഞ്ഞോടി
കൂരിരുളുകൾ തേ-ജോമയനെ പിടികൂടി
ദ്വേഷത്താൽ കയ്യാപ്പാ താനും
ഹന്നാനും-വാമവശാധിപനാം
യൂദായും-ദക്ഷിണഭാ-ഗാധിപനെ ക്രൂശിച്ചു.

3. ചൊല്ലുന്നു മരം-കഷ്ടമെനിക്കെന്തുളവായ്
സൃഷ്ടീശനെയെൻ-മീതേ ഹാ! കുരിശിച്ചാർ
മഴമഞ്ഞെ-ന്നിവയാലവനെന്നെ
പോറ്റീ, ഞാ-നപകാരം ചെയ്തു
മശിഹാതൻ-ക്രൂശകരാം-യൂദന്മാരേ കഷ്ടം!



@FIOK*.MOC.KTYM

4. നാഥാ! മകനേ!–കുരിശിച്ചാരിത്തരുവിൽ
ഉന്നതസുതനേ!–ദ്വേഷിച്ചെന്തിനു പകയർ
സകലർക്കും–നന്മകൾ നീയരുളി
ആരോഗ്യം നിഖിലർക്കും നൽകി
പ്രതിഫലമായ്–സ്കീപ്പാമേ–ലെന്തിന്നി–പ്പരിഹാസം.

5. ദോഷം ചെയ്തെ–ന്തോരുശലേം പുത്രികളേ!
എൻ പുത്രൻ കാ–ന്തർക്കുപകാരം ചെയ്തു
തുപ്പലിനാൽ–കാഴ്ച കൊടുത്തന്ധർ–
ക്കരുളാൽ കു–ഷ്ഠാർത്തർക്കമലതയും
കാന്തസുത–ന്മാരവനെ പ്രതിഫലമായ് താഡിച്ചു.

6. നാഥാ! മകനേ!–എങ്ങനെ ഞാൻ കേഴേണം
തോഴികളും പാ–വനമാം സംഘവുമെന്യേ
സ്കീപ്പായെ–ഘാതകർ ചൂഴുന്നു
ദ്വേഷികൾ നിൻ–മൃതിയതിനുഴറുന്നു
മൂകമതാം–സൃഷ്ടിക്കേ–കുക കേഴാനാരാവം.

7. മൂകതയോ നിർ–മ്മലരക്തം വീണധരേ!
ചേലയെഴുന്നോ–ർക്കുൾഭ്രമമേറ്റുക വലുതാം
പാറകളേ! ആർക്കുക കല്ലുകളേ!
ശാസിപ്പിൻ ക്രൂശകരെ നിങ്ങൾ
താൻ നഗ്നൻ പ്രകൃതികളേ!–ആംഗ്യത്താ–ലിളകിടുവിൻ

8. ഓ! എഴുന്നേൽപ്പിൻ–സൃഷ്ടികളേ–പിതൃഭവന–
ത്തായകളേ കേ–ഴിൻ മൃതിപൂകും സുതനായ്
സുതനേകൻ–തമ്മിലിളക്കിടുവിൻ
തിരുമഹിമാ–വേറ്റം നിരസിച്ച
ക്രൂശകരെ–ഭീകരമാം–നെടുവീർപ്പാൽ–ശാസിപ്പാൻ.

9. ഉഗ്രന്മാരാ–മുജ്ജ്വല ദൂതന്മാരേ
തൻ നഗ്നത ക–ണ്ടെന്തെരിയാതമരുന്നു


@FIOK*.MOC.KTYM

നിങ്ങളിൽ ര-ണ്ടാളുകൾ സോദോമിൽ
നിന്ദിതരായ്-തൽപുരി തീയ്ക്കിരയായ്
വാനവരേ! ക്ഷമയരുതേ-ദുഷിയേറ്റീടുന്നുടയോൻ.

10. സ്കീപ്പായെ ചൂ-ഴുന്നോരാം ദ്രോഹികളിൽ
അത്യുന്നതരേ!-വൈരാഗ്യത്തീ ചൊരിവിൻ
രക്ഷകനെ-തൂക്കിയ ജനതയ്ക്കായ്
ചിറകുകളിൽ-തീക്കനലേന്തിടുവിൻ
വാനവരേ! തന്നാംഗ്യം-രോധിച്ചോ-ക്ഷമയെന്ത്?

**ഏവൻഗേലിയോൻ**

(പെസ്ഗോമോ)

ഹാ-ഹാ- എന്നെ കയ്പവരയ്യോ തീറ്റി
തന്നു കുടിപ്പാൻ കയ്പേറും പാനീയം. ഹാ-

| | |
|---|---|
| വി. യോഹന്നാൻ | 19 : 15 – 22 |
| വി. മത്തായി | 27 : 38 – 44 |
| വി. മർക്കോസ് | 15 : 29 – 32 |
| വി. ലൂക്കോസ് | 23 : 34 – 43 |

**കൗമാ**

നാഥാ! നിൻ വരവിൻ മഹിമാദിവസത്തിൽ
അടിയാ-രെ ഓർക്കുക കള്ള-നെയെന്നതുപോൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# വെള്ളിയാഴ്ച ഒമ്പതാംമണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ
സ്കീപ്പാ-യാൽ ക്രൂശകിയെ മാ-യിച്ചോനേ മശിഹാ
കോട്ടയുമഭയവുമാം, നിൻ സ്ലീബാ.
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...
ദൈവമേ നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനൊ

## (ബസ്കീഫോ അം ആവോലെ)

1. സന്ദർശിപ്പാനാഗതനാം-
സൽസുതനെ ദ്രോഹികളൊപ്പം
ദോഷികളെണ്ണി സ്കീ-പ്പാ-മേൽ.
2. ദേവേശനു ദാഹിച്ചപ്പോൾ-
പുളിവീഞ്ഞും കയ്പും നൽകി
നിറവേറി നിബിതൻ-വാ-ക്യം.
3. മന്നൻ ദാവീദോതിയപോൽ-
തൻ വസ്ത്രത്തെ പങ്കിട്ടാർ
ചീട്ടിട്ടാർ തന്ന-ങ്കി-ക്കായ്.
4. വിശ്വസ്ത സഭാമക്കൾക്കായ്-
സ്ലീബാ കെൽപ്പിയലും വലുതാം
ആയുധമായ് തീർത്തോൻ-ധ-ന്യൻ.
5. ദുഷ്ടൻ തൻ സേനകളിവയിൽ
വിശ്വാസിനിയാം വിമലസഭ-
യ്ക്കാകട്ടെ സ്ലീബാ-കോ-ട്ട.

ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

6. സ്ലീബായാൽ സഭ രക്ഷിതയായ്
സ്ലീബായെ വെടിയാത്തതിനാൽ
സ്ലീബായതിനെ കാ-ക്കു-ന്നു.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

പ്രുമിയോൻ

കോലോ

(കൂക്കോയോ)

മൃതിയെ രുചിച്ചാൻ ദേവേശൻ-സ്ലീബാ മേലേറി
പാതാളക്കോട്ട തകർത്താൻ-മൃതലോകം പൂകി
കതകുകളും ചെ-മ്പോടാമ്പലുമൊപ്പം
അഴകറ്റോനാ-മാദാമിനു ജീവൻ
നൽകിത്തന്നുത്ഥാനത്തെ-നമ്പിടുമാദാമിൻ
സുതർയാനം ചെയ്യേണ്ടോരാ-കബറീന്നും പറുദീസ്
ഹാലേലുയ്യാ-പൂകും വഴികാട്ടി.
ബാറെക്മോർ. ശുബഹോ ... മെനഓലം ...
ജഗതീനാഥൻ ദൈവസുതൻ-സ്കീപ്പാ-യിന്മേൽ
മൗലി നമിച്ചാത്മത്തെ തൻ-പിതൃപാണിയിലേകി
പാറകൾ കീറി-കല്ലറകൾ വിണ്ടു
സൃഷ്ടികളെല്ലാം-ആശ്ചര്യം പൂണ്ടു.
ദൈവസുതന്റെ വിലാവയ്യോ-യൂദന്മാർ ചീന്തി
പുണ്യം ലോകത്തിനു നൽകും-ജലവും ശോണിതവും
ഹാലേലുയ്യാ-പ്രവഹിച്ചതിൽനിന്നും.

വീണ്ടും കോലോ

(തൂബൈക് ഈത്തോ)

വൃക്ഷത്തിന്മേൽ പാണിപദങ്ങളിലാണിയടി-
ച്ചുടയോൻ ക്രൂശിതനായപ്പോൾ മോചനമർത്ഥിച്ചൊരു ചോരൻ
തൻവിശ്വാസം ബഹുശ്രേഷ്ഠം-ചൊന്നാൻ പോക്കുക മമ ദോഷം

ശീമോൻ കണ്ടുനിഷേധിച്ചാൻ നിന്നാൻ യൂഹാന്നോനകലെ
ഘോഷിച്ചാൻ ചോരൻ നാഥാ-ഓർക്കണമെന്നെ നിൻ രാ-ജ്യേ.
ബാറെക്മോർ - ശുബഹോ - മെനഓലം
തരുവിൽതൂങ്ങി തസ്കരരിടയിൽ വിടർന്നവനാം
സുതനെ കണ്ടഗ്ന്യാത്മീയർ-തൻ നിവഹം-വിസ്മയമാണ്ടു
തൻ നഗ്നതയെ കാണായ്വാൻ-കതിരോൻ കതിരുകളെ മൂടി
ആംഗ്യത്താൽ മാനത്തെയും-വീര്യത്താലിക്ഷിതിയെയും
തീർത്തോൻ തൻ നഗ്നതയെ ക-ണ്ടൂഴിയുമംബരവും ഞെട്ടി.

1. കള്ളന്റെ വിശ്വാസം ഏറ്റവും വലുതും/ യഥാർത്ഥവുമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോട്/ അവൻ പാപപരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറയ്ക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കണമേ എന്ന് അവൻ പറഞ്ഞു. ശെമഓൻ തന്നെ ഉപേക്ഷിച്ചു പറഞ്ഞു. യൂഹാനോൻ അകലെ നിന്നു. നിന്റെ രാജ്യത്തിൽ നീ എന്നെ ഓർക്കണമേ എന്ന് കള്ളൻ അട്ടഹസിച്ചു പറഞ്ഞു.

ബാറെക്മോർ - ശുബഹോ - മെനഓലം

2. മരത്തിന്മേൽ തൂക്കപ്പെട്ടും/ കള്ളന്മാരുടെയിടയിൽ വിധിക്കപ്പെട്ടും കിടക്കുന്ന പുത്രനിൽ/ അഗ്നിമയന്മാരും ആത്മമയന്മാരുമായ ഈറേന്മാരുടെ കൂട്ടങ്ങൾ അത്ഭുതപ്പെട്ടു. സൂര്യൻ അതിന്റെ കിരണങ്ങൾ/ തന്റെ നഗ്നത കാണാതിരിക്കത്തക്കവണ്ണം ഒതുക്കിക്കളഞ്ഞു. സ്വശക്തിയാൽ ഭൂമിയെ രൂപപ്പെടുത്തുകയും/ ആംഗ്യത്താൽ ആകാശത്തെ വിരിക്കുകയും ചെയ്തവൻ/ വസ്ത്രം ഉരിഞ്ഞും നഗ്നനായും കിടക്കുന്നത്/ ആകാശവും ഭൂമിയും കണ്ടപ്പോൾ ഇളകിപ്പോയി.

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ ഏറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

1. ഉരുകിപ്പോയില്ലാണികൾ-കൈയിൽ
വെന്തില്ലേതും നിൻ ഹന്താക്കൾ
സ്വയമേ താണൊരു-സിംഹക്കുട്ടി;
ഏദനിൽ മൃതനാമാദാമിന്നുയിർ
നൽകാൻ പീഡാമൃതി നീയേറ്റു.



@FIOK*.MOC.KTYM

2. ക്രൂശിൽ മൃതിയേറ്റോനുച്ചത്തിൽ
ഘോഷിച്ചപ്പോൾ ശിലകൾ വീണു
തീയേറ്റതുപോൽ-കല്ലുകൾ കീറി
ബഹുസംഭ്രമമോടലറി ഭൂമി
പെൺസിംഹംപോൽ സൃഷ്ടികൾ ചീറി.

3. പ്രഭയോലും പൂക്കൾക്കായ് പകരം
ദാഹിച്ചപ്പോൾ കടുവീഞ്ഞേകി
റോസാ-പുഷ്പ-ങ്ങൾക്കായ് പകരം
അവിവേകത്താ-ലാ ദുഷ്ടന്മാർ
മുള്ളിൻമുടി തൻ തലയിൽ ചാർത്തി.

4. പാടേറ്റോനേ! ജീവാത്മജനേ!
റൂഹാസഹിതം താതനിലേകാ!
സ്തുതി തേ സ്തുതിയാം-താരും സർവ്വ
സ്തോത്രപ്പൂവിൻ കുലയും തേജോ-
മകുടത്തിന്മേലണിയിക്കുന്നു.
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

## മാർ യാക്കോബ്

മശിഹാ സ്കീ-പ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ
പ്രാർത്ഥനകേ-ട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേണം
ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്നണമൻപാൽ

1. ചൊന്നാൾ ദുഃ-ഖധ്വനിയോടേവം ഞാൻ ശ്ര-ദ്ധിച്ചു
ചൊല്ലുന്നോരാ-വചനമതെന്തെന്നറിവാ-നായി
നാഥാ! സീ-യോൻകോട്ട തകർക്കട്ടെ നിൻ സ്ലീബാ
നിന്നെ ദ്വേ-ഷിച്ചൊരു കണ്ണുകളന്ധത പൂ-കട്ടെ. ദേവാ! ...

2. പാടേറ്റോ-നെ പാടിനു വിട്ടൊരു താതൻ-സ്തുത്യൻ



@FIOK*.MOC.KTYM

പീഡാ ഹീ-നാ സ്തുതി ഞങ്ങൾക്കായ് പാടേ-റ്റോനേ
റൂഹ്ക്കുദിശാ! പീഡാമൃതിഹീനാ! വന്ദിക്കുന്നേൻ
ത്രിത്വപ്രഭ-യാമേക പ്രകൃതത്തിന്നായ്-സ്തോത്രം.ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു ദേവാ! ...

## കുംപൗലോസ്

ധന്യൻ തൻ മൃതിയാൽ-മരണത്തെക്കൊന്ന്
പാതാളസ്ഥർക്കായ്-വിടുതൽ കൊടുത്തോൻ.

1. സൃഷ്ടികളെയെല്ലാം-കൈകളിലേന്തിക്കൊ-
ണ്ടുടയോൻ നിന്നാന-ക്കാൽവറി മീതേ
വീഴ്ച ഭവിച്ചോനാ-മാദാമിൻ പേർക്കായ്
രക്ഷകനായ് പാരിൻ-നടുവിലുദിച്ചാൻ
സൃഷ്ടികളെ ജീവ-ദ്ധ്വനി കമ്പിപ്പിച്ചു
തിരുമഹിമാവോ താൻ-പരിശുദ്ധന്മാർ-ക്കുയിരേകി
ഭൂസ്വർഗ്ഗങ്ങൾ തൻ-മദ്ധ്യേ ക്രൂശിതനായ്;
സ്കീപ്പായാലെങ്ങും-ശാന്തി പരന്നു.

2. സ്കീപ്പായിക്കാർന്നോ-രേകസുതൻ തന്നെ
യേരുശലേംകാരാം-സ്ത്രീകൾ ദുഷിച്ചു
അറിയാതെന്നാലും-പ്രവചനവാക്യത്തിൽ
ശാപത്തെ ഘോഷി-ച്ചധികം കേണു.
ഘാതകഖഡ്ഗത്തോ-ടടിമത്തത്തിന്നായ്
പോയീടുന്നതിനാ-ലേവം പാ-രം രോ-ദിച്ചു.
നിരുപമസന്തോഷം-നൽകിയവന്നായി
നാരികളേ കേഴു-ന്നെന്തിനു നിങ്ങൾ?

3. സ്പർദ്ധാധികൃത്താൽ-ഹതനാം കർത്താവേ!
ഡംഭികൾ നിൻ-മൃതിയിൽ-വെന്തീടട്ടെ.



@FIOK*.MOC.KTYM

**സ്കീപ്പായിന്മീതേ-ഹതമാം തേജസേ**
**വഞ്ചകരെ കൽപ്പി-ച്ചില്ലാതാക്കൂ**
**സൃഷ്ടികളിൽ വാക്കും-പ്രഭയും ചേർപ്പോനേ!**
**ഏറ്റം താണതിനാ-ലവ നിന്നെ-കീർത്തിക്കട്ടെ**
**തിരുബഹുമാനത്തെ-നിരസിച്ചോരാകും**
**ജനതയ്ക്കായ് ശാപം-ഘോഷിക്കട്ടെ.**

**4.** **സൃഷ്ടിസമൂഹത്തിൻ-പതിയെ ക്രൂശിതനായ്**
**സ്ലീബാവൃക്ഷത്തിൽ-ദർശിച്ചപ്പോൾ**
**ആത്മീയന്മാർതൻ-നിവഹം ക്ഷോഭിച്ചു**
**വഗ്നിമയന്മാരും സംഭ്രമമാണ്ടു.**
**ക്രൂശകവൃന്ദത്തെ-ചെന്നു നശിപ്പിപ്പാൻ**
**ഗബ്രീയേൽ നോക്കി-തോഴൻ മീഖായേൽതാനും**
**തിരുവുള്ളത്താൽതാൻ-തരുവിൽ ക്രൂശിതനായ്**
**അഗ്നിമയന്മാരേ! ക്ഷോഭിക്കേണ്ടാ.**

**5.** **ഏകതനൂജൻ തൻ-മഹിമയെ ഏറ്റോതി**
**സ്തോത്രം ഘോഷിച്ചാൻ-മോഷ്ടാവീ നാൾ**
**അതിഭാസ്സോടീശാ-നീ നിൻ രാജ്യത്തിൽ**
**വന്നീടുന്നേര-ത്തോർക്കണമെന്നെ.**
**എൻവരവോളം നീ-കാക്കേണ്ടെന്നോതീ-**
**ട്ടുയിർഗതിയാകുന്നോ-രച്ചാരത്തെ താ-നേകി**
**മാമക തത്ത്വത്തെ-നമ്പിയ മർത്ത്യാ! നീ**
**ഈ ദിനമെത്തീടും-പറുദീസായിൽ.**

**6.** **ധർമ്മവിഹീനന്മാർ-തരുവിൽ-ക്രൂശിച്ചോ-**
**രുടയോനെ കണ്ടി-ട്ടടിയാൻ സൂര്യൻ**
**കതിരുകളെ നീക്കി-സ്കീപ്പായിന്മീതേ**
**ഭൂപതിയർഹിക്കും-ബഹുമതി നൽകി.**
**അന്ധത പൂണ്ടീടും-ജനനിവഹത്തിന്മേ-**
**ലെങ്ങനെയാ സൂര്യൻ-സ്വപ്രഭയെ ശോഭി-പ്പിക്കും**



@FIOK*.MOC.KTYM

ക്രൂശകവൃന്ദത്തി-ന്നൊളി നൽകീടായ്‌വാൻ
രശ്മികളെ അർക്കൻ-നിഷ്പ്രഭമാക്കി.

7. ജീവമയൻ ജീവൻ-മണ്ണയനേകീടാൻ
സ്ലീബായിന്മീതേ-മരണം പൂണ്ടു
സാക്ഷിച്ചീടുന്നു-തൽമൃതിയെ വെള്ളം
ഘോഷിക്കുന്നേറ്റം-ജീവനെ രക്തം.
ദൈവിക കുഞ്ഞാടേ!-നിൻമൃതി സത്യം താൻ
ഉന്നതപുത്രാ നീ-ജീവനെഴുന്നോൻ-സത്യം താൻ
ഉയിരുടയോനാം നീ-മൃതനായ് വാഴുന്നു
ഭൂമിയിലും മേലും-സീമയിലെങ്ങും.

## കള്ളന്മാരുടെ സംവാദം

1. ഭൂജാതികളേ! വന്നെത്തി
തസ്ക്കരനാദം ശ്രദ്ധിപ്പിൻ
തന്മദ്ധ്യ ഗതം സംവാദം
നേരായാരാഞ്ഞീക്ഷിപ്പിൻ.
2. മദ്ധ്യേ കർത്താവിൻ സ്കീപ്പാ
ചായാത്തൊരു ന്യായാധിപനായ്
സത്യമെഴും ത്രാസെന്നോണം-
തദ്വചനം നന്നായ് തൂക്കി.
3. നിഖിലേശനൊടോതി ചോരൻ
നിൻവരവിൻ നാളോർക്കെന്നെ
അവ്യയരാജ്യേ കാരുണ്യം
തടവെന്യേ ഞാൻ കാണട്ടെ.
4. ഇടതുവശത്തായ് ക്രൂശേറ്റോൻ
തോഴൻ കേട്ടേവം ചൊന്നാൻ
എന്തിനിവൻ രാജാവെങ്കിൽ
നിന്ദ്യസ്കീപ്പാമേലേറി?



@FIOK*.MOC.KTYM

5. നിൻ സ്നേഹിതനാം ഞാൻ നമ്പി
സ്ലീബായാൽ നാം വേർപെട്ടു
വെണ്മയണിഞ്ഞോൻ രക്തത്താൽ
ഉയിരരുളി ധൈര്യം പൂണ്ടേൻ.

6. നമ്മെപ്പോലാണികളേന്തി
പാടേൽപ്പതു കാണുന്നില്ലേ?
രാജ്യം തരുവോനാമെങ്കിൽ
സ്വയമൊഴിവാകട്ടെ നമ്പാം.

7. കർത്തൃവചസ്സാം താക്കോലാൽ
ഏദൻതോട്ടം പൂകും ഞാൻ
നീ തെറ്റിപ്പോയ് തെറ്റവനിൽ
ചൊന്നെന്നെ തെറ്റിക്കേണ്ടാ.

8. തരുവിൽ നമ്മെപ്പോൽ തൂങ്ങി
കഷ്ടത നമ്മെക്കാളേറ്റാൻ
രാജാവെങ്കിൽ ലെഗിയോനാ
വന്നിഹ ശാപം നീക്കട്ടെ.

9. ഈശോ പാരിൽ തരുവിന്മേൽ
വാനത്തഗ്നിത്തേരിന്മേൽ
പ്രകൃതികളുടയോനെയേറ്റു
തൻ ക്രൂശേറ്റത്താൽ വെമ്പി.

10. നിൻ ശ്രേഷ്ഠനെ നീ സൂക്ഷിക്ക
മുതുകിൽ ചാട്ടപ്പാടില്ലേ?
നീ മഹിമയവന്നോതുന്നു
നീ ചൊന്നതിനെ ആർ നമ്പും?

11. ആദാമിൻശാപം പോക്കാൻ
മൺമുള്ളുകളെ തൻമുള്ളാൽ
നീക്കിയൊരീശോ നൃപനല്ലാ-
താർക്കും കഴിവില്ലതു ചെയ്യാൻ.



@FIOK*.MOC.KTYM

12. അരുളിയപോൽ സ്കീപ്പായേറ്റോൻ-
പറുദീസ നിനക്കേകട്ടെ
നീ കാണാത്തോരേദനിലേ-
ക്കെങ്ങനെ അവനേറ്റും നിന്നെ?

13. ഈ മരണം പാതാളത്തിൻ
പ്രാഗൽഭ്യത്തെ മായിച്ചു.
അതിനെ തൻ നാദം വീഴ്ത്തി
ധൂളിപ്പാൻ താൻ പൂകുന്നു.

14. ഞെങ്ങിഞെരുങ്ങിപ്പാടേറ്റാൻ
കയ്പു കുടിച്ചു കുത്തേറ്റു
കഷ്ടത നിറയുന്നോനെ ഞാ-
നെങ്ങനെ രാജാവെന്നോതും?

15. പാറകൾ പിളരും നാദത്തെ
ശ്രദ്ധാപൂർവ്വം കേട്ടാലും
സിദ്ധാസ്ഥികളൊന്നിക്കുന്നു
എന്തിനവിശ്വാസം തോഴാ!

16. സൃഷ്ടികളിളകി ഭൂതങ്ങൾ
ഞെട്ടി നീ കൂസുന്നില്ല
കല്ലുകൾ ചിന്നി വ്യാജം വി-
ട്ടേറ്റു പറഞ്ഞേൽക്കുക ജീവൻ.

17. ആരാഞ്ഞാൽ തൻ മാഹാത്മ്യം
പലതും നിന്നോടോതീടും
സൃഷ്ടികളവനെ സാക്ഷിപ്പൂ
ഇളകുന്നഖിലം തൻ പാടിൽ.

18. ലിഖിതം മൂലം രാജാവെ-
ന്നിവനെ വിളിച്ചാൻ പീലാത്തോസ്
സാക്ഷികൾ പോലവരാർത്തതിനാൽ
നൃപനെന്നോതി ഇടയേണ്ട.



@FIOK*.MOC.KTYM

19. നമ്മൾക്കിടയിൽ സ്കീപ്പായ-
ങ്ങതിരാം കുഴി നീയേറീടാ
വാമസുതാ! നിൻ സ്ഥലമേൽക്ക
വലതുവശം മാമകമല്ലോ.

20. സ്ലീബ തുറന്നു പാതാളം
സൂര്യനിരുണ്ടു ക്ഷിതി ഞെട്ടി
രണ്ടായ് വാതിൽമറ കീറി
സർവ്വം സാക്ഷിച്ചുടയോനെ.

21. ഭൂ മരുവും സൃഷ്ടികളെല്ലാ-
മുഴറും ധ്വനിയും നീ കേൾക്ക
തൻ ശബ്ദത്താൽ ഭീയാർന്നീ
ഭൂ ഭിത്തികളാടീടുന്നു.

22. പാതാളത്തീന്നെത്തീടും
മൃതരുടെ ബഹളം തോഴാ കേൾ
ഞാൻ നമ്പിയ ജീവപ്രദനാം
യേശുവിനെ നീ സൂക്ഷിക്ക.

23. ആദാമുണരാൻ മൃതിയേറ്റാൻ
മൃതിഗതരവനെ നോക്കുന്നു
അവനാദത്തെ വിടുവിക്കു-
ന്നേദനിലെന്നെ ഏറ്റുന്നു.

24. ഹാ! സ്വഹിതത്താൽ മൃതിയേറ്റ
പരസുതനെ ദുഷിച്ചീടുന്നോ?
പൊത്തുക ദുഷിയേറും വായ് നീ
ഞാൻ നമ്പിയ സ്ലീബാ ധന്യം.

25. ഏറ്റുപറഞ്ഞേദൻ താനൊ-
ത്തവനേറിടുമെന്നോതുകയാൽ
നാഥാ നിന്നെ ഏറ്റോരാം
ഞങ്ങളെ വരവിൻ നാളോർക്ക.



@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ- ഏവരുമെന്നെ നിന്ദിച്ചു

ചുണ്ടു മലർത്തി തലയവരാട്ടി. ഹാ-

| | |
|---|---|
| വി. മത്തായി | 27 : 45 - 56 |
| വി. മർക്കോസ് | 15 : 33 - 41 |
| വി. ലൂക്കോസ് | 23 : 44 - 49 |
| വി. യോഹന്നാൻ | 19 : 23 - 30 |

### കൗമാ

മൃതിയാ-ലടിയാരുടെ മൃതി പോ-ക്കിയ മശിഹാ

മൃതരാ-യോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ആദ്യപ്രദക്ഷിണം

## പ്രദക്ഷിണ ഗീതം

**സ്ലീബാ തോളിന്മേൽ താങ്ങി – കോട്ടയെ വിട്ടു പുറപ്പെട്ടാൻ**
**നെടുവീർപ്പൊടു നിലവിളി കൂട്ടാൻ – മേളിച്ചെബ്രായാംഗനമാർ**
**അറിയുന്നോരേവരുമൊന്നി-ച്ചകലത്തായ് നിന്നാൾ ജനനി**
**ബഹുസങ്കടവും വ്യാകുലവും – പൂണ്ടവൾ പ്രാവുസമം കേണു.**
**എങ്ങെന്മകനേ! വത്സലനേ! – എങ്ങിവർ നിന്നെ നയിക്കുന്നു?**
**വിദ്വേഷികളുടെ കൈകളിൽ നീ – എന്തിനു തനിയെ ഏൽപ്പിച്ചു?**
**ഹാ മകനേ! മമവത്സലനേ! – എന്തു നിനക്കു ഭവിച്ചിന്നാൾ**
**ഞങ്ങൾക്കായുളവായൊരു നിൻ – വ്യഥയും താഴ്മയുമ-തിധന്യം.**

## സ്ലീബാവന്ദനവ്
## പ്രാരംഭപ്രാർത്ഥന

**പട്ടക്കാരൻ :- ശുബഹോലാബോ....**
**ജനം:- :- ബലഹീനരും പാപികളുമായ....**
**പട്ടക്കാരൻ :- ദൈവമായ കർത്താവേ! നിന്റെ വിശുദ്ധ സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ദൃഢമാക്കപ്പെടുവാനും ദൈവോചിതമായി വിശുദ്ധിയോടുകൂടി നിന്നെ വന്ദിക്കുവാനും ഞങ്ങളുടെ ശാരീരികാവയവങ്ങളെ സദാ നിഹനിച്ചുകൊണ്ട് നിന്റെ കർതൃകൽപ്പനപ്രകാരം ക്രിസ്തീയമായി അതിനെ ഞങ്ങളുടെ തോളുകളിൽ വഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ നിത്യദൈവവുമേ! നിന്റെ സ്ലീബായെ വന്ദിക്കുകയും നിന്റെ വിശുദ്ധനാമത്തെ ഏറ്റുപറയുകയും ചെയ്യുന്നവർക്ക് നീ പ്രതിഫലം കൊടുക്കുന്നതായ സ്വർഗ്ഗത്തിൽനിന്നുള്ള നിന്റെ മഹനീയപ്രത്യക്ഷതയെയും അനുഗ്രഹീതമായ പ്രത്യാശയെയും പ്രതീക്ഷിച്ചുകൊണ്ട് യഥാർത്ഥ ജീവനാകുന്ന നിന്നിൽ പൂർണ്ണ ദൈവഭയത്തോടുകൂടി ഞങ്ങൾ ജീവിക്കുകയും ചെയ്യുമാറാകണമേ. മോറാൻ.....**

**ദൈവമേ! നിന്റെ കൃപ പോലെ....**

**എൻയോനോ (ഏമോദ്കീസോ)**

**സീയോനിൽ-തരുവിൽ ക്രൂശേറ്റോ-നേ!**
**സ്ലീബായാൽ ലോ-കം രക്ഷിച്ചോനേ!**
**ദേവാ! ദയ ചെയ്തീടണമേ.**



@FIOK*.MOC.KTYM

**സീയോനിൽ-തരുവിൽ ജീവരവ-ത്താൽ**
**സൃഷ്ടിഗണ-ത്തെ കമ്പിപ്പിച്ചോനേ! ദേവാ!...**

**കയ്പും കാ-ടിയുമുൾക്കൊണ്ടടിയാർ-തൻ**
**കഷ്ടതയിൻ കയ്പിനെ മായിച്ചോ-നേ! ദേവാ!...**

**വിഗ്രഹവ-ന്ദനയിൽ നിന്നും ന-മ്മെ**
**കാത്തൊരു സ്ലീ-ബായെ വന്ദിച്ചീ-ടാം. ദേവാ!...**

**മൃതരായോർ-ശോഭനമാം മോദ-ത്തിൻ**
**മണവറ പൂ-കീടാൻ കർത്തൃസ്ലീ-ബാ**
**വഴിയും-പാലവുമാകട്ടെ!**

**സ്ലീബായിൻ-പീഢകളെ കൈക്കൊണ്ട്**
**തൻതലയി-ന്മേൽ മുൾമുടിയേറ്റോ-നേ! ദേവാ!...**

**കുന്തത്താൽ-കുത്തു വിലാവതിലേ-റ്റു**
**നിണവും നീ-രും-പ്രവഹിപ്പിച്ചോ-നേ! ദേവാ!...**

**തിരുവുള്ള-ത്താൽ സ്വയമായേൽപ്പിച്ച്**
**മർത്യാത്മാ-ക്കളെ മോചിപ്പിച്ചോ-നേ! ദേവാ!...**
**സ്കീപ്പായി-ന്മേൽ ഈൽ ഈൽ എന്നാർത്ത്**
**ഭൂമിയെ ഒ-ന്നായ് വിറകൊള്ളിച്ചോ-നേ! ദേവാ!...**
**ബാറെക്മോർ. ശുബഹോ... മെനഓലം...**

**സ്തുതി താതാ!-പഴകിയ രൂപം കാപ്പാൻ**
**ഏകാത്മ-ജനെ പ്രേഷിപ്പിച്ചോനേ! ദേവാ!...**
**കുറിയേലായിസോൻ.**

**(ബ്സുൽത്തോ യെൽദാസ് ദൂമോറൊ)**

**എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ കൈവിട്ടത് എന്തുകൊണ്ട്?**

**ഗോഗുൽത്തായിൽ-സോദരരേ!**
**ദർ-ശിച്ച മഹാശ്ചര്യ-ത്താൽ ഞാൻ സംഭ്രമമാർന്നു**
**ദൈവം-തരുവിൽ ക്രൂശിതനായ്**
**ദു-ഷി ദോഷികളീന്നേൽക്കുന്നു**
**വിണ്ണോരേ! മൺമയരേ!**
**തന്നെ വാഴ്ത്തിൻ നിത്യം. കുറിയേലായിസോൻ.**



@FIOK*.MOC.KTYM

**ദൈവമേ! പകൽ സമയത്തു ഞാൻ നിന്നെ വിളിക്കും**

**സ്ലീബാത്തരുവിൽ-വചനമതാം**
**ദൈവം-വിരിവാർന്നതിനാലതു പാരം ധ-ന്യം!**
**നാമതിനാൽ വന്ദിച്ചീടു-**
**ന്നാശയുമഭയവുമാം തന്നെ**
**ആർത്തീടാൻ ചൊന്നോനാം**
**തന്നെ വാഴ്ത്തിൻ നിത്യം. കുറിയേലായിസോൻ.**

**എന്റെ കൈകളും എന്റെ കാലുകളും അവർ കുത്തിമുറിച്ചു**

**കർത്താവേ! നിൻ-സ്ലീബായെ**
**കൂപ്പി-കീർത്തിച്ചതിൽ ഞങ്ങൾ ശരണം തേടു-ന്നു**
**ദോഷിയിൽനിന്നും രക്ഷിപ്പാൻ**
**ചൂടുന്നതിനെ-ലലാടത്തിൽ**
**സ്ലീബായിൽ ക്രൂശിതനാം**
**തന്നെ വാഴ്ത്തിൻ നിത്യം. കുറിയേലായിസോൻ.**

**അവർ എന്നെ സൂക്ഷിച്ചു നോക്കി**

**വന്ദിക്കുക നാം സ്ലീബായെ**
**ബിം-ബാരാധനയെ നീക്കി തടവെന്യേ യാനം ചെയ്വാൻ**
**ജീവപഥത്തെ കാട്ടിയതാം**
**സ്ലീബായെ കൊണ്ടാടീടാം-**
**ഘോഷിക്കാം-സർവരുമേ!**
**തന്നെ വാഴ്ത്തിൻ നിത്യം.**
**ബാറെക്മോർ. ശുബഹോ... മെനഓലം...**

**കർത്താവേ! എന്നിൽനിന്നും നീ അകന്നിരിക്കരുതേ.**

**വന്ദിക്കുന്നോ-ർക്കായുധവും-**
**കോ-ട്ടയുമായും ക്രൂശിതനെ തള്ളു-ന്നോർ-**
**ക്കെല്ലാമതി വീഴ്ചയുമായും**
**സ്ലീബായെ തീർത്തോൻ ധന്യൻ!**
**ത-ന്നാഗമനേ ഹിതമില്ലാ-**
**തവർതന്നെ കൊണ്ടാടീടും. കുറിയേലായിസോൻ.**

**മറിയാം പറഞ്ഞതെന്തെന്നാൽ... വി. ലൂക്കോസ് 1: 46 - 53**



@FIOK*.MOC.KTYM

## (ലെക്ഫായോ ദൻകാലേസ്)

ദേവേശാ! മശിഹായേ! – സ്ലീബാതൻ തരുവിന്മേൽ നീ
ക്രൂശിതനായപ്പോൾ ഭുവനത്തെ സീ–മകളോളം
ശോഭിപ്പിച്ചതിനാൽ സ്തുത്യൻ.

രക്ഷകനേ! സ്ലീബായാൽ – ദ്വേഷമെഴും ദോഷിയെ വെന്നു
സ്വർഗമഹാരാജ്യവുമുയിരും നേ–ടീട്ടടിയാർ
നിൻ കൃപയെ സ്തോത്രം ചെയ്യും.

ദേവേശാ! മശിഹായേ – വിഗ്രഹസേവ ദുരാത്മഭയം
എന്നിവയിൽ നിന്നടിയങ്ങളെ ര–ക്ഷിച്ചതിനാൽ
നിൻ സ്ലീബായെ നമി–ക്കുന്നു.

ഉന്നതനാം ദേവേശാ! – സ്വർഗസ്ഥാ കൃപയാൽ സഭയിൽ
പുണ്യത്തിൻ ബലിപീഠത്തെ സ്ഥാ–പിച്ചോനേ!
പരിശുദ്ധൻ നീ എന്നേക്കും.

## (ല്ഹൗയൽദൊ ഗ്നീസൊ)

വിശ്വാസികൾ ഞങ്ങൾക്കഭയമതും – രക്ഷയുമരുളാൻ ശാപമെഴും
യൂദന്മാർ ഗോഗുൽത്തായിൽ – തരുവിന്മേൽ ക്രൂശിച്ചോനാം–സർവർക്കും
പ്രാണദനാകും മശിഹായെ–
തന്മൂ–ലം സ്തുതി സതതം–ചെയ്തീടു–ന്നെങ്ങൾ.

വിശ്വാസികൾ ഞങ്ങൾക്കഭയമതും – രക്ഷയുമരുളാ–നേറുശലേം
ഗോഗുൽത്തായിൽ ക്രൂശേറ്റോൻ–ഗഗനത്തിൽ പകലോൻ മങ്ങി–ശില ചിതറി
മൃത്യുഗതന്മാരുയിർ പൂണ്ടു
തന്മൂ–ലം സ്തുതി സതതം ചെയ്തീടു–ന്നെങ്ങൾ.

വിശ്വാസികൾ ഞങ്ങൾക്കഭയമതും – രക്ഷയുമരുളാൻ ശാപമെഴും
യൂദന്മാരേറുശലേമിൽ – കർക്കപ്സായിൽ തരുമയമാം–സ്ലീബാമേൽ
ക്രൂശിച്ചവനാം മശിഹായെ
തന്മൂ–ലം സ്തുതി സതതം–ചെയ്തീടുന്നെങ്ങൾ.

ബാറെക്മോർ. ശുബഹോ... മെനഓലം...

ജീവസ്ലീബായെ സ്തുതിചെയ്തും – നതിചെയ്തും സ–മ്മാനിച്ചും
സാനന്ദം ചൊല്ലുന്നടിയാർ – ക്രൂശിതനായ് ദോഷിയിൽനിന്ന–ങ്ങടിയാരെ
രക്ഷിച്ചോൻ മശിഹാ ധന്യൻ
തന്മൂ–ലം സതതം ഞങ്ങൾ വന്ദിച്ചീടുന്നു.



@FIOK*.MOC.KTYM

## പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി...

### (ഹോ ഹസ്നോമാത്തി)

ഹാ! സ്കീപ്പായിൽ-നാഥൻ സത്യം ദ്വേഷിച്ച
യൂദന്മാരാൽ നമ്മൾക്കായ് ക്രൂശേ-ൽക്കുന്നു.

ആചാര്യേശന്മാർ-തരുവിന്മേലവനെ ക്രൂശി-
ക്കെന്നേവം നേരറ്റോരാം-സേവകരൊ-ത്താർത്തു

യൂദന്മാർ മദ്ധ്യേ-അടിയും നിന്ദയുമേറ്റോനെ-
പ്രതി കടലും കരയും വാനും-പേടിച്ച-ഞ്ചുന്നു.

ക്രോബേന്മാരും-സ്രാപ്പികളും കാദീശാർത്തു
ഭോഷന്മാരാം യൂദന്മാർ-തരുവിന്മേൽ ക്രൂശി-ക്കെന്നും

### (മ്ശാബഹിൻ ലൊക്ക്മൊറിയോ)

ഇന്നാൾ വിധിഗേഹേ-ജഗതീ വിധിനാഥൻ
മൗലി നമിച്ചേറ്റാൻ-കുറ്റം ദാസൻപോൽ.

ഇന്നാൾ യൂദന്മാർ-വർഷിച്ചീശോയാം
ദൈവത്തിൻ മുമ്പിൽ-നിന്ദാക്ഷേപങ്ങൾ.

ഇന്നാൾ നിർമ്മിച്ചാർ-മുൾമുടി മന്നിതിനെ
പൂവല്ലികളാലെ-ഭൂഷിപ്പിച്ചോനായ്.

ഇന്നാൾ വിധി ചെയ്താർ-ദുഷ്ടനെയെന്നോണം
രാജാക്കന്മാർക്കായ്-ന്യായം ചേർപ്പോനെ.

ഇന്നാൾ ഘോഷിച്ചാ-രീശോ മശിഹായെ
ക്രൂശിക്കെന്നേവം-പീലാത്തോസോടായ്

ഇന്നാൾ ശ്ലീഹന്മാർ-തൻനിരയിൽനിന്നും
നീങ്ങിയ വഞ്ചകനാം-യൂദയ്ക്കയ്യയ്യോ!

ഇന്നാൾ തരുവിന്മേൽ-തൂക്കിയ ദൈവത്തെ
ഇക്ഷിതി കണ്ടപ്പോൾ-ഒന്നായ് വിറകൊണ്ടു.

ഇന്നാളിരുളാർന്നു-സൂര്യൻ ഗഗനത്തിൽ
ജ്യോതിസ്സുകൾ മങ്ങി-സൃഷ്ടികൾ വിറപൂണ്ടു.

ഇന്നാൾ സ്വപദം പൂണ്ടാദാം, ക്രൂശിതനാം
മശിഹായാൽ കെറുബിൻ-കുന്തം നീങ്ങിപ്പോയ്



@FIOK*.MOC.KTYM

ഇന്നാൾ തല താഴ്ത്തി-താൻ മൃതിയേറ്റതിനാൽ
മൃതരായോർക്കെല്ലാം-ഉയിരേകീടുന്നു.

ഇന്നാൾ പട്ടക്കാർ ശാസ്ത്രി പരീശന്മാർ
മശിഹായെ പകയാൽ-തൂക്കി ത്തരുവിന്മേൽ.

ഇന്നാൾ മാതാവാം-മറിയാമൊടു ചൊന്നാൻ
കേഴേണ്ടാ കേഴൂ-യേരുശലേമിന്നായ്.

ബാറെക്മോർ. ശുബഹോ.... മെനഓലം....

ഇന്നാൾ സ്ലീബായെ-വാഴ്ത്തി നമിച്ചീടാം
ക്രൂശിതനെ എന്നും-വാഴ്ത്തുന്നടിയങ്ങൾ.

കുറിയേലായിസോൻ.

ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ... (പേജ് 99)

(സ്ലേക് ലസ്ലീബേ)

ദേ-വാ മശിഹാ!
മാനവരെ സംര-ക്ഷിപ്പാൻ
താതാത്മഹിതാൽ മറിയാമീ-
ന്നേറ്റൊരു തിരുമെയ്യൊടു കൂടി
സ്ലീബായിന്മേൽ നീ-യേറി.

സ്ലീ-ബാത്തരുവിൽ
ക്രൂശിതനാം ചോരൻ-നിന്നെ
ഉടയോനെന്നിഹ കൊ≠ാടി
നീയാഗതനായീടുമ്പോൾ
എന്നെയോർക്കണമെ-ന്നാർത്താൻ.

ദേ-വാ മശിഹാ!
രക്ഷയെഴും സ്ലീബാ-യാലും
ജീവദമാം പീഡകളാലും
രക്ഷ നരർക്കരുളീടുകയാൽ
മാനവ വത്സലനേ!-സ്തോത്രം.

ദേ-വാ മശിഹാ!
പ്രാണദമാം നിൻ സ്ലീ-ബായാൽ
ദ്വേഷമെഴും ദോഷിയെ വീഴ്ത്തി
പാപത്തിൻ ദാസ്യത്തിൽ നി-
ന്നാദാമ്യരെ നീ രക്ഷിച്ചു.



@FIOK*.MOC.KTYM

## (മോശാപ്പിർ വൊ)

**ആ സമയം ദയനീ-യം!**
**വിട്ടൂ-മശിഹാ പുരി യേറുശലേം**
**രോഗങ്ങളെയങ്ങാറ്റിയതിൻ പകരം തന്നെ**
**ക്രൂ-ശിച്ചീ-ടാൻ കൊണ്ടിഹ പോയി ധൃ-ഷ്ടന്മാർ.**

**ആ നാദം ദയനീ-യം!**
**ഏകാത്മജനോടാകുലപൂർവം**
**ചൊന്നാൾ മറിയാം വത്സലനേ-പോകുന്നെ-വിടെ**
**നിന്നെ-എങ്ങോ-ട്ടവർ കൊണ്ടിഹ പോയീ-ടുന്നു.**

**ഹാ! ബഹുമോഹന നാദം!**
**ജനനിയൊടോതി ദൈവതനൂജൻ**
**ജഗതീരക്ഷക്കായ് ക്രൂശേ-റ്റാദാമി-ന്നായ്-**
**ഓ-ഹരി-നൽ-കാൻ-പോകുന്നേനെൻ മാ-താവേ!**

**ആ സമയം ദയനീ-യം!**
**തരുവിന്മീതേ തന്നെ തൂക്കി**
**മശിഹായെങ്കിലിറങ്ങുക നീ ഞങ്ങൾ നിന്നെ**
**ന-മ്പീടാമെ-ന്നാക്ഷേപിച്ചു യൂ-ദന്മാർ.**

**ആ സമയം ദയനീ-യം!**
**നുകരാൻ മശിഹാ ജലമർത്ഥിച്ചാൻ**
**ശപ്തസമൂഹം കടുവീഞ്ഞും കാടിയുമേകി**
**തൻ നാ-ദത്താൽ-ആഴിയുമാഴവുമഞ്ഞി.**

**തിരുസഭ സങ്കടപൂർ-വ്വം**
**ദേവനൊടർത്ഥിച്ചോതുന്നേവം**
**ഞങ്ങളെ മഹിതസ്ലീബായാൽ-നീ രക്ഷി-ച്ചു**
**നിൻ വരവിങ്കൽ-ഓർത്തീടണമെന്നേ നാഥാ!**

**രക്ഷകനേ! കബറീ-ന്നും**
**പറുദീസയിലേക്കുയിരോടേറാൻ**
**പാർക്കുന്ന മൃതർക്കായി പുണ്യം-നൽകീടേണമേ**
**സാ-ത്താനീ-ന്നും ഞങ്ങളെ വീണ്ടൊരു സ്ലീബായാൽ.**
**ബാറെക്മോർ. ശുബഹോ... മെനഓലം...**

**ബഹുമാന്യ മഹൽസ്ലീ-ബാ!**
**നഷ്ടമതാം പറുദീസയിൽ ഞങ്ങൾ**
**നിന്നാലേറിടുമെന്നോതി പ്രണമിച്ചിട്ടാ**
**ക്രൂ-ശേറ്റോ-നാം മശിഹായെ സ്തുതിചെ-യ്യുന്നു.**


@FIOK*.MOC.KTYM

## സ്തൗമെൻകാലോസ് കുറിയേലായിസോൻ

### പ്രുമിയോൻ

മരത്തിന്മേൽ തൂക്കപ്പെട്ട് തന്റെ കൈ നീട്ടി സ്വജാതിയെയും വിജാതിയെയും കൂട്ടിച്ചേർത്ത സ്വർഗ്ഗീയസമാധാനവും, പടിഞ്ഞാറോട്ടഭിമുഖമായി സ്ലീബാമേൽ കയറി സകല സീമകളിൽനിന്നും യഥാർത്ഥ സ്തുതിയും സത്യാരാധനയും കൈക്കൊണ്ട ജഡം ധരിച്ച കർത്താവും, തന്റെ ആടുകൾക്കു വേണ്ടിയുള്ള കരുതലാൽ തന്റെ ഉത്തമ ഇടയത്തം വെളിപ്പെടുത്തുകയും തന്റെ ഇടവകയ്ക്കുവേണ്ടി പ്രാണാർപ്പണം ചെയ്ത് തന്റെ മഹാകൃപയുടെ ബാഹുല്യത്തെ സ്ഥിരീകരിക്കുകയും തന്റെ മനോധൈര്യം മൂലം സകല ജാതികളെയും രക്ഷിക്കുകയും തന്റെ ബലിയാൽ സർവ്വരുടെയും പാപങ്ങൾ ക്ഷമിക്കുകയും ചെയ്ത യഥാർത്ഥ ഇടയനുമായ കർത്താവിനു സ്തുതി. തനിക്കു സ്ലീബാവന്ദനവിന്റെ ഈ സമയത്തും....

### സെദറാ

മഹോന്നതനായ ദൈവമേ! നിന്റെ രൂപത്തിൽ ഞങ്ങളെ സൃഷ്ടിക്കുകയും നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ നിർമ്മിക്കുകയും ചെയ്തതിനാൽ നിന്റെ നിത്യതയെ ഞങ്ങൾ വന്ദിച്ച് സ്തുതിച്ചു പുകഴ്ത്തുന്നു. മനുഷ്യവത്സലനേ! ഈ വെള്ളിയാഴ്ച ദിവസത്തിൽ നിന്റെ സ്കീപ്പാ മൂലം ഞങ്ങളെ രക്ഷിക്കുകയും നിന്റെ ശരണത്താൽ ഞങ്ങൾക്കു സ്വാതന്ത്ര്യം നൽകുകയും ചെയ്തതിനാൽ നിന്റെ രക്ഷയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ആദിയിൽ ആറാം ദിവസം നിനക്കാഗ്രഹം തോന്നിയിട്ട് ഞങ്ങളുടെ സൃഷ്ടിയെ നീ നിർവഹിച്ചു. ഓദംസോയിലെ മണ്ണ് നിന്റെ തൃക്കൈകളിൽ നീ എടുത്ത് മനഞ്ഞ് നിന്റെ രൂപസാമ്യത്തിൽ അതിനെ സജ്ജമാക്കി. നിന്റെ വായിലെ ശ്വാസത്തിൽനിന്ന് അവന്റെ മുഖത്ത് നീ ജീവശ്വാസം ഊതി അവൻ സൗന്ദര്യസംപൂർണ്ണനായി ജ്ഞാനത്തിൽ തികഞ്ഞ് ഒരു അത്ഭുത ഭാജനമായിത്തീരുകയും ചെയ്തു. ബുദ്ധിഹീനത മൂലം അവൻ കല്പന ലംഘിച്ച് നിന്ദിതനായപ്പോൾ ന്യായവിധിയാൽ കുറ്റാരോപണം ചെയ്യപ്പെടുകയും മരണത്താൽ നശിപ്പിക്കപ്പെടുകയും ചെയ്തു. കാരുണ്യവാനും കൃപാപൂർണ്ണനും ദയാലുവുമായ കർത്താവേ! അതിനു ശേഷം അവന്റെ നാശത്തെക്കുറിച്ച് നിന്റെ കരുണ നിന്നെ പ്രേരിപ്പിക്കുകയും അവന്റെ രക്ഷയെ പ്രതി, രഹസ്യസംപൂർണ്ണമായ വെള്ളിയാഴ്ചയെന്ന ആറാം ദിവസംതന്നെ നിന്റെ കൈകൾ സ്ലീബാമേൽ ആണികളാൽ തറയ്ക്കപ്പെടുകയും ചെയ്തു. ക്രൂശിൽനിന്ന് തിരുമുഖത്ത് അശുദ്ധമായ തുപ്പൽ നീ സ്വീകരിച്ചു. അവനെ ജീവിപ്പിക്കുവാൻ വേണ്ടി തിരുവിലാവിൽ നീ കുന്തത്താൽ



@FIOK*.MOC.KTYM

കുത്തുകൊണ്ടു. നിന്റെ പാർശ്വത്തിൽനിന്ന് പ്രവഹിച്ച രക്തവും വെള്ളവും മൂലം അവൻ പുതിയ ജീവൻ സമ്പാദിച്ച് നവീകരിക്കപ്പെടുകയും ചെയ്തു. കർത്താവേ! ഇപ്പോൾ രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്തിന്റെയും ജീവദായകമായ നിന്റെ സ്ലീബായുടെയും സ്മരണയുടെ ഈ വെള്ളി യാഴ്ചദിവസത്തിൽ സഭ അതിന്റെ പ്രജകളുടെ വായ് വഴി നിന്നോട് അപേ ക്ഷിക്കുകയും ഈ സുഗന്ധധൂപത്തോടുകൂടെ തിരുമുമ്പിൽ അഭയയാചന നടത്തുകയും ചെയ്യുന്നു. ആദിയിൽ നിനക്കു പ്രീതി തോന്നി സൃഷ്ടിക്കു കയും അവസാനം നീ രക്ഷിക്കുകയും ചെയ്തപ്രകാരം ഇപ്പോഴും കരു ണാപുരസ്സരം നിന്റെ സൃഷ്ടിയെ നീ ദർശിച്ച് നിന്റെ സ്ലീബാമൂലം ഭൂത ലത്തിന് മുഴുവനും സഹായം നൽകണമേ. നിന്റെ സ്ലീബായാൽ കോപ ത്തെ ശമിപ്പിക്കേണമേ. നിന്റെ സ്ലീബായാൽ യുദ്ധങ്ങളെ ശാന്തമാക്കണമേ. നിന്റെ സ്ലീബായാൽ കലഹങ്ങളെ മായിച്ചുകളയണമേ. നിന്റെ സ്ലീബായാൽ ശിക്ഷകളെ തടയണമേ. നിന്റെ സ്ലീബായാൽ ക്ഷോഭിച്ചിരിക്കുന്നവരെ ശാന്തരാക്കണമേ. നിന്റെ സ്ലീബായാൽ കലഹകാരികളെ സമാധാനപ്പെടു ത്തണമേ. നിന്റെ സ്ലീബായാൽ ഡംഭത്തെ വിനീതമാക്കണമേ. നിന്റെ സ്ലീബായാൽ പ്രശംസയെ നശിപ്പിക്കണമേ. നിന്റെ സ്ലീബായാൽ ശത്രു തയെ ദൂരീകരിക്കണമേ. നിന്റെ സ്ലീബായാൽ കോപത്തെ ശമിപ്പിക്കണമേ. നിന്റെ സ്ലീബായാൽ ദുഷ്ടതയുടെ ഉഗ്രതയെ അമർത്തണമേ. നിന്റെ സ്ലീബായാൽ പള്ളികളെ സ്ഥിരപ്പെടുത്തണമേ. നിന്റെ സ്ലീബായാൽ ദയ റാകളെ ദൃഢീകരിക്കണമേ. നിന്റെ സ്ലീബായാൽ പുരോഹിതന്മാരെ പ്രശോഭിപ്പിക്കണമേ. നിന്റെ സ്ലീബായാൽ ശെമ്മാശ്ശന്മാരെ പ്രശസ്തരാ ക്കണമേ. നിന്റെ സ്ലീബായാൽ വൃദ്ധന്മാരെ താങ്ങണമേ. നിന്റെ സ്ലീബാ യാൽ യുവാക്കളുടെ ഉന്മേഷത്തെ നിയന്ത്രിക്കണമേ. നിന്റെ സ്ലീബാ യാൽ ശിശുക്കളെ വളർത്തേണമേ. നിന്റെ സ്ലീബായാൽ പാപികൾക്കു മോചനം നൽകണമേ. നിന്റെ സ്ലീബായാൽ അപരാധികളോടു ക്ഷമിക്ക ണമേ. ഇപ്പോൾ തിരുസന്നിധിയിൽ വന്ദിക്കുകയും നിന്റെ കഷ്ടാനുഭവ ങ്ങളെ ബഹുമാനിക്കുകയും നിന്റെ മുറിവുകളെ താലോലിക്കുകയും നിന്റെ വ്രണങ്ങളെ തഴുകുകയും നിന്റെ വടുക്കളെ ചുംബിക്കുകയും നിന്റെ സ്ലീബായിൽ പ്രശംസിച്ച് ആനന്ദിച്ച് അഭിമാനംകൊള്ളുകയും ചെയ്യുന്ന നിന്റെ ഇടവകയെ നീ ഭംഗിയായി ക്രമീകരിക്കണമേ. ഞങ്ങളെയും നിന്റെ സർവ്വജനത്തെയും പൂർണ്ണമായി നീ രക്ഷിക്കേണമേ. നിന്റെ വാഗ്ദാ നങ്ങൾ ഞങ്ങളുടെ അടുക്കൽ നീ നിറവേറ്റണമേ. ഞങ്ങൾ മുഖപ്രസന്നത യോടെ നിന്റെ മഹനീയപുനരുത്ഥാനത്തിലേക്ക് ചെന്നുചേരത്തക്കവണ്ണം നിന്റെ ഉയിർപ്പാൽ ഞങ്ങളെ സന്ദർശിക്കണമേ. ഞങ്ങൾ നിന്റെ മണവറ യിൽ തോഴന്മാരും നിന്റെ വിരുന്നിൽ ക്ഷണിക്കപ്പെട്ടവരും നിന്റെ നിത്യരാ



@FIOK*.MOC.KTYM

ജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമേ. അവിടെ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും മുടക്കം കൂടാതെ ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ....

## കോലോ (കൂക്കോയൊ)

ദൈവതനൂജൻ സ്കീപ്പായിൽ-സ്വയമർപ്പിച്ചേകി
ലോകാധിപനാം താതൻ തൻ-തൃക്കൈകളിലാത്മം
കബറുകൾ പൊട്ടി-പാറകളും ചിതറി
സൃഷ്ടികളെല്ലാം-സംഭ്രമമതിലാണ്ടു.
ദൈവസുതന്റെ വിലാവയ്യോ-കുന്തത്താൽ ചീന്തി
മോചനമുലകത്തിനു നൽകും-ജലവും രക്തമതും
ഹാലേലുയ്യാ-പ്രവഹിച്ചതിൽനിന്നും.

വെള്ളിയിൽ മുന്തിരിയന്ത്രത്തെ-യൂദന്മാർ നാട്ടി;
വീണ്ടു കുടിച്ചില്ലവർ വാഴ്വിൻ-കുല മർദ്ദിച്ചിട്ടും
പാപപ്പിശറാം-കാടി കുടിച്ചയ്യോ
തരുവിന്മീതേ-വാനവനന്ദനനെ
ക്രൂശിച്ചതിനാൽ യേറുശലേം-സന്തികൾക്കവർതൻ
മേശകൾ കണിയാമെന്നുള്ളൊരു-നിബിയാം ദാവീദിൻ
ഹാലേലുയ്യാ-വചനം നിറവേറി.
ബാറെക്മോർ. ശുബഹോ... ഹാലേലുയ്യാ

കർത്താവമ്മയൊടും വധുവാം-സഭയോടും ചൊന്നു
പ്രിയസുതരെന്നൊടു ചെയ്തെന്തെ-ന്നീക്ഷിപ്പാൻ വരുവിൻ
അബ്രാഹാമ്യർ-തരുവിൽ ക്രൂശിച്ചു
യാക്കോബ്യന്മാർ-താഡിച്ചെൻ കവിളിൽ
കുന്തത്താൽ കുത്തി സ്വഹിതം-പോലെല്ലാം ചെയ്തു
പ്രതിഫലമേകീടാനായ് ഞാ-നാഗതനാകുമ്പോൾ
ഹാലേലുയ്യാ-കഷ്ടമവർക്കയ്യോ.
മെനഓലം.... ഹാലേലുയ്യാ



@FIOK*.MOC.KTYM

മശിഹാ വാനിൽനിന്നെത്തി-തരുവിൽ ക്രൂശിതനായ്
യൂദന്മാർ കൊന്നൊരു കൂറ്റൻ-ബലിപീഠേ സ്ഥിതനായ്
വന്നേറിടുവിൻ-ജാതികളേ! സഭയേ!
എഴുന്നേൽക്കുക നീ-സീയോൻ നിപതിച്ചു
ജീവനെഴുന്നോരപ്പത്തിൻ-മേശയതും നിന്നിൽ
കർത്താവിന്റെ വിലാവിൽ നി-ന്നൂറ്റിയ കാസായും
ഹാലേലുയ്യാ-സ്ഥിതിചെയ്തീടുന്നു. മൊറിയോ റാഹേം...

## എത്രൊ

തന്റെ ആനന്ദപരിമളത്താൽ ലോകത്തെ ആമോദിപ്പിക്കുന്നവനേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിന്റെ സ്കീപ്പാ ആത്മീയ ധൂപമായിത്തീരുകയും അതിന്റെ ആനന്ദപരിമളത്താൽ നിന്റെ പിതാവിനെ നീ സൃഷ്ടിയുമായി രമ്യപ്പെടുത്തുകയും ചെയ്തു. നിന്റെ കഷ്ടാനുഭവം അഗ്നിക്കും നിന്റെ സ്നേഹം സുഗന്ധവർഗ്ഗത്തിനും പകരമായിത്തീർന്നിട്ട് നിന്റെ മനുഷ്യത്വത്തിന്റെ പൗരോഹിത്യം വഴിയായി നിന്റെ സ്കീപ്പായാകുന്ന ധൂപം പിതാവിനു നീ സമർപ്പിച്ചു. ഇപ്പോൾ തിരുമുമ്പാകെ അർപ്പിച്ചിരിക്കുന്ന ഈ ധൂപം ഞങ്ങളുടെ ദുർബലഹസ്തങ്ങളിൽനിന്ന് അംഗീകരിച്ച് അതു മൂലം നിന്റെ ഇടവകയ്ക്ക് പാപപരിഹാരവും മോചനവും നൽകുകയും വിശ്വാസികളായ ഞങ്ങളുടെ സകല പരേതർക്കും ആശ്വാസവും നല്ല ഓർമ്മയും നൽകുകയും ചെയ്യണമേ. ഹോശോ....

## ഹൂത്തോമൊ

തന്റെ അജയ്യശക്തിയാൽ സകലവും പ്രവർത്തിക്കുന്നവനും ലോകത്തിന്റെ നാലു ദിക്കുകളെ നാലായി വികസിപ്പിക്കുകയും എന്നാൽ തന്റെ സ്നേഹം മൂലം അവയെ ഒന്നായി ബന്ധിക്കുകയും ചെയ്യുന്നവനും ദുഷ്ടന്റെ ആധിപത്യത്തെ മായിച്ചുകളഞ്ഞ പത്ഥ്യോപദേശം തന്നിൽ നിന്ന്, താൻമൂലമായി, നമുക്കു സമ്പാദിച്ചുതന്നവനുമായ കർത്തൃസ്വരൂപവും, ദൈവത്തെപ്പോലെ ജീവനുള്ളവനുമായിരിക്കേ ശരീരപ്രകാരം മരത്തിന്മേൽ തൂക്കപ്പെട്ട കർത്താവും വിവേക ശക്തിയുള്ള ഇസ്രായേലിന്റെ പരിശുദ്ധനുമായുള്ളോവേ! ഞങ്ങൾക്കഭിമുഖമായി തൂങ്ങിക്കിടക്കുന്ന നിന്നിൽ ഞങ്ങളുടെ ദൃഷ്ടികൾ പതിയുമാറാകണമേ. കഷ്ടതകളുടെ മദ്ധ്യാഹ്നത്തിൽ ആകെൽക്കറുസാ ഞങ്ങൾക്കെതിരായി പ്രയോഗിക്കുന്ന രാത്രിയിലെ കെണികളിൽനിന്നും പകലിലെ അസ്ത്രങ്ങളിൽനിന്നും ഞങ്ങൾ ഭയപ്പെടുവാനിടയാകരുതേ. നീ ഞങ്ങളുടെ പ്രബലസങ്കേതമാകുന്നുവല്ലോ. നിന്റെ


@FIOK*.MOC.KTYM

വലത്തുകൈ ഞങ്ങളെല്ലാവരിലും ആവസിപ്പിച്ച് നിന്റെ നാമത്തിലുള്ള ഞങ്ങളുടെ ഈ സമ്മേളനത്തെ അനുഗ്രഹിക്കണമേ. നിന്റെ സ്ലീബായെന്ന ശ്രേഷ്ഠമായ അടയാളത്താൽ ഞങ്ങളുടെ ആത്മാക്കളെ കാത്തുരക്ഷിച്ചു കൊള്ളണമേ. ഞങ്ങൾ സദാ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഉചിതമായ സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോ...

(തൂബൈക്ക്ഈഔത്തോ)

താതൻ തന്നേ-കാത്മജനാകും കർത്താവേ!
ധിക്കാരികളിസ്രായേല്യർ - സ്കീപ്പാമേൽ നിന്നെ തൂക്കി
കുന്തമതേറ്റ വിലാവിൽ നി-ന്നൊഴുകി ശോണിതവും നീരും
ഗോഗുൽത്തായിൽ സ്കീപ്പാമേൽ - ജീവനെഴുന്നോരൂറ്റൊഴുകി
വിശ്വാസത്താൽ പതിതന്മാർ - വിഗ്രഹസേവയിൽ നി-ന്നേറി.

ഉന്മാദിനിയാം സീയോൻസുത-ഗോഗുൽത്തായിൽ
ദൈവത്തിൻ സുതനെ തൂക്കി - രോഗങ്ങളെയാറ്റുമ്പോൾ തൻ
തലമേൽ വടിയാൽ താഡിച്ചു - തുപ്പി തിരുവദനത്തിന്മേൽ
നമ്മെ പറുദീസയിലേറ്റാൻ - നമ്മുടെ ദീനകുലത്തിന്നായ്
അടിയും കഷ്ടതയും ദുഷിയും - പരമേറ്റോനായി സ്തോത്രം.
ബാറെക്മോർ. ശുബഹോ....

പാരം ശ്രേഷ്ഠം പാർത്താൽ-തസ്കരവിശ്വാസം
പാണിപദങ്ങളിലാണിയുമായ് - നാഥൻ തരുവിൽ തൂങ്ങുമ്പോൾ
എൻപിഴ പോക്കണമെന്നേവം - പാപവിമോചനമർത്ഥിച്ചാൻ
ശീമോൻ കണ്ടു നിഷേധിച്ചു - യൂഹാനോൻ നിന്നാനകലെ
നിൻവരവതിലോർക്കണമെന്നെ- എന്നേവം മോഷ്ടാ-വാർത്തു.
മെനഓലം....

പുണ്യമെഴുന്നോൻ-കണ്ടീടും തരുവതി ധന്യം
ശ്ലേമൂൻ നൃപനേവം നമ്മൾ-ക്കെഴുതി സൃഷ്ടികളോടോതി
സ്കീപ്പൂസായിൻ തരുവിന്മേൽ - ദൈവസുതൻ തന്നെ വിരിച്ചു
അമ്പൊടണഞ്ഞഖിലം ലിഖിതം - നിറവേറ്റിത്തന്നെ നമ്പും
വിമലസഭയ്ക്കു വിലാപ്പഴുതാൽ- പുണ്യമണച്ചോനേ! സ്തോത്രം.
മൊറിയോ....



@FIOK*.MOC.KTYM

## മാർ അപ്രേമിന്റെ ബോവൂസൊ

നാഥാ! കൃപ ചെയ്തീടണമേ - മഹിതമതാം നിൻ ഹാശായാൽ
നിൻഹാശായിൽ ചേർന്നടിയാർ - നേടണമവകാശം രാജ്യേ.ദേവാ!...

1. മറിയാം തരുസവിധേ ചെന്നു- ഗോഗുൽത്തായിൽ തല താങ്ങി
സങ്കട ദയനീയ ധ്വനിയോ- ടേകാത്മജനെ പ്രതികേണാൾ
തരുവിൽ തൂക്കിയ സുതനെക്ക-ണ്ടതിദുഃഖം കണ്ണീർ ചിന്തി
ഇടറിയ സങ്കടനാദത്തോ-ടെബറായയിലേവം ചൊന്നാൾ
സഖികളുമവളൊപ്പം കേണു-കഷ്ടതയും വ്യഥയും പൂണ്ടു. ദേവാ!..

2. നിലവിളിയൊടു മറിയാം ചൊന്നാൾ- മൂകപ്രകൃതികളിളകുന്നു
മകനേ! നാലതിരും ചുറ്റി- തിരുവധമെന്ന വിരുന്നിന്നായ്.
സകലരെയും ചേർപ്പാൻ നാഥാ!- ഗരുഡത്വമെനിക്കാരേകി?
നിൻകബറേറ്റത്താലിന്നാൾ - കേഴുന്നേൻ മോദിക്കുന്നേൻ
വിഗതസമൂഹത്താൽ ദുഃഖം - രക്ഷിതസഭയാലാനന്ദം.
നിൻകല്ലറ മണവറ തുല്യം- മകനേ! നീയതിൽ മണവാളൻ
മൃതി പൂണ്ടോർ തോഴന്മാരായ് - വാനവരൊപ്പം വാഴുന്നു. ദേവാ!...

3 കേണോതി മറിയാം ശാന്താ - നിന്നോടാർക്കീ വൈരാഗ്യം
ഉന്മാദിനി സീയോൻ നിന്നിൽ - കണ്ടെന്തിഹ നിൻ സ്കീപ്പായ്ക്കായ്
മിസറേമീന്നവളെ വീ≠ു - വൻകടൽ തരണം ചെയ്യിച്ചു.
സൗഖ്യം രോഗാർത്തർക്കേകി - പൂർണ്ണസുഖം വാതാർത്തർക്കും
ക്രൂശകിയിവകൾക്കായ് പകരം - ദുഷിയും ദുഷ്ടതയും നൽകി
പകരം ജാതികൾ മദ്ധ്യേയീ-സംഘത്തെ മഴു ചിതറിക്കും.ദേവാ!...

4. നിന്നെത്തൂക്കിയ നഗരത്തിൽ - ന്യായാധീശൻ വാഴരുതേ
നിൻസ്ലീബായാം വെൺമഴുവാ-ലതു ചുറ്റും ചിതറീടട്ടെ.
നിന്നെ വിധിച്ചൊരു വിധിനിലയേ - വിധിനാഥനിരുന്നീടരുതേ
നീ പിഴയേറ്റൊരു മദ്ബഹായിൽ - പുണ്യമതുണ്ടായീടരുതേ.
നിന്നെ സ്കീപ്പായേൽപ്പിച്ച - വൈദികനേൽക്കരുതാശ്വാസം.
അവനതിവേദന ശാശ്വതമായ്-നരകത്തിൽ പ്രാപിക്കട്ടെ. ദേവാ!...

5. സൃഷ്ടികളേ! വിലപിച്ചിടുവിൻ - തരുവിൽ തൂക്കിയ നാഥന്നായ്
നീക്കുക ദിനകരാ! കതിരുകളെ - നാഥാക്ഷേപം മറവാക്കാൻ.
പാതാളസ്ഥരെ ദർശിപ്പാൻ - നിർമ്മാതാവു ഗമിക്കുന്നോ-


@FIOK*.MOC.KTYM

രിരുളിൽ താണുദയം ചെയ്ക - ജീവദനെന്നവരോതീടും.
നാഥസുതൻ ദുഷിയേൽപ്പതിനാൽ - ഞെട്ടിവിറയ്ക്കുക ഭൂതലമേ!
സീയോൻസുതരാം വൈരികൾതൻ - നിന്ദയെ വീട്ടുക നിൻ വായാൽ
പതിനായിരമായ് നിഹനിച്ച - വാളെങ്ങിഹ മീഖായേലേ! ദേവാ!...

6. എങ്ങിഹ ഗബ്രീയേലേ നിൻ - ജ്വാലാഭീകര വൈരാഗ്യം
സ്കീപ്പാമേൽ നാഥൻ നഗ്നൻ - നിൻ ചിറകെന്തിളകുന്നില്ല.
പെരുന്നാളറ്റൊരു സീയോനെ - പ്രതിമന്ദിരമേ! വിലപിക്ക
റൂഹാ വാതിൽമറ കീറി - നിന്നെ വെടിഞ്ഞിഹ പൊയ്പ്പോയി.
മൂകപ്രകൃതികൾ വാഴ്ത്തീടും - പ്രകൃതിക്കുടയോനേ സ്തോത്രം.
തിരുവുളമായ് ഭൗതികർ കുറ്റം- ചാർത്തിയ നാകപതേ! സ്തോത്രം.
ദേവാ!...

7. വാനവുമാഴവുമേൽക്കുമ്പോൾ- തരുവേറ്റോനേ! തേ സ്തോത്രം
ഭൂസീമകളെ വഹിക്കുമ്പോൾ- കബറിലമർന്നോനേ സ്തോത്രം
നിൻസ്ലീബായാൽ രക്ഷിതരാം - സൃഷ്ടികളിൽ നിന്നും സ്തോത്രം
നിൻപ്രഭയങ്ങു പരന്നതിനാൽ - മൃതലോകം വാഴ്ത്തും നിന്നെ
നിൻ സ്ലീബായാഘോഷത്താൽ - നാലതിരും വാഴ്ത്തും നിന്നെ
ആയിരമൊടു പതിനായിരമായ് - സ്തുതി മഹിമകളേകീടുന്നു.
സ്തുതി! നിൻ പ്രേഷകതാതന്ന് - റൂഹ്ക്കുദിശായ്ക്കു നമസ്കാരം.
ദേവാ!...

നാഥാ! കൃപ ചെയ്തീടണമേ - മഹിതമതാം നിൻഹാശായാൽ
നിൻഹാശായിൽ ചേർന്നടിയാർ - നേടണമവകാശം രാജ്യേ.
ദേവാ!...

## സുമ്മോറൊ

തൻ വസ്ത്രമുരിഞ്ഞു ശപ്തർ
ഭുവനം സംഭ്രമമൊടു മേവി
സെഹിയോൻ തൻ ദുഷ്കൃത്യത്താൽ
വസുധാധാരം ഭ്രമമാണ്ടു.
തൻ ഭാരത്തെ താങ്ങീടാൻ-
ഗോഗുൽത്താ ക്ലേശിച്ചേറ്റം
ഞങ്ങൾക്കായുളവായൊരു നിൻ
വ്യഥയും താഴ്മയുമ-തിധന്യം.



@FIOK*.MOC.KTYM

## വായനകൾ

ആദ്യപുസ്തകം 22 : 1 – 14 പുറപ്പാട് 17 : 8 – 16
ഏശായാ 52 : 18– 53 : 8 1 പത്രോസ് 2 : 19 – 25
ഗലാത്യർ 2 : 21– 3 : 14.

## പെസ്ഗോമൊ

ഹാലേ... ഉ ഹാലേ... എന്നാടകളവർ ഭാഗിച്ചു
എന്നങ്കിക്കായ് ചീട്ടിട്ടു. ഹാലേലൂയ്യാ.

## ഏവൻഗേലിയോൻ

ലൂക്കോസ് 23 : 49 മത്തായി 27 : 55 – 56
മർക്കോസ് 15 : 41 യോഹന്നാൻ 19 : 31 – 37

(ലൂക്കോ. 23: 49) യേശുവിന്റെ പരിചയക്കാരെല്ലാവരും, ദൂരെ നിന്ന് ഇതെല്ലാം നോക്കിക്കൊണ്ടിരുന്നു. (മത്താ. 27: 55–56) ഗലീലായിൽനിന്ന് യേശുവിന്റെ പിന്നാലെ വന്നിരുന്നവരും അവനെ പരിചരിച്ചിരുന്നവരുമായി പല സ്ത്രീകളും ദൂരെയിരുന്നു നോക്കുന്നുണ്ടായിരുന്നു. അവരിൽ ഒരുത്തി മഗ്ദലക്കാരി മറിയാമും (മറ്റവൾ) യാക്കൂബിന്റെയും യൌസിയുടെയും മാതാവായ മറിയാമും പിന്നൊരുത്തി സബ്ദായിപുത്രന്മാരുടെ മാതാവും ആയിരുന്നു. (മർക്കോ. 15: 41) ശോലൂമും ഊർശ്ലേമിലേക്കു അവനോടു കൂടി പോയവരായ മറ്റു പല സ്ത്രീകളും (അക്കൂട്ടത്തിൽ) ഉണ്ടായിരുന്നു. (യൂഹാ. 19: 31–37) അത് വെള്ളിയാഴ്ചയായിരുന്നതുകൊണ്ട് (ശവ)ശരീരങ്ങൾ കുരിശിൽ രാത്രി സ്ഥിതിചെയ്യരുതെന്ന് യീഹൂദന്മാർ പറഞ്ഞു. എന്തെന്നാൽ ശാബത് ആസന്നമായിരുന്നു. ആ ശാബത് മഹാദിനവുമായിരുന്നു. ആകയാൽ അവർ പീലാത്തോസിനോട് ആ കുരിശിൽ തൂക്കപ്പെട്ടവരുടെ മുഴംകാലുകൾ ഒടിച്ചിട്ട് (അതിൽനിന്ന്) ഇറക്കണമെന്നപേക്ഷിച്ചു. അപ്പോൾ പടയാളികൾ ചെന്ന് ആദ്യത്തവന്റെയും, അവനോടുകൂടി കുരിശിൽ തൂക്കപ്പെട്ട മറ്റവന്റെയും മുഴംകാലുകൾ ഒടിച്ചു. യേശുവിന്റെ അടുക്കൽ ചെന്നപ്പോൾ അവൻ മരിച്ചു കഴിഞ്ഞുവെന്ന് കണ്ടിട്ട് മുഴംകാലുകൾ ഒടിച്ചില്ല. എങ്കിലും പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി. ഉടനെതന്നെ രക്തവും വെള്ളവും ഒഴുകി. അതു കണ്ടവനാണ് സാക്ഷ്യം നല്കിയിരിക്കുന്നത്. അവന്റെ സാക്ഷ്യം സത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിന് സത്യം പറഞ്ഞിരിക്കുന്നു എന്ന് അവൻ അറിയുകയും ചെയ്യുന്നു. 'അവന്റെ അസ്ഥി ഒടിക്കപ്പെടുകയില്ല' എന്ന് പറഞ്ഞിട്ടുള്ള തിരുവെഴുത്തിനും– 'അവർ തങ്ങൾ കുത്തിയവനെ നോക്കും' എന്ന് പറഞ്ഞിട്ടുള്ള മറ്റൊരു തിരുവെഴുത്തിനും നിവൃത്തി വരുവാനായിട്ട് ഇവ സംഭവിച്ചു.



@FIOK*.MOC.KTYM

(അനന്തരം താഴെ കാണുന്ന ഗീതം ചൊല്ലികൊണ്ട് പട്ടക്കാരൻ മേശയ്ക്കു ചുറ്റും ധൂപം വീശി വന്ദിച്ച് കുമ്പിടുന്നു. അപ്പോൾ എല്ലാവരും കുമ്പിടുന്നു.)

(സൊഗദീനാൻ)

ആത്മാക്കളെ രക്ഷിച്ചൊരു - നിൻസ്ലീബായെ നമിച്ചെങ്ങൾ
ചോരനൊടൊപ്പം ചൊല്ലുന്നു;
മശിഹാ! ഓർക്കെങ്ങളെ നീ വന്നീടുമ്പോൾ.

## പ്രദക്ഷിണഗീതം

യൗസേപ്പൊടു നിക്കോദീമോസ് - തരുവീന്നും നിന്നെയിറക്കി
പ്രാണൻ ഗൂഢമിരിക്കുമ്പോൾ - മൃതനെപ്പോൽ നിന്നെ ഏന്തി.
അൽവായും മൂറും പൂശി-കേത്താനാപ്പട്ടിൽ ചുറ്റി
പുതിയൊരു കല്ലറയിൽ വച്ചു - ശിലയാൽ വാതിൽ ബന്ധിച്ചു
സൃഷ്ടികളഖിലം നിൻ മൃതിയിൽ - സന്താപത്തൊടു വിലപിച്ചു
സ്വഹിതാൽ മൃതനാമുയിരോലും - നിന്നെ മൃതന്മാർ വന്ദിച്ചു
ഞങ്ങൾക്കായുളവായൊരു നിൻ - വ്യഥയും താഴ്മയുമതിധന്യം.

(കും പൗലൂസ്)

അരിമത്യാനാട്ടിൽ-ധാർമ്മികനായ് വാണ
യൗസേപ്പെന്നോതും - മാനവനേകൻ
മശിഹാതൻ ഗാത്രം - പ്രാപിപ്പാൻ ചെന്നു
പീലാത്തോസോടായ്-അർത്ഥിച്ചേവം
വിധിനാഥാ! നൽക
ഭാഗ്യമഹാനിധിയാം
രക്ഷകഗാത്രത്തെ
സംസ്കാരം ചെയ്യട്ടെ ഞാൻ
അവനെ യൂദന്മാർ-തരുവിന്മേൽ തൂക്കി
ഞാനാമോദിപ്പാൻ-അതിനെ നൽക.

(പ്രദക്ഷിണം കഴിഞ്ഞ് പള്ളിയിൽ പ്രവേശിച്ചാൽ ഉടൻ മദ്ബഹായിലോ ബീമായിലോ നിന്നുകൊണ്ട് സ്ലീബാആഘോഷം നടത്തുന്നു.)



@FIOK*.MOC.KTYM

# സ്ലീബാ ആഘോഷം

## കിഴക്കുവശത്തേക്ക്

പട്ടക്കാരൻ:- ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയെപ്രതി കുരിശിൽ തൂക്കപ്പെട്ട മശിഹാതമ്പുരാനേ! വിശുദ്ധ സ്ലീബാ ഞങ്ങൾക്ക് സമാധാനത്തിന്റെ ലക്ഷ്യവും വിജയത്തിന്റെ പതാകയും രക്ഷയുടെ ആയുധവും ആയിത്തീരുമാറാകണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! അതിന്റെ പാർശ്വങ്ങളിൽ ഞങ്ങളെ സംരക്ഷിച്ച് അതിന്റെ വിജയശക്തിയാൽ ഞങ്ങളെ കാത്തുകൊള്ളണമേ. മോറാൻവാലോ...

### എക്ബൊ

ദോഷികളാൽ നീ കർത്താവേ! - ക്രൂശിന്മേൽ തൂക്കപ്പെട്ടു.
പാണികൾ നീ നീട്ടി പാരിൻ - നാലതിരുകൾ കരഗതമാക്കി.
നാഥനെ നഗ്നം കണ്ടതിനാൽ - ഗഗനത്തിൽ പകലോൻ മങ്ങി,
പകൽ മദ്ധ്യാഹ്നേ നിശയേറി - തന്നധികാരേ നിലകൊ≠ു.
തരുവിൽ തൻധ്വനി ധരയെയും - വാനിനെയും വിറകൊള്ളിച്ചു.
കൃപയാൽ നീ മൃതസമനായി - ഹിതമൊടു നീയുത്ഥിതനായി
ആദാമിനെ എഴുന്നേൽപ്പിച്ച - ങ്ങേദനിലേക്കു തിരിച്ചേറ്റി.
രക്ഷകാ! കരുണാസമ്പന്നാ! - ശ്രേഷ്ഠം നിൻകൃപ ക-ർത്താവേ!

### പെസ്ഗേമൊ:- രക്ഷണപരിചയെനിക്കായ് നീ നൽകി

പറുദീസാ മദ്ധ്യേ നട്ടോ-രേദൻ തന്നിലെ ജീവമരം
ലോകം ജീവഫലം പൂണ്ട - സ്ലീബായുടെ ദൃഷ്ടാന്തം താൻ.
തന്നുടെ പൂജാദിവസത്തിൽ - പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു - നാമും ചേർന്നോതീടേണം.
കുറിയേലായിസോൻ. കുറി.... കുറി....

## പടിഞ്ഞാറുവശത്തേക്ക്

പട്ടക്കാരൻ:- ദൈവമായ കർത്താവേ! നിന്റെ ജയകരമായ സ്ലീബായുടെ മുദ്ര മൂലം നിന്റെ ഇടവകയിലെ ആടുകൾ അഹങ്കാരിയായ ആകെൽക്കറുസായുടെ സകല വശീകരണതന്ത്രങ്ങളിൽനിന്നും ദുരാഗ്രഹികളായ ദുഷ്ടമനുഷ്യരുടെ ദുഷ്ടതകളിൽനിന്നും സംരക്ഷിക്കപ്പെടുവാൻ ഞങ്ങളെ നീ യോഗ്യരാക്കണമേ. ഞങ്ങളെപ്രതി അറുക്കപ്പെട്ട യഥാർത്ഥ ഇടയനായ മശിഹാ! നിനക്കു ഞങ്ങൾ സ്തുതി കരേറ്റുന്നു. ഹോശോ....



@FIOK*.MOC.KTYM

**എക്ബൊ**

**മശിഹാ! നീ ഭൂമദ്ധ്യത്തിൽ**
**ക്രൂശിതനായൊരു വേളയതിൽ**
**ആലയമറ രണ്ടായ് കീറി**
**നിന്നെ കുരിശിൽ ദർശിച്ചി-**
**ട്ടൂഴിയുമഖിലം വിറപൂണ്ടു**
**സംഭ്രമമോടുദ്ഘോഷിച്ചാൾ**
**താതന്മാരുടെ ദൈവം നീ**
**വാഴ്ത്തപ്പെട്ടവനാ-കുന്നു.**

**തൃക്കൈ തുണ ചെയ്തെന്നെ വളർത്തും നിൻശിക്ഷ**

**മൃതിയിൽ നിന്നിസഹാക്കിനെ സം-**
**രക്ഷിച്ചോരജപോതത്തെ**
**സംദാനം ചെയ്തൊരു തരു ഭൂ-**
**സീമകളെ പരിരക്ഷിപ്പാൻ**
**തൂക്കപ്പെട്ടൊരു കുഞ്ഞാടിൻ**
**സ്ലീബാതന്നുടെ ദൃഷ്ടാന്തം**
**തന്നുടെ പൂജാദിവസത്തിൽ**
**പാരും വാനും പുരുമോദാൽ**
**പെരുന്നാൾ ഘോഷിച്ചീടുന്നു**
**നാമും ചേർന്നോതീടേണം.**
**കുറിയേലായി... കുറി... കുറി...**

**വടക്കുവശത്തേക്ക്**

**പട്ടക്കാരൻ:- കർത്താവേ! ബഹുമാന്യവും ജീവദായകവുമായ നിന്റെ സ്ലീബായ്ക്ക് ആത്മാവിലും സത്യത്തിലുമുള്ള യഥാർത്ഥ ആരാധന സമർപ്പിക്കുവാനും നിന്റെ സ്ലീബായുടെ അടയാളത്തിന്റെ മുമ്പിൽ നിർമ്മല മനസ്സാക്ഷിയോടുകൂടെ വെടിപ്പുള്ള സ്തോത്രം മുഴക്കുന്നതിനും ഞങ്ങൾക്കു കൃപ നൽകണമേ. വിശ്വാസപൂർവ്വം അതിനെ ആഘോഷിക്കുന്ന സഭ ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടുകയും അതിന്റെ പ്രജകൾ അപകടങ്ങളിൽനിന്ന് കാക്കപ്പെടുകയും ചെയ്യുമാറാകണമേ. സർവ്വ ലോകത്തിന്റെയും രക്ഷയെപ്രതി കുരിശിൽ തൂക്കപ്പെട്ട മിശിഹാ തമ്പുരാനേ! നിനക്കു സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകണമേ. ഹോശോ....**

### എക്ബൊ

കർത്താവേ നീ ഞങ്ങൾക്കായ് – ഗോഗുൽത്തായിൻ മൗലിയതിൽ
തിരുവുള്ളത്താൽ നിന്ദിതമാം – കുരിശിൽ കഷ്ടത ഭരമേറ്റു
ആർത്തിയെഴും ഭീഷകമൃതിയിൻ – ദംഷ്ട്രയെ നീ നിപതിപ്പിച്ചു.
പാതാളത്തിലകപ്പെട്ടോർ–ക്കേകി ബന്ധനമുക്തിയെ നീ
തന്മൂലം വിജയധ്വനിയോ – ടാത്മീയമതാം ഗാനങ്ങൾ
എന്നിവ സഹിതം തിരുസവിധേ – കൂപ്പിനമിച്ചീടു–ന്നെങ്ങൾ.

### കുത്തിമുറിക്കും ശത്രുക്കളെ നിന്നാൽ ഞങ്ങൾ

യാക്കോബാമജപാലനവൻ – തഴുകി വണങ്ങിയതാം ദണ്ഡം,
മശിഹായാം നമ്മുടെയിടയൻ – മൃതിയെ വണങ്ങി കൊലചെയ്ത്
പാതാളത്തെ ധൂളിച്ച – സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ – പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു – നാമും ചേർന്നോതീടേണം.
കുറിയേലായിസോൻ. കുറി... കുറി....

### തെക്കുവശത്തേക്ക്

പട്ടക്കാരൻ:– കർത്താവേ! നിന്റെ സ്ലീബാ നിന്റെ വിശുദ്ധസഭയ്ക്ക് രക്ഷയുടെ ആയുധവും അജയ്യമായ ഭുജവും ആയിരിക്കണമേ. സഭയോടു ശണ്ഠ കൂടുന്ന സകല ആന്തരികശത്രുക്കളെയും സ്ലീബായാൽ അതു കുത്തിമുറിക്കുമാറാകണമേ. അതിലെ ഇടയന്മാരും ഉപദേഷ്ടാക്കളും ഇതിനാൽ ശ്രേഷ്ഠത പ്രാപിച്ച് വിശുദ്ധാത്മശക്തിയാൽ സന്തോഷിക്കുവാൻ ഇടയാകണമേ. ആചാര്യന്മാരും ശുശ്രൂഷകന്മാരും വെടിപ്പോടുകൂടി ശുശ്രൂഷ ചെയ്യുവാനും രാജാക്കന്മാരും ഭടന്മാരും ശാന്തതയിലും സമാധാനത്തിലും വർത്തിക്കുവാനും സകല വിശ്വാസികളും നന്മകളിൽ സമൃദ്ധിയുള്ളവരായിത്തീരുവാനും സംഗതിയാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ഹോശോ....

### എക്ബൊ

ജളതയെഴും യൂദന്മാരാൽ– ഗോഗുൽത്തായിൽ ക്രൂശിതനായ്
ജീവപ്രദമാം സ്ലീബായാൽ – ഞങ്ങളെ രക്ഷിച്ചോൻ ധന്യൻ
നീയാഗതനായീടുമ്പോൾ – ഞങ്ങളെ ഓർക്കണമെന്നേവം
ചോരനൊടൊന്നിച്ചുദ്ഘോഷി – ച്ചെപ്പോഴും കൂപ്പുന്നടിയാർ.



@FIOK*.MOC.KTYM

## ശത്രുക്കളെ നീക്കി കാത്തെങ്ങളെ നീ

നീതിപരൻ നോഹിൻകാല - ത്തുലകത്തിൽ ജീവിതശിഷ്ടം
സംരക്ഷിച്ചോരാനൗക - നവജീവനസുവിശേഷത്തെ
ലോകത്തിനു പരമരുളിയതാം - സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാദിവസത്തിൽ - പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു - നാമും ചേർന്നോതീ-ടേണം.
കുറിയേലായിസോൻ. കുറി.... കുറി...

## ഹൗദ് മാലാഖേ

### കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊ≠

പട്ടക്കാരൻ:-ദൂതന്മാർ സേ-വിപ്പോനേ! ജനം:- ഈശാ! നീ പരിശുദ്ധൻ.
പട്ടക്കാരൻ:-ക്രോബേന്മാർ വാഴ്ത്തുന്നോനേ! ജനം:- ശക്താ! നീ പരിശുദ്ധൻ
പട്ടക്കാരൻ:-സ്രാപ്പികൾ കാദീ-ശാർപ്പോനേ! ജനം:- മൃതിഹീനാ! നീ പരിശുദ്ധൻ
പട്ടക്കാരൻ:- പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.
ജനം :- ഞങ്ങൾക്കായ് ക്രൂശേറ്റോനേ!-കൃപ ചെയ്യേണം.

### പടിഞ്ഞാറു വശത്തേക്ക്

പട്ടക്കാരൻ:- തീമയർ ഹാലൽ-ചൊൽവോനേ! ജനം:-ഈശാ! നീ പരിശുദ്ധൻ
പട്ടക്കാരൻ:-ആത്മീയർ ശ്ലാ-ഘിപ്പോനേ ജനം:-ശക്താ! നീ പരിശുദ്ധൻ
പട്ടക്കാരൻ:-മണ്മയരാഘോ-ഷിപ്പോനേ! ജനം:-മൃതിഹീനാ! നീ പരിശുദ്ധൻ
പട്ടക്കാരൻ:- വിശ്വാസിനിയാം തിരുസഭതൻ-സുതരർത്ഥിക്കുന്നു.
ജനം :- ഞങ്ങൾക്കായ് ക്രൂശേറ്റോനേ!-കൃപ ചെയ്യേണം.

### വടക്കു വശത്തേക്ക്

പട്ടക്കാരൻ:-മേലുള്ളോർ മാ-നിപ്പോനേ! ജനം:-ഈശാ! നീ പരിശുദ്ധൻ.
പട്ടക്കാരൻ:-മദ്ധ്യമർ കീർത്തിക്കുന്നോനേ! ജനം:-ശക്താ! നീ പരിശുദ്ധൻ.
പട്ടക്കാരൻ:-കീഴുള്ളോർ കൂ-പ്പുന്നോനേ! ജനം:-മൃതിഹീനാ! നീ പരിശുദ്ധൻ
പട്ടക്കാരൻ:-പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു
ജനം:- ഞങ്ങൾക്കായ് ക്രൂശേറ്റോനേ!-കൃപ ചെയ്യേണം.

### തെക്കു വശത്തേക്ക്

പട്ടക്കാരൻ :-നാഥാ! കൃപ ചെയ്തീടേണം
ജനം :- നാഥാ! കൃപ ചെയ്യുക കനിവാൽ
പട്ടക്കാരൻ :-നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെയ്തീടേണം
ജനം:-ദേവേശാ! തേ സ്തോത്രം പട്ടക്കാരൻ :-സ്രഷ്ടാവേ! തേ സ്തോത്രം
ജനം:-പാപികളാം ദാസരിലലിയും മിശിഹാരാജാവേ! സ്തോത്രം.ബാറെക്മോർ
പട്ടക്കാരൻ :-സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.... ഇത്യാദി.



@FIOK*.MOC.KTYM

## കുക്കിലിയോൻ

കബറിലുറങ്ങും ഹതരെപ്പോൽ ഹാലേ.... ഉ ഹാലേ.....
മൃതരുടെ മദ്ധ്യേ-സ്വാ-തന്ത്ര്യസുതൻ.
മൃതി നിഴലും കൂരിരുളുമെഴും ഹാലേ.... ഉ ഹാലേ.....
പടുകുഴിയിൽ ചേർത്താ-നെന്നെ നീ.
മൃതരായോർക്കായ് നീ ചെയ്താശ്ചര്യങ്ങൾ ഹാലേ.... ഉ ഹാലേ.....
വീരന്മാരെഴുന്നേറ്റങ്ങേ-വാഴ്ത്തീടും.
നിൻകൃപയെ കല്ലറവാസികളും ഹാലേ.... ഉ ഹാലേ.....
നിൻവിശ്വാസത്തെ പാഴായോരും-വർണ്ണിക്കും.
ബാറെക്മോർ. ശുബഹോ... മെനഓലം...

## എക്ബൊ

മൃതരുടെ മാതാവാം പാതാളത്തിൽ
രാജതനൂജനിറങ്ങിച്ചെന്നു
ശൂന്യതയെഴുമവളെ നിർമ്മൂലം വീഴ്ത്തി-
ട്ടുൾക്കോട്ടകളെല്ലാം ഭഞ്ജിച്ചു
സത്തമശീലൻ മരണക്കോയ്മയെ നീക്കംചെയ്തു
കോശത്തെയും കൊട്ടാരങ്ങളെയും ശൂന്യമതാക്കി
വന്നേൻ കൽപ്പന ലംഘിച്ചോനാദാമിൻ പേർക്കായ്
എൻസവിധം ചേരുവിനെന്നേവം മൃതരോടോതി
വിശ്വാസികളാം നാമേവരുമേവം മോദത്തോടുദ്ഘോഷിക്കേണം
ആശ്ചര്യങ്ങളെ മൃതരായോർക്കായ് നീ ചെയ്യുന്നു
വീരന്മാരെഴുന്നേറ്റങ്ങേ സ്തുതി ചെയ്തീ-ടും.
സ്തൗമെൻകാലോസ്......

## പ്രുമിയോൻ

തന്റെ മനുഷ്യസ്നേഹം മൂലം പ്രീതി തോന്നി മനസ്സോടെ മരണമനുഭവിച്ച മരണമില്ലാത്ത ഉണർവ്വുള്ളവനും സ്നേഹം മൂലം ഒരു ബലഹീനനെപ്പോലെ കല്ലറയിൽ സ്ഥിതിചെയ്തവനും മരിച്ചവരെ എഴുന്നേൽപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ ഉദ്ധരിക്കുന്നവനും ഒരു ദരിദ്രനെപ്പോലെ യൗസേപ്പും നീക്കോദീമോസും കൂടി കേത്താനാതുണിയിൽ പൊതിഞ്ഞ് സംസ്കരിച്ച ലോകസ്രഷ്ടാവും സംസ്കരിക്കപ്പെടുന്നതിനുവേണ്ടി ന്യായാധിപനോട് ചോദിക്കപ്പെട്ടവനായി കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്ക് അവയുടെ അപേക്ഷ നൽകുന്നവനും ഒരു മൃതശരീരമെന്നപോലെ സംസ്കരിക്കപ്പെടുന്നതിനായി ന്യായാധിപനോടു തന്റെ ശരീരം ചോദിക്കപ്പെട്ടവനും ആയവനു സ്തുതി. തന്റെ കഷ്ടാനുഭവവും മരണവും മൂലം നമ്മെ രക്ഷിച്ചവനെ നാം ഈ നേരത്തിലും.... സ്തോത്രം ചെയ്യണം. ബ്കുലഹൂൻ...

## സെദറാ

യഥാർത്ഥമായ പ്രകാശവും ജീവനും തിരുവിഷ്ടപ്രകാരം മരിച്ച് തന്നെ സംസ്കരിക്കുവാൻവേണ്ടി സ്നേഹിതനായ യൗസേപ്പിനാൽ നിർമ്മിക്കപ്പെട്ടിരുന്ന പുതിയ കല്ലറയിൽ സംസ്കരിക്കപ്പെട്ട മരണമില്ലാത്തവനും ആയ ഞങ്ങളുടെ മിശിഹാതമ്പുരാനേ! ഇപ്പോൾ മഹനീയവും ജീവദായകവുമായ കബറടക്കത്തെ ഞങ്ങൾ സന്തോഷപൂർവ്വം ബഹുമാനിച്ചുകൊ≠ പറയുന്നു: ഈ ജീവപ്രദമായ കബറടക്കം പരേതരെ കല്ലറകൾക്കുള്ളിൽ ആശ്വസിപ്പിച്ചു. ഈ ജീവപ്രദമായ കബറടക്കം പാതാളക്കുഴിയിൽ നിദ്ര കൊണ്ടിരുന്ന പരേതർക്ക് ദുഃഖത്തിൽനിന്ന് ആശ്വാസം നൽകി. ഈ ജീവപ്രദമായ കബറടക്കത്തിന്റെ സ്വീകരണത്തിനായി ഉണങ്ങിയ അസ്ഥികൾ കാത്തിരുന്ന് ജീവൻ നേടി. ഈ ജീവപ്രദമായ കബറടക്കം മരണത്തിനും പിശാചിനും ഭീതിയും പരിഭ്രമവും ഉളവാക്കുകയും ചെയ്തു. ഈ ദൈവികമായ കബറടക്കം പാതാളത്തിന്റെ കോട്ടകളെ നശിപ്പിച്ച് അതിന്റെ ഗോപുരങ്ങളെ തകർത്തു. ഈ ദൈവികമായ കബറടക്കം പ്രതികൂലികളായ അന്ധകാര സൈന്യങ്ങൾക്കു കഷ്ടതയും ദുഃഖവും ഉളവാക്കി. ഈ ദൈവികമായ കബറടക്കം ആദാമിനെയും വിശ്വാസികളുടെ വർഗ്ഗത്തെ ആകമാനവും പ്രഭയും മഹത്ത്വവും ധരിപ്പിച്ചു. ജീവദായകമായ ഈ കബറടക്കം പുണ്യവാന്മാരുടെ വിഭാഗങ്ങൾക്കാകമാനം നവജീവൻ നൽകി. ഈ ജീവദായകമായ കബറടക്കം നന്മ വിതച്ച് പാതാളത്തെ നിരാശ്രയമാക്കി. ഈ ജീവദായകമായ കബറടക്കം ആദാമിനെയും അവന്റെ സർവ്വ സന്താനങ്ങളെയും രാജ്യാവകാശികളാക്കിത്തീർത്തു. ഈ ദൈവികമായ കബറടക്കം സാത്താനെയും സൈന്യങ്ങളെയും ദുഃഖിതരാക്കിത്തീർക്കുകയും അവൻ കീഴ്പ്പെടുത്തിവച്ചിരുന്ന അടിമത്തത്തെ കീഴ്പ്പെടുത്തുകയും ചെയ്തു. ഈ ദൈവികമായ കബറടക്കം ആദാമിനും അവന്റെ സർവ്വ സന്താനങ്ങൾക്കും ധൈര്യവും സന്തോഷവും നേടിക്കൊടുത്തു. പൊടിമണ്ണിൽ കിടന്നിരുന്ന പരേതർ ഈ ശ്രേഷ്ഠമായ കബറടക്കത്താൽ ആനന്ദിച്ച് മഹാസന്തോഷം നേടി. ഈ ദൈവികമായ കബറടക്കം യഥാർത്ഥ വിശ്വാസികൾക്ക് പ്രകാശവും ജീവനും ഉദിപ്പിച്ചു. ഈ ദൈവികമായ കബറടക്കം വംശങ്ങളുടെയും തലമുറകളുടെയും തലവനു യഥാർത്ഥമായ പ്രത്യാശയും ജീവനും പ്രദാനം ചെയ്തു. ഈ ദൈവികമായ കബറടക്കത്തിങ്കൽ ഉന്നതത്തിലെ ഈറേന്മാർ ഇറങ്ങിവന്ന് തങ്ങളുടെ യജമാനന്റെ പുത്രന്റെ കല്ലറയെ ആദരിച്ചു. ആനന്ദകരമായ സൗരഭ്യം പ്രസരിപ്പിക്കുന്ന ഈ ദൈവികമായ കബറടക്കം പൊടിമണ്ണിൽ വീണുകിടന്നിരുന്നവരെ മശി



@FIOK*.MOC.KTYM

ഹായുടെ പാതാളപ്രവേശനം മുഖാന്തരം സന്തോഷിപ്പിച്ചു. ഈ ദൈവിക മായ കബറടക്കം മരിച്ചുപോയവരുടെമേൽ അതിരില്ലാത്ത പ്രകാശം ഉദി പ്പിച്ചു. ഈ ദൈവികമായ കബറടക്കം വിശ്വാസികൾക്കായി വിശുദ്ധിയും നൈർമ്മല്യവും അതിനെ പരിത്യജിച്ചവർക്ക് ആക്ഷേപവും ലജ്ജയും ക്ഷണിച്ചുവരുത്തി. കബറുകൾക്കുള്ളിൽ കിടന്നിരുന്നവർ ഈ ദൈവിക മായ കബറടക്കം മൂലം കരുണയും കൃപയും കണ്ടെത്തി. ഈ ദൈവിക മായ കബറടക്കം സ്വർഗ്ഗീയരുടെയും ഭൗമികരുടെയും ഇടയിൽ സമാ ധാനവും ബഹുലമായ നിരപ്പും ഉളവാക്കി. ഈ ദൈവികമായ കബറ ടക്കം തങ്ങളുടെ അവകാശത്തിൽനിന്ന് തള്ളപ്പെട്ട് ബഹിഷ്കൃതരായിരു ന്നവർക്ക് സ്വർഗ്ഗീയമണവറയുടെ വാതിൽ തുറന്നുകൊടുത്തു. ദൈവമായ കർത്താവേ! ഇപ്പോൾ തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിച്ചതായ ഈ ധൂപം മൂലം നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങളും അപരാധങ്ങളും പരിഹരിക്കണമേ. ഞങ്ങളുടെ സകല നിയമലംഘന ങ്ങളും ക്ഷമിക്കണമേ. നിന്റെ സന്നിധിയിലേക്ക് യാത്രപുറപ്പെട്ടിരിക്കുന്ന ഞങ്ങളുടെ പരേതരെയും വിശ്വാസികളായ സകല പരേതരെയും ആശ്വ സിപ്പിക്കണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ഹോശൊ...

## കോലോ (ലോക്മൊറിയോ കോറേനാൻ)

ജീവമയൻ മൃതലോകം പുക്കുദ്ഘോഷിച്ചാൻ
പുനരുജ്ജീവനമുത്ഥാനം കടമോചനമിവയെ
പാതാളത്തിൻ വാതിൽ തകർത്തോടാമ്പലൊടി-
ച്ചാമൃതിതന്നധികാരത്തൊടു ജയവും മായിച്ച്
മരണത്തെ ജീവിപ്പിച്ചവനേ!
നിദ്രയൊഴി-ച്ചോനേ! നീ ധന്യൻ.
കബറാൽ ജീവൻ തന്നോനേ കൃപയാൽ വാഴ്വരുൾക.
ബാറെക്മോർ. ശുബഹോ... മെനഓലം...

മൃതലോകം പൂകിയ ദാവീദാത്മജനാകും
രാജാവിന്നാൾപ്പേരായ് ദാവീദോതീടുന്നു.
പാതാളത്തിന്നുയിരെത്തി-എന്നുടെയാത്മം
ക്രൂശകരീന്നും ദുഷിയേറ്റൂ-കുഴിയാർന്നോരൊപ്പം
എണ്ണപ്പെ-ട്ടേൻ പാതാളസ്ഥർ-
ക്കുയിരും മോചനവും ഞാൻ നൽകും
ഉയിരാർന്നുയിർ ഞാനേകും ക്രൂശകർ ലജ്ജിതരാകും.മൊറിയോ....


@FIOK*.MOC.KTYM

## മാർ യാക്കോബിന്റെ ബോവൂസാ

**മ്ശീഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ!**
**പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ!...**

**ദാസ്യത്തിൽ രക്ഷകനെപ്പോൽ മൃതസവിധം പൂണ്ടാൻ**
**ഭീയാർന്നു ഭീകരഭൂതം-തൻ ദാസ്യം നീക്കി**
**ബദ്ധന്മാരുടെ തുടലും തളയും പാടേ പോക്കി**
**വീണ്ടീടാൻ വന്നൊരു രക്ഷകനെയവർ വന്ദിച്ചു ദേവാ!...**

**പാതാളത്തിൻ നിലയേ മരുവും വാങ്ങിപ്പോയോർ**
**കൊണ്ടർപ്പിച്ചാർ നതി മഹിമകൾതൻ മകുടങ്ങൾ താൻ**
**ആദ്യം ഹതനാം ഹാബേൽ തൻമുമ്പിൽ കുമ്പിട്ടു**
**വർഗ്ഗങ്ങൾക്കെല്ലാം തലയായോരാദാം താനും. ദേവാ!..**

**നോഹിൻവീടും സുന്ദരശേത്തൊത്തബറാഹാമും**
**രക്ഷിപ്പാൻ വന്നോരുയിരോനെ മോദാൽ കൂപ്പി**
**നീതിജ്ഞന്മാർ പിതൃതതി ജാതിത്തലവന്മാരും**
**ആചാര്യന്മാർ നൃപരും വന്നാമോദാൽ കൂപ്പി. ദേവാ!...**

**മോശാനിബിയും നിബിസഞ്ചയമങ്ങഹരോൻതാനും**
**ലേവ്യന്മാരും പട്ടക്കാരും തന്നെ-കൂപ്പി**
**വാഞ്ഛിച്ചാർ നെടുനാളായ് തന്നെ ദർശിച്ചീടാൻ**
**ദർശിച്ചപ്പോൾ നതിയും സ്തുതിയും പകരം നൽകി. ദേവാ!...**

**സ്തോത്രം താതാ! മൃതലോകേ സുതനെ വിട്ടോനേ!**
**തൽഗേഹം പൂണ്ടൊരു സുതനെ വന്ദിച്ചീടുന്നു**
**ആശ്വാസകനാം ജീവപ്രദനേ! റൂഹാ സ്തോത്രം**
**കബറീന്നും പറുദീസായിൽ ചേർപ്പോനേ! സ്തുതി തേ. ദേവാ!...**

**നാഥാ! ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു**
**മാനോർ വാനോർ നിൻ താഴ്മയിലതിവിസ്മയമാർന്നു. ദേവാ!...**

**(തുടർന്നു മാലാഖമാരുടെ സ്തുതിപ്പും ദൈവമേ! നീ പരിശുദ്ധനാകുന്നു എന്നുള്ള കൗമായും സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! എന്നുള്ളതും വിശ്വാസപ്രമാണവും ചൊല്ലിയ ശേഷം കുക്കിലിയോനു പകരം താഴെ കാണുന്ന കൗമാ ചൊല്ലണം.)**



@FIOK*.MOC.KTYM

**കൗമാ**

**(മ്ശീഹൊ ദബ്മൗത്തൊ)**

**മൃതിയാലടിയാരുടെ മൃതി പോക്കിയ മിശിഹാ!**
**മൃതരായോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും.**
**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും മാനം താതന്നും...**

പട്ടക്കാരൻ :- സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...



@FIOK*.MOC.KTYM